ശിരിദീപം



Vol-2 No.11 MAY 1963 13nP.

വി. കൊച്ചുത്രേസ്യായുടെ ചിന്തകൾ

മെയ്മാസം

1. ഓ മറിയമെ. ഞാൻ സ്വർഗ്ഗറാണിയും നീ ത്രേസ്യായുമായിരുന്നെങ്കിൽ നിന്നെ കാണുവാനായി ഞാൻ ത്രേസ്യാ ആകുമായിരുന്നു.
2. സ്നേഹം ഒന്നുമാത്രം മതി പരിപൂർണ്ണത പ്രാപിക്കുവാൻ.
3. ഈശോയിക്കു വേണ്ടി പാടുപെട്ടു മരിക്കുവാൻ നാം അതിയായി ആഗ്രഹിക്കണം.
4. ഈശോയോടു സംയോജിക്കുന്നതിനു സകലതും ഉപേക്ഷിച്ചുകൊണ്ടു മുൻപേ ആഗമിക്കണം.
5. പ്രകൃതിയുടെ സന്തോഷങ്ങളെ ത്യജിക്കുന്നതോതനുസരിച്ചു ഒരുവൻ നിസ്വാർത്ഥനായി സ്നേഹത്തിൽ വർദ്ധിക്കും.
6. മറ്റുള്ളവരുടെ ദുഷ്ടിയിൽ പെടാതെ സഹിക്കുന്ന അളവനുസരിച്ചു സ്വർഗ്ഗീയമഹിമ വർദ്ധിക്കും.
7. അനുകൂല സാഹചര്യങ്ങളിൽ വേണ്ടുന്നവയും കയും സഹവാസികൾക്കു നിസ്സാര സഹായങ്ങൾ ചെയ്തു കൊടുത്തും ആശകളെ നിഗ്രഹിക്കുക.
8. വി. കൊച്ചുത്രേസ്യായുടെ പ്രഥമ ദിവ്യകാരുണ്യം 1884. ഈശോയുടെ ആദ്യആലിംഗനം മധുരസംപൂർണ്ണവും സ്നേഹ സംപൂർണ്ണവുമായിരുന്നു.
9. സ്വയനിഗ്രഹത്തിന്റെ അവസരം നഷ്ടപ്പെട്ടാൽ അധൈര്യപ്പെടാതെ മേലിൽ സൂക്ഷിച്ചു വീക്ഷിച്ചു വർത്തിക്കുവാൻ ശ്രമിക്കുക.
10. പ. കന്യകമറിയത്തിന്റെ പുഞ്ചിരി (1883) ഒരു വൈദീകൻ പ. മറിയത്തെ പാടി സ്തുതിക്കുന്നും. എനിക്കതു സാദ്ധ്യമല്ല.
11. അനുസരിക്കുന്നതിനനുസരിച്ചു നമ്മുടെ ബലി പൂർത്തിയാക്കപ്പെടുന്നു.
12. ഈശോ നമ്മെ സ്നേഹിക്കുന്നതുപോലെ നാം അവിടുത്തെ സ്നേഹിക്കണമെങ്കിൽ ഈശോയുടെ സ്നേഹം നാം കടം വാങ്ങിക്കണം.
13. സ്നേഹശാസ്ത്രം അഭ്യസിക്കേണ്ട ഒന്നാണു്. എത്ര മാത്രം കൊടുത്താലും അതു് നിസ്സാരമെന്നു് ഈശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു.
14. നമ്മുടെ ബലഹീനത നമ്മെ അസഹ്യപ്പെടുത്തരുതു്. പ്രത്യുത പുതിയതു് കാണുമ്പോൾ മിശിഹായിൽ ശരണം പ്രാപിക്കണം.
15. ഏതു ശ്രുപവും സ്വീകരിക്കുന്നതിനൊരുങ്ങിയിരിക്കുന്ന മെഴുകുപോലെയത്രെ നിർമ്മല ആത്മാക്കളും.
16. ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു. ഹൃദയത്തെ സ്നേഹത്താൽ കത്തിക്കുന്നായി ഈ ചെറുജപം ഉപകരിക്കുന്നു.
17. ഭാവിയെപ്പറ്റി ചിന്തിച്ചു് ആകുലപ്പെടുന്നവർ ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ ഇടപെടുന്നു.
18. പാപികളുടെ നിന്ദനങ്ങൾക്കു പരിഹാരം ചെയ്യുക പാപഹേതുക്കളിൽ നിന്നും രക്ഷപ്പെടുന്നതിനനുഗ്രഹം യാചിക്കുകയും ചെയ്യുക.
19. ദൈവഹിതം നിറവേറാനല്ലാതെ മറ്റൊന്നും നാം പ്രാർത്ഥിക്കരുതു്.
20. സ്നേഹം ആഗ്രഹിക്കുന്നവർ പാടുപെടാനും മരിക്കാനും ആഗ്രഹിക്കുകയില്ല.
21. നമ്മുടെ ബലഹീനത മൂലം ഉളവാകുന്ന പ്രമാദങ്ങളെ ഈശോ ക്ഷമിക്കും. സംശയിക്കേണ്ട.

ഫോൺ: 41

ഗിരിദീപം

1963 മെയ്

ഒറ്റപ്രതി 13 നപ. | വാർഷികവരിസംഖ്യ 1ക. 50നപ.

വിഷയവിവരം

പൊതുക്കാര്യങ്ങളിലേയ്ക്കു് ... 3
ഔദ്യോഗികഭാഷാബില്ലും ദക്ഷിണേന്ത്യാക്കാരും ... 4
കുട്ടികൾക്കു് വന്ദ്യപിതാവിന്റെ കത്തു് ... 5
അമ്മച്ചി (ജി. സി ടീലാർ) ... 7
വിശുദ്ധ ദിനാചരണം. (റവ. ഫാ. തോമസ് മൂത്തേടൻ M.A.;D.Y.) ... 8
ആദ്യത്തെ തെറ്റ് (വഞ്ചിക്കൽ പ്രഭാകരൻ തിരുവാപ്പ്) 10
ഇടവകസംഘടനകൾ (ജെ. നെച്ചിക്കാട്ടു്) ... 11
മണ്ണിൻമകൻ (കവിത) (ബ്രദർ സി. കെ. മാത്യു, കണ്ണോത്തു്) 13
മുതലാളിയും തൊഴിലാളിയും (ജെ. മൂലേക്കുടി, വാഴക്കുളം) 14
അങ്ങോട്ടു കയറേണ്ട അതെന്തെന്താണു് (ചെറുകഥ) (കുറവിലങ്ങാട്ട ജോസഫ്) 15
വിദ്യാർത്ഥികൾക്കു പണിയെടുത്തു പണമുണ്ടാക്കി പഠിപ്പുനടത്താൻ സൗകര്യം നല്കുന്ന വിദ്യാലയങ്ങൾ 19
മലമുകളിലെ പ്രാർത്ഥനാപരിപാടികൾ (ലിയോ അച്ചൻ) ... 20
വയനാടിന്റെ ആദ്യപുത്രി–പയ്യംപള്ളി (ജെ. പി. എം.) 23

പരസ്യനിരക്കു്

കവർപേജു് പുറം 50ക.
കവർപേജു് അകം 40ക.
ഉൾപേജു് 30ക.
ഏറ്റവും കുറഞ്ഞതു് 5ക.

കൂടുതൽ വിവരങ്ങൾക്കു്
മാനേജർ
ഗിരിദീപം, മാനന്തവാടി P. O.

മുഖചിത്രം:

വന്ദ്യ മെത്രാനച്ചൻ പയ്യംപള്ളിയിൽ

പത്രാധിപർ: ഫാദർ ജി. കഴിക്കച്ചാലിൽ

GIRI DEEPAM

ദൈവത്തിനും രാജ്യത്തിനുംവേണ്ടി

പുസ്തകം 2] 1963 മെയ് [ലക്കം 11

DHARMARAM COLLEGE LIBRARY 19542 BANGALORE.

പൊതുക്കായ്ങ്ങളിലേക്ക്

"നിങ്ങൾ പൊതുക്കാര്യങ്ങളിൽ പങ്കെടുത്താൽ പൊതുക്കാര്യങ്ങൾ നിങ്ങളുടെ ആദർശങ്ങൾക്കൊത്തു നീങ്ങും. നിങ്ങൾ പൊതുക്കാര്യങ്ങളിൽനിന്നുമാറി നിന്നാൽ മറ്റുള്ളവരുടെ ആദർശങ്ങൾക്കൊത്തു പൊതുക്കാര്യങ്ങൾ തിരിയും; നിങ്ങളും അതിനടിപ്പെട്ടുപോകും." സുപ്രസിദ്ധ സാമൂഹികപരിഷ്കർത്താവായ ഫാദർ ജയിംസ് കെല്ലറിന്റെ ഈ ആശയം, മലമേട്ടുകളിൽ പണിയെടുക്കുന്ന നമ്മുടെ സഹോദരങ്ങൾക്കും ചിന്താവിഷയമാകണം. ഈ രാജ്യത്തു് മറ്റാരേയുംകാൾ മഹത്തായ സേവനം നിശ്ശബ്ദമായി അനുഷ്ഠിക്കുന്നവരാണ് ഇവിടത്തെ കഷ്കർ നമ്മുടെ കാലൊച്ചയും കൈയുടെ തഴമ്പുമാണ് ഇന്നീ മലബാറിന്റെതന്നെ മുഖഭാവം മാറ്റിയതു്. നമ്മുടെ ഈ കഴിവു് ജീവിതത്തിന്റേയും രാജ്യത്തിന്റേയും മറെറല്ലാ രംഗങ്ങളിലേക്കും വ്യാപിപ്പിക്കണം. മണ്ണിനെ മാത്രമല്ല മനുഷ്യനേയും നന്നാക്കി ദൈവത്തിനും രാജ്യത്തിനും വേണ്ടി കനകഫലം പുറപ്പെടുവിക്കാനുള്ള ആശയാദർശങ്ങളുള്ളവരാണ നാം. "സത്യത്തിന്റെ സാക്ഷികളായി" പ്രവർത്തിക്കുവാൻ കടമയും നമുക്കുണ്ട്. മണ്ണിന്റെ മക്കൾ എന്നുപറഞ്ഞു് അഭിമാനംകൊള്ളുന്ന നാം സ്വന്തംകാര്യം മാത്രം നോക്കി വെറും കൃഴിയാനകളായി നിന്നാൽ ഭാവിലോകം നമ്മെ വെറും മണ്ണുമാന്തികളായി എണ്ണിയേക്കും. മറുള്ളവരുടെ ഏതു നിയമവും ചിലപ്പോൾ കൊള്ളരുതായ്മയും സഹിക്കേണ്ടിവരും. അതിനാൽ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ എല്ലാ നല്ല പൊതുക്കാര്യങ്ങളിലും നാം സജീവമായി പങ്കുകൊള്ളുകയും സത്യത്തിനും നീതിക്കും വേണ്ടി മഹനീയാദർശങ്ങൾ അതതു മണ്ഡലങ്ങളിൽ പ്രകാശിപ്പിക്കുകയും ചെയ്യണം. ദേശസേവനം ഒരു സാമൂഹ്യപുണ്യമാണ്.

എന്നാൽ പലപ്പോഴും ഇക്കാര്യത്തിൽ ഒരു തകരാറുപററാറുണ്ട്. പൊതുക്കാര്യത്തിൽ ഇറങ്ങുന്ന ചിലർ ഒടുവിൽ സ്വന്തം വീട്ടുകാക്കും നാട്ടുകാക്കും ഒരു ഭാരമായിത്തീരുന്നു. ചിലർ ഒരു ചെറിയ നാടകം നടത്താൻ കൂടിയാൽ മതി, ഒരു വായനശാലയിൽ അംഗമായാൽ മതി, ചീത്തപ്പേരുമായിട്ടേ തിരിച്ചുവരികയുള്ളൂ. അങ്ങനെ സംഭവിക്കുന്നതു പൊതുക്കാര്യം തെറ്റായിട്ടല്ല ആ വ്യക്തി തെറ്റിപ്പോയിട്ടാണ്. വീട്ടിൽകൊള്ളുന്നവനേ നാട്ടിലും കൊള്ളുകയുള്ളൂ. ആത്മനിയന്ത്രണം പൊതുക്കാര്യപ്രവർത്തനത്തിനു് അവശ്യാവശ്യകമാണ്. ബലവത്തായ ഒരു ആദർശസംഹിതയിൽ ഉറച്ചുനില്ക്കണം. അതിനുള്ള ശക്തി പരമസത്യമായ ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ചാലേ ലഭിക്കുകയുള്ളൂ. ആത്മീയവും അവനവന്റെ ജീവിതാവസ്ഥയുടെ മൗലികവുമായ കടമകൾ അന്യൂനം നിർവഹിച്ചുകൊണ്ടുവേണം പൊതുക്കാര്യങ്ങളിൽ പ്രവേശിക്കുക. അപ്പോൾ തകരാറൊന്നും സംഭവിക്കുകയില്ല.

മനുഷ്യപുരോഗതിയുടെ എല്ലാ രംഗങ്ങളിലും അവതരിപ്പിക്കാൻ അനുയോജ്യമായ സന്ദേശം ഉള്ള നാം നമ്മുടെ ചെറുതും വലുതുമായ കഴിവുകളുമായി മുമ്പോട്ടവരണം. ഒന്നാംനൂറാണ്ടുമുതൽ ഇന്നുവരെയുള്ള ലോകചരിത്രം നമുക്കു പിൻബലമായിയുണ്ട്. ആദ്യനൂറ്റാണ്ടിലെ ക്രിസ്ത്യാനികൾപോലും അതികഠോരമായ പ്രതിബന്ധങ്ങളെ അതിജീവിച്ചു് റോമാസാമ്രാജ്യത്തിനുള്ളിൽ അസൂയാർഹമായ നേട്ടം കൈവരിച്ചതിനെക്കുറിച്ചു് ചരിത്രകാരനായ തെർത്തുല്യൻ പറയുന്നു:

"ഞങ്ങൾ ഇന്നലെ ഉണ്ടായവരാണു്. എങ്കിലും നിങ്ങളുടെ സ്ഥാപനങ്ങളിലെല്ലാം ഞങ്ങൾ തള്ളിക്കയറിയിരിക്കുന്നു. നിങ്ങളുടെ ഗ്രാമങ്ങളിലും ദ്വീപുകളിലും നഗരങ്ങളിലും നിങ്ങളുടെ പട്ടണങ്ങളിലും നിങ്ങളുടെ സമാജങ്ങളിലും നിങ്ങളുടെ സൈന്യത്തിലും നിങ്ങളുടെ നിയമസഭാമന്ദിരങ്ങളിലും കൊട്ടാരങ്ങളിലും നീതിന്യായപീഠങ്ങളിലുമെല്ലാം ഞങ്ങൾ തിങ്ങിക്കൂടിയിരിക്കുന്നു." അന്നു് ഇതു സാധിച്ചെങ്കിൽ ഇന്നു് ഈ ജനാധിപത്യയുഗത്തിൽ ഇതു നിഷ്പ്രയാസമാണു്. നാമിങ്ങനെ ചെയ്യുന്നതു് മറ്റാരെയെങ്കിലും തട്ടിതാഴെയിടാനോ നമുക്കെന്തെങ്കിലും സ്വാർത്ഥപരമായ നേട്ടങ്ങൾ ഉണ്ടാക്കനോഅല്ല-നമുടേയും നാടിന്റേയും സത്യത്തിന്റേയും വളർച്ചയ്ക്കുവേണ്ടിയാണു്. നമ്മുടെ ആ പ്രവർത്തനം പ്രത്യക്ഷമോ പരോക്ഷമോ ആവാം. ഏതായാലും നിസ്വാർത്ഥമായ നമ്മുടെ കരങ്ങൾ എല്ലാ നല്ല പൊതുക്കായ്ങ്ങളിലും ഉണ്ടായിരിക്കണം. ആ പ്രസ്ഥാനം എത്ര നിസ്സാരമൊ ഗൗരവമൊ ആയിക്കൊള്ളട്ടെ –ഒരു വായനശാലയൊ റോഡുരവട്ടൊ പ്രാദേശിക വികസനപരിപാടിയൊ സഹകരണബാങ്കൊ പഞ്ചായത്തു പ്രവർത്തനമൊ പൊതുതിരഞ്ഞെടുപ്പൊ എന്തുമാവട്ടെ– അതിൽ നാം നല്ലനന സഹകരണത്തിന്റെ വൈശിഷ്ട്യം കൊണ്ടു്, നമ്മുടെ അസ്തിത്വം ആ ഓരോ പ്രസ്ഥാനത്തിലും വ്യക്തമാക്കണം. അല്ലാതെ വെറുതെ കൈയും കെട്ടിയിരുന്നുകൊണ്ടു്, ആ സംഘടന അവഗണിച്ചു, ആ പാർട്ടി തെറ്റിപ്പോകുന്നു, ആ നിയമം ഉപദ്രവിക്കുന്നു എന്നെല്ലാം പരാതിപറഞ്ഞതുകൊണ്ടു് വിശേഷമില്ല. രംഗത്തേക്കു കടന്നുചെന്നു് സത്യത്തിന്റെ വഴി തുറക്കുവാൻ യത്നിക്കുക. കുറുങ്ങിയൊരു കാലം കൊണ്ടു് നിങ്ങളുടെ സ്വരവും ആദർശവും വ്യക്തിത്വവും മാനിക്കപ്പെട്ടും. പത്തിരുപതു കൊല്ലംകൊണ്ടു് മലബാറിലും കിഴക്കൻമലയോരങ്ങളിലും അത്ഭുതകരമായ പരിവർത്തനം വരുത്തിയ കഷ്കമക്കൾ, കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നവോത്ഥാനത്തിനും തങ്ങളുടേതായ സംഭാവനയുമായി മുമ്പോട്ടവരണം. തൂമ്പ പിടിക്കുന്ന കരങ്ങൾ നാടു ഭരിക്കാനും ശക്തമാണെന്നു കാണിക്കുക.

ഇന്ത്യയും ഹിന്ദിയും

ദക്ഷിണേന്ത്യൻപത്രങ്ങളിൽ അടുത്ത കാലത്തു് വളരെയധികം ഒച്ചപ്പാടുണ്ടാക്കിയ ഭാഷാബില്ലിനെപ്പറ്റി കേരളത്തിലെ പത്രമാസികകളും പ്രസംഗവേദികളും മൗനം ദീക്ഷിച്ചിരിക്കുന്നതു് വളരെ വിചിത്രമായിരിക്കുന്നു. തെക്കെഇന്ത്യാക്കാരെ പൊതുവിലും ക്രൈസ്തവരുടെ ആചാരത്തേയും, സംസ്കാരത്തേയും പ്രത്യേകമായും സ്പർശിക്കുന്ന ഈ ഭാഷാപ്രശ്നത്തെപ്പറ്റി പണ്ഡിതരും സാഹിത്യപ്രേമികളും അവരുടെ അഭിപ്രായം രേഖപ്പെടുത്തുന്നതു് നന്നായിരിക്കും. അനാവശ്യകാര്യങ്ങളിൽ ഒച്ചപ്പാടുണ്ടാക്കുന്ന കേരളത്തിലെ പേരുകേട്ട സാഹിത്യകാരന്മാർ എന്തുകൊണ്ടു് ഇതിനെപ്പറ്റി ഒന്നും എഴുതിക്കാണുന്നില്ല!

ആഭ്യന്തരമന്ത്രി ശ്രീ. ലാൽ ബഹദൂർശാസ്ത്രി ലോകസഭയിലവതരിപ്പിച്ച ഭാഷാബിൽ ഇൻഡ്യൻ സംസ്കാരത്തേയും മതസഹിഷ്ണുതയേയും പരോക്ഷമായി വിദൂരഭാവിയിൽ ബാധിച്ചേക്കും. ഹിന്ദിയെ പ്രോത്സാഹിപ്പിക്കുവാൻ ഇംഗ്ലീഷിനെ സംഹരിക്കണൊ? ഇക്കഴിഞ്ഞ ദിവസങ്ങളിൽ പാർലമെന്റിൽ നടന്ന വാദകോലാഹലങ്ങൾ സുവിദിതങ്ങളാണല്ലൊ. പത്തു വർഷത്തേയ്ക്കുകൂടി ഇംഗ്ലീഷിന്റെ കാലാവധി നീട്ടിയിട്ടുണ്ടെങ്കിലും അതിനെ സഹഭാഷാസ്ഥാനത്തുനിന്നും ആട്ടിപ്പായിച്ചു് ഹിന്ദിക്കു് പ്രാധാന്യം നൽകിയിരിക്കുകയാണു്. ഭാഷാബില്ലിൽ ഔദ്യോഗികാവശ്യങ്ങൾക്കു് ഇംഗ്ലീഷും ഉപയോഗിക്കാമെന്നല്ലാതെ ഇംഗ്ലീഷുതന്നെ ഉപയോഗിക്കണമെന്നു പ്രസ്താവിച്ചിട്ടില്ല. ഇന്ത്യ ഹിന്ദുവിനു് എന്നപോലെ ഇൻഡ്യൻ ഭാഷയും ഹിന്ദിയായിരിക്കണമെന്നാണൊ വടക്കുള്ള ഇക്കൂട്ടരുടെ വാദം? എങ്കിൽ എല്ലാം ഹിന്ദുമയമാക്കാനുള്ള വടക്കരുടെ ഈ വെപ്രാളവും, ഭാഷാപരമായ ഈ ചേരിതിരിവും, തീരാത്ത അമർഷത്തിലും അസ്വസ്ഥതയിലുമെ അവസാനിക്കൂ. വടക്കു് പ്രചാരത്തിലിരിക്കുന്ന ഈ ഭാഷ ഇൻഡ്യയുടെ പൊതു ഭാഷയായിരിക്കണമെന്നു് വാദിക്കുന്നതിൽ വലിയ കഴമ്പില്ല. പബ്ലിക്കു് സർവീസു് പരീക്ഷപോലുള്ള അത്യാവശ്യകാര്യങ്ങൾ ഹിന്ദിയിലും നടത്താമെന്നുവന്നാൽ ഹിന്ദി മാതൃഭാഷയല്ലാത്തവരെ അതു് വളരെ ബുദ്ധിമുട്ടിച്ചേക്കും. ഇതു് ശരിക്കു് മനസ്സിലാക്കിയാണു് "തുടരാം എന്നതിനു പകരം "തുടരും" എന്നാകണമെന്നു് തെക്കെ ഇൻഡ്യാക്കാരായ എം. പി. മാർ പാർലിമെന്റിൽ വാദിച്ചതു്. പ്രധാനമന്ത്രിയുടെ സുദീർഘമായ പ്രസംഗം പ്രശ്നത്തെ സങ്കീർണ്ണമാക്കുക മാത്രമാണു് ചെയ്തതു്. ആംഗലേയമായ എന്തിനേയും വെറുക്കുന്ന ഇക്കൂട്ടർ ഇംഗ്ലീഷു് ഭരണഘടന, നിയമസംഹിത, ശാസ്ത്രീയനേട്ടങ്ങൾ, സദാചാര സാമൂഹ്യവ്യവസ്ഥിതികൾ തുടങ്ങിയവയെ എന്തിനനുകരിക്കുന്നു? ലോകസഭയിലവതരിപ്പിച്ചു് പാസ്സാക്കിയ ഭാഷാബിൽ വടക്കും തെക്കുമായിട്ടുള്ള ദൂരത്തെ വർദ്ധിപ്പിക്കുന്നതൊപ്പം മതപരവും സാമുദായികവുമായ ചില സ്വാതന്ത്ര്യങ്ങളെ കൂടി അവമതിക്കുകയില്ലെ? ഇംഗ്ലീഷു സാഹിത്യത്തിന്റെ ആശയസമൃഷ്ടിയെ ഇന്നും നാം വിലമതിക്കുന്നു. മാനസീകവികസനത്തിനുപോലും ആംഗലേയഭാഷ അതിനേറെയായ സേവനം ഭാരതീയനു നൽകുന്നുണ്ടു്.

ആശയവിനിമയതടസ്സംകൊണ്ടു് അന്തരാഷ്ട്രീയരംഗത്തു് ഹിന്ദി നമ്മുടെ കരങ്ങളെ ബന്ധിക്കും. ഇൻഡ്യയിൽനിന്നു് നയതന്ത്രപ്രതിനിധികളെ ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള രാഷ്ട്രങ്ങളിലേക്കു് അയക്കുന്നു. ഹിന്ദിമാത്രം ജ്ഞാനമുള്ള ഒരു ഇൻഡ്യാക്കാരൻ അയാളെത്ര സമർത്ഥനായാലും അന്തരാഷ്ട്രീയരംഗത്തു് എന്താണു് നേടുക. ഇൻഡ്യൻ മണ്ണിൽ നിന്നും ഇംഗ്ലീഷു് തിരോധാനം ചെയ്യുകഴിഞ്ഞാൽ നമ്മുടെ വിദ്യാലയങ്ങളിൽ ഇംഗ്ലീഷു പഠിപ്പിക്കാത്ത ഒരു കാലം വരുന്നെങ്കിൽ പാശ്ചാത്യരാജ്യങ്ങളിൽ ഒരിന്ത്യാക്കാരൻ എങ്ങനെ നയതന്ത്രപ്രതിനിധിയായി ശോഭിക്കും? ഹിന്ദിക്കുവേണ്ടി വാദിക്കുന്ന വടക്കരുണ്ടോ ഭാരതത്തിന്റെ അന്തരാഷ്ട്രീയബന്ധത്തെ മാനിക്കുന്നു. ദക്ഷിണേന്ത്യക്കാരുടെ ഏക ആശാനികേതനമായ ശ്രീ. ജവഹർലാൽജി കൂടി ഈ ഭാഷാപ്രശ്നത്തിൽ ഒരുറച്ച നിലപാടു് സ്വീകരിക്കാത്തതു് ഖേദകരമാണു്. എല്ലാ രംഗത്തും ദക്ഷിണേന്ത്യക്കാരനെ അവഗണിക്കുന്ന കേന്ദ്രം ഭാഷാപ്രശ്നംവഴി തെക്കുള്ളവരെ നിർദ്ദയമായി തള്ളിപ്പറയുന്നു. ചൈനീസാക്രമണത്തോടുകൂടി മിക്ക പാശ്ചാത്യരാജ്യങ്ങളും ഇന്ത്യയുടെ മിത്രങ്ങളായി സേവനോത്സുകരായി വർത്തിക്കുന്നവരാണു്. അവരെയെല്ലാം കോർത്തിണക്കുന്ന ഇംഗ്ലീഷ്ഭാഷകൂടി ഭാവിയിൽ നമുക്കു നഷ്ടപ്പെടുന്നതു് ഒരു തീരാനഷ്ടമായിരിക്കും.

ഒരു ഹൈന്ദവനു് പ്രത്യേകിച്ചു ഒരു വടക്കെ ഇന്ത്യാക്കാരനു് പാശ്ചാത്യലോകവുമായി ബന്ധപ്പെടാതെ ജീവിക്കാമായിരിക്കാം. എന്നാൽ ക്രൈസ്തവർക്കാകട്ടെ പാശ്ചാത്യരാജ്യങ്ങളുമായി അഭേദ്യമായ ബന്ധം നിലനില്പുണ്ടു്. അവരുമായുള്ള സുഹൃൽബന്ധം ആരുടേയും സ്വരാജ്യസ്നേഹത്തെ ബലികഴിക്കുന്നില്ല. മതപരമായും സാഹിത്യപരമായും സാമ്പത്തികമായും ക്രൈസ്തവർ പാശ്ചാത്യരാജ്യങ്ങളോടു ബന്ധപ്പെട്ടവരാണു്, ഭാഷാപരമായികൂടി ഭാവി തലമുറയെ തെക്കിതെരുക്കാമെന്നതിൽകവിഞ്ഞു് ഈ ഹിന്ദിപ്രേമികൾ ഒന്നും ഇചരിക്കുന്നുണ്ടാവില്ല.

ഏതാനും വഷ്ങ്ങൾക്കുമുമ്പു് ന്യൂഡൽഹിയിലെ ആഡിറ്റർ ജനറലിന്റെ ഓഫീസ്കെട്ടിടത്തിന്റെ കല്ലിടുവാൻ മുൻപ്രസിഡന്റു് രാജേന്ദ്രപ്രസാദിനെ ക്ഷണിച്ചു. ആ ശുഭാവസരത്തിൽ മാർബിൾസ്ലാബിൽ ഏതാനും അക്ഷരങ്ങൾകൂടി കൊത്തുവാനുള്ള നിർദ്ദേശവും വന്നു. ചില ഹിന്ദിപ്രേമികൾ ഹിന്ദിയിൽത

(ശേഷം 6-ാം പേജിൽ)

കുട്ടികൾക്കു വന്ദ്യപിതാവിന്റെ കത്ത്



വാത്സല്യ കുഞ്ഞുങ്ങളേ,

മേയ്മാസം അടുത്തുവരുകയാണല്ലൊ. നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള മാസം. പരീക്ഷകളെല്ലാം കഴിഞ്ഞു് നിങ്ങൾ വിശ്രമസുഖം അനുഭവിക്കുന്ന സമയം. ഏപ്രിൽമാസത്തിലെ വേനലിന്റെ ചൂടും, പരീക്ഷയുടെ ചൂടും കഴിഞ്ഞു്, പുതുമഴയും പെയ്തു്, തലയും പ്രകൃതിയും ഒരുപോലെ തണുക്കുന്ന സമയം. എങ്ങോട്ടു നോക്കിയാലും പൂക്കൾ നിറഞ്ഞുനില്ക്കുന്ന ചെടികളും മരങ്ങളും! പ്രകൃതിതന്നെ പുഞ്ചിരിക്കുന്ന സമയം.



നമ്മളെ സംബന്ധിച്ചിടത്തോളം മെയ്മാസത്തിനു് പ്രത്യേകമായ ഒരു പ്രാധാന്യംകൂടിയുണ്ടു്. നമ്മുടെ അമ്മയായ പ. കന്യകമറിയത്തോടുള്ള ഭക്തി പ്രകടിപ്പിക്കാനുള്ള സന്ദർഭമാണു് മെയ്മാസം. എത്ര പാവപ്പെട്ടവരാണെങ്കിലും മെയ് മാസവണക്കം ആഘോഷമായിനടത്താതിരിക്കയില്ല. മാതാവിന്റെ പീഠം പുഷ്പങ്ങൾകൊണ്ടു് അലങ്കരിക്കുവാനും, മെഴുകുതിരികത്തിക്കുവാനും, മാതാവിന്റെ സ്തുതിപ്പുകൾ പാടുവാനും പടക്കംപൊട്ടിക്കുവാനുമൊക്കെ കുട്ടികൾക്കു എത്രവലിയ ഉത്സാഹമാണു്!

ഇതെല്ലാം നല്ലതുതന്നെ. ഈ സ്നേഹപ്രകടനങ്ങളൊക്കെ മാതാവിനു് ഇഷ്ടവുമാണു്. പക്ഷെ അതുകൊണ്ടു മാത്രമായില്ല. നല്ലകുഞ്ഞുങ്ങൾ ഈ മാസത്തിൽ കൂട്ടുതലായി ചിലതുകൂടി ചെയ്യണം, ഇപ്പോൾ അവധിക്കാലമാണല്ലൊ. പള്ളിയിൽപോയി ദിവ്യബലിയിൽ സംബന്ധിക്കുവാൻ ശ്രമിക്കണം, എത്ര ദൂരമുണ്ടെങ്കിലും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും എല്ലാവരും പള്ളിയിൽ പോകുന്നുണ്ടെന്നു് എനിക്കറിയാം. അതുപോരാ, എല്ലാദിവസവും നിങ്ങളുടെ വീട്ടിൽനിന്നു് ഒരാളെങ്കിലും പള്ളിയിൽ പോയി ദിവ്യബലിയിൽ സംബന്ധിക്കണം. ഓരോ ദിവസവും ഓരോരുത്തർ മാറിമാറി പോകുക. ആഴ്ചയിലെ ഓരോ ദിവസവും ഓരോരുത്തരെ ഏല്പിച്ചുകൊടുക്കുക. തിങ്കളാഴ്ച അപ്പൻ, ചൊവ്വാഴ്ച അമ്മ. ബുധനാഴ്ച മൂത്തജ്യേഷ്ഠൻ, വ്യാഴാഴ്ച പെങ്ങൾ, വെള്ളിയാഴ്ച അനിയൻ അഥവാ ചേടത്തി. ഇങ്ങനെയാകുമ്പോൾ ആർക്കുമൊരു വിഷമം തോന്നുകയില്ല. ശനിയാഴ്ച നിവൃത്തിയുണ്ടെങ്കിൽ എല്ലാവരുംതന്നെ പോകണം. സാധിക്കുന്നവർ—കുട്ടികൾ തീച്ചയായിട്ടും—പ. കുർബാന സ്വീകരിക്കുകയും ചെയ്യണം.

നമ്മുടെ അമ്മയുടെ പ്രിയപ്പെട്ട മക്കളായ നിങ്ങൾ ആ അമ്മയ്ക്കു് ഏറ്റവും പ്രിയപ്പെട്ട ജപമാല മുടങ്ങാതെ ചൊല്ലുകയും എപ്പോഴും ഉത്തരീയം അഥവാ കാഷായവസ്ത്രം ധരിക്കുകയും വേണം, ജപമാല ചൊല്ലുന്നതു് മാതാവിനു ഏറ്റവും ഇഷ്ടമുള്ള ഒരു ഭക്തകൃത്യമാണു്. നമ്മുടെ അമ്മ ലൂർദ്ദിൽ ബർണ്ണദീത്തായ്ക്കു കാണപ്പെട്ടപ്പോൾ ഭക്തിയോടുകൂടി ജപമാല എത്തിക്കണമെന്നു് ആവശ്യപ്പെട്ടു, ഫാത്തിമായിൽ ലൂസി, ജസീന്ത, ഫ്രാൻസീസ് എന്ന മൂന്നു കുട്ടികൾക്കു് പ്രത്യക്ഷപ്പെട്ടപ്പോഴും ജപമാല ചൊല്ലണമെന്നാണു് പറഞ്ഞതു്. മാതാവു് കാണപ്പെട്ടപ്പോഴെല്ലാം കൈയിൽ ഒരു ജപമാലയുമുണ്ടായിരുന്നു.

പല നല്ലകുഞ്ഞുങ്ങളും ഒരു 'മുഴുവൻ കൊന്ത' ദിവസവും ചൊല്ലാറുണ്ടു്. സന്തോഷം, ദുഃഖം, മഹിമ എന്ന മൂന്നു രഹസ്യങ്ങളും ഏതെ

ങ്കിലും സമയത്തു് എവിടെവെച്ചെങ്കിലും ചെ
ല്ലിയാൽ മതി. ഓരോ രഹസ്യാ ഓരോ സമ
യത്തു ചൊല്ലിയാലും മതി. നല്ല മനസ്സും താ
ല്പര്യവുമുണ്ടെങ്കിൽ എല്ലാവക്കും ഇപ്രകാരം മു
ഴവൻകൊന്ത ചൊല്ലുവാൻ സാധിക്കും. ഈ
മെയ്മാസത്തിലെങ്കിലും ഓരോ മുഴവൻകൊ
ന്ത ചൊല്ലുവാൻ കുട്ടികൾ ഉത്സാഹിക്കണം.

മാതാവിന്റെ മക്കളുടെ അടയാളമാണു്
ഉത്തരീയം അഥവാ കാഷ്ഠരൂപം. കാഷ്ഠരൂപ
മാണു ഉപയോഗിക്കുന്നതെങ്കിൽ ഒരുവശത്തു
തിരുഹൃദയത്തിന്റേതും മറുവശത്തു മാതാവി
ന്റേയും രൂപമുള്ളതു് വെഞ്ചരിച്ചതുമായിരി
ക്കണം. ചില കുട്ടികൾ ഉത്തരീയമൊ കാഷ്ഠ
രൂപമൊ ധരിക്കുന്നില്ല. ഇതു വലിയ കഷ്ടമാ
ണു്. മാതാവിനോടു സ്നേഹമുണ്ടെങ്കിൽ എ
പ്പോഴും ആ മാതാവിന്റെ അടയാളമായ ഉത്ത
രീയമൊ കാഷ്ഠരൂപമൊ ധരിക്കേണ്ടതാണു്.

മെയ്മാസത്തിൽ കൂടുതലായി പ്രാർത്ഥി
ക്കുവാൻ നിങ്ങൾ മറക്കുകയില്ലെന്നു് എനിക്ക
റിയാം, പരീക്ഷാഫലം പുറത്താകുന്നതും മേയി
ലാണല്ലൊ. അതുപോലെ നിങ്ങളിൽ പലരു
ടേയും ഭാവി നിശ്ചയിക്കുന്നതും ഇപ്പോഴാണു്.
ഓരോരുത്തരുടേയും ദൈവവിളി എന്താണെ
ന്നു് അറിയുന്നതിനും അറിഞ്ഞാൽ അതനുസ
രിക്കുന്നതിനുമുള്ള ദൈവാനുഗ്രഹം നിങ്ങൾക്കു
കിട്ടുവാനും വേണ്ടി ഞാനും പ്രത്യേകം പ്രാർ
ത്ഥിച്ചുകൊള്ളാം.

നിങ്ങളിൽ പലരേയും അടുത്ത ജൂൺമാസ
ത്തിൽ സെമിനാരിയിൽവെച്ചു കാണുവാൻ
സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. നമ്മുടെ അ
മ്മ നിങ്ങളെ എല്ലാവരേയും ധാരാളമായി അ
നുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ
നിങ്ങളുടെ വത്സലപിതാവു്

+ Selvarian Valloppally

തലശ്ശേരി
25-4-'63

അർത്ഥിനികളെ ക്ഷണിക്കുന്നു

തലശ്ശേരി രൂപതയ്ക്കുവേണ്ടി ആരാധന സഭയിൽചേർന്നു് റ്റീച്ചിംഗ്, നേഴ്സിം ഗ്, പ്രസ് എന്നീ വിവിധ തുറകളിൽ ക്രിസ്തുനാഥനുവേണ്ടി സേവനംചെയ്തു് സ ന്യാസജീവിതം കഴിക്കുവാൻ ആഗ്രഹി ക്കുന്ന S. S. L. C. പാസ്സായ യുവതികൾ ക്കു സ്വാഗതം.

മെയ് അവസാനത്തിനുമുമ്പു് താ ഴെക്കാണുന്ന വിലാസത്തിൽ അപേക്ഷ കൾ അയയ്ക്കുക.

ജനറൽ സുപ്പീരിയർ
ആരാധനമഠം
മാനന്തവാടി P. O.
വയനാട്ടു്.

(4-ാം പേജിൽനിന്നു തുടർച്ച)

ന്നു വേണമെന്നു വാദിച്ചു. രാജസ്ഥാൻ, മദ്ധ്യപ്ര
ദേശു്, ഉത്തരപ്രദേശു് എന്നീ സ്ഥലങ്ങളിലെ മൂന്നു
ഹിന്ദിവിദ്വാന്മാരുടെ വാചകങ്ങൾ യോജിക്കാതെവ
ന്നു. അവസാനം ഭാരവാഹികൾ ശ്രീ. രാജേന്ദ്രപ്രസാ
ദിനെത്തന്നെ സമീപിച്ചു് നാലാമത്തെ പരിഭാഷയും
വാങ്ങി. എന്തിനധികം പറയുന്നു ഈ നാല്വവാചക
ങ്ങളും തമ്മിൽ യോജിക്കാതെവരികയും അവസാനം
പ്രസിഡൻറിന്റെ വാചകങ്ങൾ പ്രവർത്തകർ അംഗീക
രിക്കുകയും ചെയ്ത രസകരമായ ഒരു സംഭവം റിപ്പോർ
ട്ടു ചെയ്യപ്പെട്ടിരുന്നു. ഹിന്ദി വിദ്വാന്മാക്കുപോലും
തമ്മിൽതമ്മിൽ യോജിക്കാതെവന്നതു് ഇംഗ്ലീഷിനെ
അവഗണിക്കാനുള്ള ശ്രമത്തിന്റെ ഫലമായിരുന്നുവെ
ന്നു് വ്യക്തമാണു്.

ചുരുക്കത്തിൽ, ഔദ്യോഗികഭാഷാബിൽ ഇന്ത്യ
യുടെ മഹത്തായ പാരമ്പര്യത്തിനും, രാഷ്ട്രത്തിന്റെ ഭ
ദ്രതയ്ക്കും ഒരു വിലങ്ങുതടിയായിരിക്കുന്നു. തല്ക്കാലം ഇം
ഗ്ലീഷ് ഔദ്യോഗികഭാഷയായി തുടരുകയും ഹിന്ദി
പോലുള്ള പ്രാദേശികഭാഷകളെ ആവുംവിധം പ്രോ
ത്സാഹിപ്പിക്കുകയും ചെയ്യട്ടെ. ചൈനീസ് ആക്രമണ
ഭീഷണി വായുവിൽ മുഴങ്ങുമ്പോൾ ഇവിടെ ഭാഷ
യെ ചൊല്ലി കലഹിച്ചു ഭിന്നിക്കുന്നതു് അപകടമായി
രിക്കും.



അമ്മച്ചി

(ഉടർച്ച)

ജി. സി. ടീലാർ

ഒരു ട്രേയിൽ രണ്ടു ഗ്ലാസ് ക്രൂഷുമായി ലീലാമ്മ വന്നു. ഹൃദയത്തിലെ അത്ഭുതാനന്ദങ്ങളുടെ നിഴൽ മുഖത്തു് ഓളമടിച്ചു നീങ്ങുന്നതു കാണുവാനായിരുന്നു ലീലാമ്മയുടെ ഉൽക്കണ്ഠ. പക്ഷേ അവൾ യാതൊരു പ്രത്യേകതയും അവരിൽ കണ്ടില്ല. ഗ്ലാസ് കൈയ്യിലെടുത്തപ്പോൾ അതിൽ വിഷമുണ്ടോയെന്നു സംശയിക്കുന്നമട്ടിലായിരുന്നു അവരുടെ നോട്ടം. അതുകണ്ടു് അസ്വസ്ഥയായ ലീലാമ്മ ചോദിച്ചു നേരെ: 'ഇതിൽ ഞാൻ വിഷം ചേർത്തിട്ടുണ്ടെന്നാണോ നിങ്ങളുടെ സംശയം?'' രണ്ടുപേരും ഗ്ലാസ് താഴെവച്ചു. ''ഇത്രയും പറഞ്ഞസ്ഥിതിക്കു്, ഇതൊരു ഡോക്ടരെക്കൊണ്ടു പരിശോധിപ്പിക്കാതെ കുടിക്കാൻ തോന്നുന്നില്ല. പാവപ്പെട്ട ജോസുകുട്ടിയെ എന്നും വഞ്ചിക്കുന്ന ഒരു സ്ത്രീ മറ്റുള്ളവർക്കു വിഷം കൊടുക്കുവാൻ മടിക്കുമോ എന്നാണു ഞങ്ങളുടെ സംശയം'' അമ്മച്ചി വെട്ടിമുറിച്ചങ്ങു പറഞ്ഞു.



ഒരു വെള്ളിടി വെട്ടിയാൽ പോലും ഇത്രമാത്രം ഞെട്ടൽ ലീലാമ്മയ്ക്കുണ്ടാകുമായിരുന്നില്ല. തന്റെ പ്രഹസനങ്ങളുടെ വേരറ്റു വീഴുന്ന കാഴ്ച അവൾക്കു സഹിച്ചുകൂടായിരുന്നു. നേരും നുണയും ചേർത്തു പലതും പറയാറുള്ളതു് തന്റെ സാമർത്ഥ്യങ്ങളെക്കുറിച്ചു മറ്റുള്ളവരിൽ വിസ്മയവും മതിപ്പും ഉളവാക്കുവാൻവേണ്ടിയാണു്. തന്റെ വിടുവായൊന്നും ആ രണ്ടു സ്ത്രീകളുടെ മുമ്പിൽ ചെലവായില്ലല്ലോ എന്നതായിരുന്നു ലീലാമ്മയുടെ വലിയ സങ്കടം. കൈ കോട്ടി രണ്ടുഗ്ലാസിൽനിന്നും കുറേശ്ശെ ഒഴിച്ചു കുടിച്ചുകാണിച്ചുകൊണ്ടു് അവൾ ചോദിച്ചു: ഇപ്പോൾ നിങ്ങളുടെ സംശയം തീർന്നോ? വഞ്ചനയും ചതിവും എന്നാണെന്നു ഞങ്ങളുടെ കുടുംബത്തിലുള്ളവർക്കു് അറിഞ്ഞുകൂടാ. ഒരു ദോഷംമാത്രം എനിക്കുണ്ടെന്നു് ആളുകൾ പറയുന്നു. ഞാൻ ഒരു പ്രത്യുല്പന്നമതിയാണു്.

പ്രത്യുല്പന്നമതി! ആ വലിയ വാക്കിന്റെ അർത്ഥം ശരിക്കു മനസ്സിലായില്ല രണ്ടുപേർക്കും. തക്കസമയത്തു തക്കതു പ്രവർത്തിക്കാനുള്ള പാടവമുള്ളവരെയാണു് പ്രത്യുല്പന്നമതികൾ എന്നു പറയുക. അതൊരു മഹാഗുണമായിട്ടാണു് എല്ലാവരും പരിഗണിക്കുന്നതു്. അതൊരു ദോഷമാണെന്നു ലീലാമ്മ പറയുന്നു. അതിനു മറ്റൊരർത്ഥം കാണുമൊ? ഒരു സംശയമെന്ന മട്ടിൽ രാജമ്മ ചോദിച്ചു: പ്രത്യുല്പന്നമതി എന്നതു് എന്താണു്?''

''പ്രത്യുല്പന്നമതി എന്നാൽ എന്തെന്നു് നിങ്ങൾക്കറിഞ്ഞുകൂടാ! മലയാളഭാഷയിൽ അല്പം വ്യുല്പത്തിയുണ്ടെങ്കിലേ അതു ഗ്രഹിക്കുവാൻ സാധിക്കൂ. അതെന്താണെന്നു് ഒരുദാഹരണംകൊണ്ടു ഞാൻ വെളിവാക്കാം. അന്നു വൈകുന്നേരം 5 മണിയായിക്കാണും. ഞങ്ങളുടെ ഇളയകുട്ടിക്കു് ഒന്നരവയസ്സേ പ്രായമുള്ളൂ. പപ്പാ കാപ്പികുടികഴിഞ്ഞാലുടൻ അവൾക്കു പപ്പായുടെ കൈയിലേയ്ക്കു ചാടണം. അവളെ എടുക്കുവാൻ അദ്ദേഹത്തിനും ഇഷ്ടമാണു്, അവളെ എടുത്തുകൊണ്ടു് അദ്ദേഹം മുറ്റത്തു നില്ക്കും. അപ്പോഴാണു് ശകുനപ്പിഴ. എന്റെ ആഭരണങ്ങൾ പണിയുന്ന തട്ടാൻ ആ മുറ്റത്തേയ്ക്കു കയറിവരുന്നു. പൂച്ചയുടെ മുമ്പിലേയ്ക്കു് എലി വന്നു ചാടുന്നതുപോലെ. അദ്ദേഹം അവനോടു് ഒറ്റ ചോദ്യം ചോദിച്ചാൽമതി, എന്റെ മൂട്ടപടം താഴെ വീഴാൻ. അദ്ദേഹം അറിയാതെയാണു ഞാൻ ഇഷ്ടമുള്ള ആഭരണങ്ങൾ പണിയിക്കുന്നതു്.

ഉടൻ എന്റെ ഔസേപ്പിതാവൊരു ബുദ്ധി തോന്നിച്ചു. എന്താണെന്നോ? ഭയംകൊണ്ടു നിറഞ്ഞ മുഖം ഞാൻ അദ്ദേഹത്തിന്റെ നേരെ തിരിച്ചുകൊണ്ടു് ചോദിച്ചു: പിള്ളേരെ പിടിത്തക്കാർ ചിതറിനടക്കുന്ന വിവരം നിങ്ങളറിഞ്ഞില്ലെ? വേഗം കൊച്ചിനേംകൊണ്ടു് അകത്തുപൊയ്ക്കോ—ജോസുകുട്ടി ഇതുപോലെ ഭയപ്പെടാനില്ല. ഉടൻ അദ്ദേഹം കൊച്ചിനേയുംകൊണ്ടു് രണ്ടാംനിലയിലേയ്ക്കു കയറി

വിശുദ്ധ ദിനാചരണം

റവ. ഫാദർ തോമസ് മുത്തേടൻ M. A., D. D.

ലോകമതങ്ങളുടെ ചരിത്രം പരിശോധിച്ചാൽ കാണാം എല്ലാ സ്ഥലങ്ങളിലും എല്ലാക്കാലങ്ങളിലും ദൈവാരാധനയ്ക്കായി ചില ദിവസങ്ങൾ ജനങ്ങൾ മാറ്റിവെച്ചിരുന്നുവെന്ന്. ഒരുപിടി വാഷിംകോത്സവങ്ങളില്ലാത്ത ഒരു മതം തന്നേയില്ല. എല്ലാ അമാവാസികളിലും അവയ്ക്കുള്ള തൊട്ടുള്ള ദിവസങ്ങളിലും വിശേഷവിധമായ പൂജകളുള്ള പല മതങ്ങളുണ്ട്. പ്രത്യേകവെളിപാടൊന്നും ലഭിച്ചിട്ടില്ലാത്ത മതങ്ങളിൽ കൂടി നിശ്ചിതദിവസങ്ങളിൽ ആരാധന നടക്കുന്നതു കാണുമ്പോൾ, ദൈവം നേരിട്ടു പഠിപ്പിക്കുകയും ഭരിക്കുകയുംചെയ്ത യഹൂദന്മാരുടെ ഇടയിലുള്ള സാബത്താചരണം നമ്മുടെ സവിശേഷശ്രദ്ധയെ ആകഷിക്കാതിരിക്കയില്ല.

തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത്തിന്റെ നേതാവായ മൂശയ്ക്കു ദൈവം കൊടുത്ത കല്പനകളിലൊന്നായിരുന്ന സാബത്തു വിശുദ്ധീകരിക്കുക എന്നതു്. ലോകസൃഷ്ടി ആറുദിവസത്തെ ജോലിയായി വേദപുസ്തകം വിവരിച്ചിട്ടുള്ളതും ഏഴാംദിവസം ദൈവം വിശ്രമിച്ചുവെന്നു് പ്രസ്താവിച്ചിട്ടുള്ളതും സാബത്തിന്റെ പ്രാധാന്യം കാണിക്കാനാണെന്നുള്ളതിൽ അഭിപ്രായാന്തരമില്ല. ഈ ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തി സാബത്തു് വിശുദ്ധമായി ആചരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മൂശയും പ്രവാചകന്മാരും ഇസ്രായേൽ ജനങ്ങളെ ഉടച്ചുയായി പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. സാബത്തു് ആചരിച്ചില്ലെങ്കിൽ വരാൻ പോകുന്ന ഭയങ്കര ശിക്ഷകളെ സംബന്ധിച്ചും പ്രവാചകന്മാർ ഉന്നിപ്പറഞ്ഞുകൊണ്ടാണിരുന്നതു്.

ക്രിസ്തുവിന്റെ ആഗമനത്തോടുകൂടി യഹൂദമതത്തിനുദൈവം നല്കിയിരുന്ന പ്രത്യേക സഹായം പിൻവലിച്ചു. കത്തോലിക്കതിരുസ്സഭവഴി മനുഷ്യരെ ഭരിക്കുവാനും പരിപാലിക്കുവാനും ദൈവം തീരുമാനിച്ചുവെന്നുവേണം കരുതുവാൻ. തന്നിമിത്തം തിരുസ്സഭയ്ക്കു നിയമങ്ങളുണ്ടാക്കുവാനും നിയമങ്ങൾ അനുസരിക്കാത്തവരെ ശിക്ഷിക്കുവാനും അങ്ങനെ മതപരമായ ജീവിതം ലോകത്തിൽ നിയന്ത്രിക്കുവാനുമുള്ള അധികാരം നല്കിയിരിക്കുന്നു. തിരുസ്സഭയും ആഴ്ചയിൽ ഒരുദിവസം വിശുദ്ധമായി ആചരിക്കണമെന്നു നിശ്ചയിച്ചു; എന്നാൽ സാബത്തിനുപകരം ഞായറാഴ്ചയാണു കൂടുതൽ ഉചിതമെന്നു പ്രഖ്യാപിക്കയാണുണ്ടായതു്.



വിശുദ്ധ ദിനാചരണം വ്യക്തികളുടെ രഹസ്യമായ ഒരു കാര്യം മാത്രമല്ല; തിരുസ്സഭയുടെ പൊതുവായ ഒരു കാര്യമാണു്. ഓരോ വ്യക്തിയും തന്റെ ആത്മീയാഭിവൃദ്ധിക്കുവേണ്ടി ഓരോ ദിവസം മാറ്റിവെയ്ക്കുന്നതുപോലെ, സഭയും ഒരു ദിവസം മാറ്റിവെയ്ക്കുന്നു. ഈ ദിവസം ദൈവത്തിനുവേണ്ടി മാത്രം നീക്ക

ഒരാചാരവുംകൂടിയാകുന്നു. ദിവ്യബലി പരസ്യമായ ഒരാരാധനയാണു്. അതു വൈദികനേറെയും ജനങ്ങളുടേയും ബലിയായിട്ടാണല്ലൊ സമർപ്പിക്കപ്പെടുന്നതു്. ആകയാൽ വിശ്രുദ്ധ ദിനാചരണത്തിൽ ദിവ്യബലിയുടെ സ്ഥാനം പരിഗണിക്കുകയാണെങ്കിൽ വിശ്രുദ്ധ ദിനാചരണം ഒരു പൊതുആചരണമായിരിക്കണമെന്നു സ്പഷ്ടം. അതു തിരുസ്സഭയുടെ പരസ്യമായ ഒരു ആചാരം തന്നെയായിരിക്കണം. തെല്ല ചിന്തിക്കയാണെങ്കിൽ കാണാം ഈദൃശമായ ആരാധന ആഴ്ചയിലൊരിക്കലെങ്കിലും നടത്തുകയെന്നതു സർവ്വലോക സ്രഷ്ടാവിനോടു പ്രദർശിപ്പിക്കാവുന്ന ഏറ്റവും ലഘുവായ കൃതജ്ഞതാപ്രകാശനമാണെന്നു്. ആഴ്ചതോറും ബലിപീഠത്തിന്റെ മുമ്പാകെ ഒരു സമൂഹമായി നമ്മൾ സമ്മേളിക്കുമ്പോൾ, ദൃശ്യവും അവിഭക്തവുമായ ഒരു സഭയുടെ അംഗങ്ങളാണു നമ്മളേവരുമെന്നു് ലോകം മനസ്സിലാക്കും. നമ്മുടെ വിശ്രുദ്ധ ദിനാചരണം അന്യമതസ്ഥരുടെ മുമ്പിൽ നാം നടത്തുന്ന ദൈവത്തിന്റെ ഒരവകാശപ്രഖ്യാപനമായിരിക്കും.

വിജാതീയപ്രമുഖരായിരുന്ന റോമാക്കാരുടെ ഇടയിൽ അനുദിന ജോലിയിൽനിന്നു വിരമിച്ചു് ആരാധനസ്ഥായി മാറ്റിവച്ചിരുന്ന ദിവസങ്ങളുണ്ടായിരുന്നു. ഫേരിയ (FERIA) എന്നാണു് അങ്ങനെയുള്ള ദിവസത്തിനു പേരിട്ടിരുന്നതു്. ബാബിലോണിയാക്കാർ 1, 7, 14, 21, 28 എന്നീ തിയതികൾ വിശ്രമദിവസങ്ങളായി കരുതിയിരുന്നു. അങ്ങനെ വിജാതീയരുടെ ഇടയിലും പ്രചാരത്തിലിരുന്ന വിശ്രുദ്ധദിനാചരണം ക്രിസ്തീയസഭയിലും വേണമെന്നുള്ളതു ദൈവഹിതമാണെന്നു് ആർക്കാണു് മനസ്സിലാക്കാൻപാടില്ലാത്തതു്?

ദിവ്യരക്ഷകൻ സാബത്താചരണം പിൻവലിക്കുകയുണ്ടായില്ല. തൽസംബന്ധമായി കാലാന്തരത്തിൽ വന്നുകൂടിയ തെറ്റിദ്ധാരണകൾ അവിടുന്നു തിരുത്തി. വിജാതീയരായ ക്രിസ്ത്യാനികൾ സാബത്തുദിവസംതന്നെ വിശ്രുദ്ധദിനമായി ആചരിക്കേണ്ടതില്ലെന്നു പൗലോസുശ്ലീഹാ സ്പഷ്ടമാക്കി. തന്മൂലം ആരംഭകാലങ്ങളിൽ ക്രിസ്ത്യാനികളുടെ ഇടയിൽ ശനിയാഴ്ചയും ഞായറാഴ്ചയും വിശ്രുദ്ധദിനങ്ങളായി ഓരോ ജനതയുടേയും അഭിരുചിപോലെ ആചരിച്ചിരുന്നു. എന്നാൽ ഞായറാഴ്ചയ്ക്കു കൂടുതൽ പ്രാധാന്യമുണ്ടായിരുന്നു. അതിനാലായിരിക്കണം സൂര്യദിനം എന്നർത്ഥമുള്ള "സണ്ടേ" എന്ന വാക്കുമാത്രം കർത്തദിനം എന്ന വാക്കു് സ്വീകരിക്കുവാൻ തുടങ്ങിയതു്. "ആഴ്ചകളിൽ ഒന്നാം ദിവസം നിങ്ങളുടെ കാഴ്ചകൾമാറ്റിവയ്ക്കുക" (1 കൊറി 16, 2) എന്ന ശ്ലീഹായുടെ നിർദ്ദേശത്തിൽനിന്നു നമുക്കു് ഊഹിക്കാം. ആഴ്ചയുടെ ഒന്നാംദിവസമായ ഞായറാഴ്ചയാണു് അന്നത്തെ ക്രിസ്ത്യാനികൾ പരസ്യാരാധനയ്ക്കു സമ്മേളിച്ചിരുന്നതെന്നു്. "കർത്തദിനം ഞാൻ ആത്മാവിയോട്ടുടെയായിരുന്നു." എന്ന വെളിപാടിന്റെ പുസ്തകത്തിൽ (1, 10) നാം വായിക്കുന്നു. ആകയാൽ യോഹന്നാൻശ്ലീഹാ "വെളിപാടു്" എഴുതിയപ്പോൾ കർത്തദിനം പ്രചാരത്തിലായിരുന്നുവെന്നു വേണമല്ലോ കരുതാൻ.

മൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന എവുസേബിയുസ് ഇപ്രകാരമെഴുതിയിരിക്കുന്നു: "പുതിയനിയമം ആചരിക്കുന്നവരായ ഞങ്ങൾ എല്ലാ ആഴ്ചയിലും ഞായറാഴ്ചദിവസം ആട്ടിൻകുട്ടിയുടെ രഹസ്യങ്ങൾ ആഘോഷിക്കുന്നു." കോൺസ്റ്റന്റയിൻ ചക്രവത്തിയുടെ മാനസാന്തരത്തോടുകൂടി, അതായതു് 313നു ശേഷം ആധുനികരീതിയിൽ വിശ്രുദ്ധദിനാചരണമാരംഭിച്ചു; അതായതു രാവിലെ കർബാനയും പ്രസംഗവും സായാഹ്നത്തിൽ സന്ധ്യാജപങ്ങളും.

ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച വിശ്രുദ്ധദിനമായി തിരഞ്ഞെടുക്കുന്നതിനു പല കാരണങ്ങൾ പറയുന്നുണ്ടു്. അന്നാണു ഭൂമിയിൽ പ്രകാശമുണ്ടായതു്; അന്നാണു് പരിശുദ്ധാത്മാവു ശ്ലീഹന്മാരുടെമേൽ എഴുന്നള്ളിയതു്. എന്നാൽ സഭാപിതാക്കന്മാർ പ്രധാനമായി ഉന്നയിക്കുന്ന കാരണം നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം ഞായറാഴ്ചയായിരുന്നുവെന്നതാണു്.

സാബത്തുദിവസം യാതൊരു ജോലിയും ചെയ്യരുതാ എന്നാണു വേദപുസ്തകം പഠിപ്പിക്കുന്നതു്. യഹൂദന്മാർ അതിനുകൊടുത്ത വ്യാഖ്യാനം എത്ര വികൃതമായിരുന്നുവെന്നു് കർത്താവിനോടു അവർ ചോദിച്ച ചില ചോദ്യങ്ങൾ സ്പഷ്ടമാക്കുന്നുണ്ടു്. സാബത്തുദിവസം രോഗികളെ സുഖപ്പെടുത്തിയതിനു് അവർ ക്രിസ്തുനാഥനെ ശാസിച്ചതു വേദപുസ്തകത്തിൽ എത്ര വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു!

സാബത്തുദിവസം അന്ധർ വടി പിടിച്ചിരുന്നില്ല. അന്നേദിവസം രണ്ടക്ഷരം എഴുതുകയൊ, വായിക്കുകയൊ, ഒരു വിശേറി കൈയിൽപിടിച്ചു നടക്കുകയൊ, ഒരു പുഴുവിനെ കൊല്ലുകയൊ, വാതനീരു പിടിക്കുടിയ കാലു തിരുമ്മുകയൊ, കോഴികൾക്കു ഭക്ഷിക്കുവാൻ ധാന്യം ഇട്ടുകൊടുക്കുകയൊ, കോഴി മുട്ടയിട്ടാൽ അതു് എടുത്തുവയ്ക്കുകയൊ ചെയ്തിരുന്നില്ല. ഷാമ്മയീം എന്ന എഴുത്തുകാരന്മാർ ദിനംപ്രതി പുതിയ നിരൂപണങ്ങൾ കണ്ടുപിടിച്ചുകൊണ്ടിരുന്നു. അവരുടെ ഗണത്തെയാണു് ദിവ്യരക്ഷകൻ ശാസിച്ചിരുന്നതു്. തങ്ങളുടെ അസാന്മാർഗ്ഗികജീവിതത്തെ പരിഷ്കരിക്കുന്നതിനു പകരം അവർ സാബത്തുദിവസം കുതിരയ്ക്കു വെള്ളംകൊടുക്കാമൊ, സാബത്തുദിവസം മരുന്നു് അന്വേഷിക്കുമൊ എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കു ഉത്തരം കണ്ടുപിടിക്കുന്നതിനു് ദത്തശ്രദ്ധരായിരുന്നു.

യഹൂദന്മാരുടെ സാബത്തിനെ അനുകരിച്ചല്ല നമ്മുടെ വിശ്രുദ്ധദിനം തിരുസ്സഭ നടപ്പാക്കിയതു്. ഞായറാഴ്ച ആരാധനയും ഞായറാഴ്ചവിശ്രമവും ചരിത്രദൃഷ്ട്യ രണ്ടാണു്. വിശ്രമനിയമമുണ്ടാകുന്നതിനുമുമ്പുതന്നെ ആരാധനനിയമമുണ്ടായിരുന്നു. നാലാംശതാബ്ദത്തിൽ നടന്ന ലവൊദീസ്യയാ സൂനഹദോസിൽ സൗകര്യമുണ്ടെങ്കിൽ വേലകൾ വർജ്ജിക്കണമെന്നുമാത്രമെ അനുശാസിച്ചിരുന്നുള്ളൂ. ആറാംശതാബ്ദത്തിൽ വി. സീസരിയൂസ് യഹൂദന്മാരുടെ സാബത്തുപോലെ വിശ്രുദ്ധദിനം അനുഷ്ഠിക്കുവാൻ വേണ്ട പരിശ്രമം നടത്തി. എന്നാൽ 538ലെ ഓർലിൻസ് സൂനഹദോസ് പ്രസ്തുത നടപടി അക്രൈസ്തവമാണെന്നു പറഞ്ഞു തള്ളി. ആദിമകാലത്തു അധ്വാനത്തിൽനിന്നുള്ള വിശ്രമം ആരാധനയുടെ സൗകര്യത്തിനുവേണ്ടിയായിരുന്നു. എവുസേബിയുസ്, സൊറസാമെൻ എന്നിവർ പറയുന്നതു് കോൺസ്റ്റന്റയിൻ ചക്രവത്തി ഞായറാഴ്ചദിവസങ്ങളിൽ പടയാളികൾക്കും നീതിന്യായക്കോടതികൾക്കും ഒഴിവുകൊടുത്തുവെന്നത്രെ. പിന്നീടദ്ദേഹം ഞായറാഴ്ചയുടെ വിശ്രുദ്ധീകരണത്തിനു വിരുദ്ധമായവ സമസ്തവും മുടക്കി. രണ്ടാം വലൻറീനിയൻ ചക്രവത്തി (425) സർക്കസ്സും നാടകാഭിനയവും നിരോധിച്ചു. 469ൽ അഞ്ചാം ലെയോൻ ചക്രവത്തി ഇപ്രകാരം വിള

കവിത

ആദ്യത്തെ തെറ്റ്

വഞ്ചിക്കൽ പ്രഭാകരൻ തിരുവാപ്പ്

തങ്കക്കതിരോനുണർന്നുഷസ്സിൽ-
പൊൻകതിർക്കയ്യാൽ തലോടി മന്ദം.
പങ്കമകന്നു വിളങ്ങിട്ടും നൽ
പൊൻകുടംപോലെ വീളങ്ങി ഭൂമി.
ജോഡിയിൽ പാടിപ്പറന്നു വാനം-
പാടികളാനന്ദമഗ്നരായി.
പാടലവർണ്ണത്തിൽ മുങ്ങിനിന്നാ-
മേട്ടും പുഴകളും പൊയ്കകളും
പൂവണിവല്ലികൾ നൃത്തമാടി
പാവനശാന്തിതൻ പൂവനിയിൽ
തേൻകനിയേന്തും കരങ്ങളാട്ടി
ഭംഗിയിൽ നിൽപൂ മരങ്ങളെല്ലാം
കോരിത്തരിക്കുമപ്പൂവനിയും,
ചാരത്തുനില്പും പുരുഷനേയും
കണ്ട മതിമറന്നാശ്രയക-
ത്തണ്ടിൽ നിറഞ്ഞു പറഞ്ഞിതവൾ
"അങ്ങാമരത്തിലെ തേൻകനികൾ
ഇങ്ങു പറിക്കു നമുക്കു തിന്നാം."
"ഇല്ലില്ല ദൈവവചനമോർക്കു
നല്ലതല്ലിക്കനി" എന്നവനും,
തിന്മഫലങ്ങൾ ഭുജിച്ചിടാതെ
സമ്മതിക്കില്ലവളൊന്നുകൊണ്ടും
മത്തമനസ്സിന്റെ ചാപല്യങ്ങൾ
നിത്യനരകത്തിനർഹരാക്കാം.

XX XX XX

സൃഷ്ടിതന്നാദ്യസംഭാവനയാ-
മിഷ്ടരാണാദിമാതാപിതാക്കൾ
ആദവുമവ്വയുമെന്നു പേരി-
ട്ടേദൻപറുദീസയിങ്കലാക്കി
ആദത്തിൻവാരിയെല്ലാൽ ചമച്ചാ-
നാദിമാതാവിനെ കൂട്ടിനായി.
നന്മയും തിന്മയും വേർതിരിച്ചു
തിന്മഫലങ്ങളെ തിന്നിടായ്വാൻ
പ്രത്യേകമോർമ്മപ്പെടുത്തിയീശൻ
സത്യസനാതനൻ സന്മയൻ താൻ
ദുർന്നയവാസനയാം പിശാചാ-
പൈൺമനമാകെ കലുഷമാക്കി
തിന്മഫലങ്ങൾ ഭുജിച്ചു, വാനിൻ-
നന്മകളോർക്കാതെ പാപിയായി
പാപത്തിൻപങ്കു ഭുജിക്കയാലേ
പാപിയായാദവും ദൈവകോപാൽ
ആദിമാതാക്കളേ നിങ്ങൾ ചെയ്ത
പാതകം ഞങ്ങളെ പിൻതുടർന്നു.

സ്നേഹപൂർവ്വം ചെയ്യുക:

"സൃഷ്ടാവിനായി പ്രതിഷ്ഠിച്ചിരിക്കുന്ന ദിവസങ്ങളെ ആനന്ദാദികളാൽ അശുദ്ധമാക്കുന്നതു നാം വിലക്കുന്നു. കർത്തൃദിനം നൈയാമികനടപടികളാലും മറുകഠിനപ്രവൃത്തികളാലും അശുദ്ധമാക്കുന്നതു നാം നിരോധിക്കുന്നു. രാജകീയപ്രോസിക്യൂട്ടരുടെ ശബ്ദം അന്നു കേൾക്കാതിരിക്കട്ടെ. കേസുകാരെല്ലാം അന്നാശ്വസിക്കട്ടെ. മനസ്സു് ഇതരചിന്തകളിൽ വ്യാപൃതമാകാതിരിക്കണം. വിശ്രമദിവസം അലസദിനമായിത്തീരാതിരിക്കാൻ വിപുലമായ ആനന്ദങ്ങളെല്ലാം നാം മുടക്കുന്നു. നാടകം, സക്കസ്സു്, മറു കാഴ്ചകൾ ദിവസത്തിന്റെ അല്പസമയമെങ്കിലും എടുക്കാതിരിക്കട്ടെ. നമ്മുടെ പിറന്നാൾദിവസം വിശുദ്ധദിനമാണെങ്കിൽ, ആഹ്ലാദച്ചടങ്ങുകൾ വേറൊരു ദിവസത്തേയ്ക്കു മാററിവയ്ക്കട്ടെ. ഈ പരിശുദ്ധ നിയമത്തെ ലംഘിക്കുന്ന പടയാളികൾക്കു സ്ഥാനനഷ്ടവും മറുദ്യോഗസ്ഥന്മാർക്കു ശമ്പളനഷ്ടവും ശിക്ഷയായിരിക്കട്ടെ."

അടിമകളുടെ സ്ഥിതി മെച്ചപ്പെടുത്താൻ തിരുസ്സഭ വിശ്രമദിനങ്ങളിൽ അടിമവേല നിരോധിച്ചു. മാത്രമല്ല വിശ്രമദിനങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുകയുംചെയ്തു. മദ്ധ്യശതകങ്ങളിൽ അദ്ധ്വാനത്തിൽനിന്നുള്ള വിശ്രമം ശനിയാഴ്ചത്തെ സന്ധ്യാപ്രാർത്ഥനയോടുകൂടെയാണു് ആരംഭിച്ചിരുന്നതു്. അങ്ങനെയത്രെ ശനിയാഴ്ച മദ്ധ്യാഹ്നം മുതൽ പൊതുഒഴിവു് ആരംഭിച്ചതു്.

മുഹമ്മദീയർ വെള്ളിയാഴ്ച പ്രാർത്ഥനാദിനമായി കൊണ്ടാടുന്നു.; യഹൂദർ ശനിയാഴ്ച വിശ്രമദിനമായി ആചരിക്കുന്നു. യഥാർത്ഥയഹൂദനെ സാബത്താചരണം കൊണ്ടു തിരിച്ചറിയാം. അതുപോലെതന്നെ, യഥാർത്ഥ ക്രിസ്ത്യാനി വിശ്രമദിനാചരണംകൊണ്ടു തിരിച്ചറിയപ്പെടുന്നു. നമ്മുടെ നിയമം യഹൂദന്മാരുടെതിനേക്കാൾ പരിപൂർണ്ണവും പരിശുദ്ധവുമാകയാൽ കർത്തൃദിന വിശുദ്ധീകരണം കൂടുതൽ പരിശുദ്ധമായിരിക്കേണ്ടതാണു്. വിശുദ്ധദിനം ആചരിക്കാത്തവൻ ക്രിസ്ത്യാനിയല്ല. തുടർച്ചയായി ഞായറാഴ്ച കുർബാന മുടക്കുന്നവരുടേയും ഞായറാഴ്ചകളിൽ ജോലി ചെയ്യുന്നവരുടേയും കത്തോലിക്കവിശ്വാസത്തെപ്പററി ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ആഴ്ചതോറും ഒരുപ്രാവശ്യം ദിവ്യബലിയിൽ സംബന്ധിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്നവർ വി. കുർബാനയിൽ വിശ്വസിക്കുന്നുവെന്നു പറഞ്ഞാൽ ആരു വിശ്വസിക്കും? വിശുദ്ധദിനങ്ങളിൽ ജോലി ചെയ്യുന്നവർ, "ലോകം മുഴുവനും നേടിയാലും ആത്മാവു നശിച്ചാലെന്തു പ്രയോജനം?" എന്ന ദിവ്യരക്ഷകന്റെ വാക്കുകൾക്കു് എന്തു പ്രാധാന്യം കല്പിക്കുന്നുണ്ടാവും? ഒരു മേശപ്പുറത്തു് ഏഴു രൂപാ വച്ചിരുന്നയാൾ തന്റെ വീട്ടിൽ വന്ന ഒരു തറവാട്ടുകാരൻ ഭിക്ഷുവിനോടു് 6 രൂപാ എടുത്തുകൊള്ളാൻ പറഞ്ഞു. അയാൾ 7രൂപായുമെടുത്തു സ്ഥലംവിട്ടാൽ ആ ഭിക്ഷുവിന്റെ കൃതഘ്നത ആരെയാണു കിടിലംകൊള്ളിക്കാതിരിക്കുക? ഞായറാഴ്ച ജോലി ചെയ്യുന്നവർ ആ ഭിക്ഷുവിനെപ്പോലെയല്ലെ?

കേരളകത്തോലിക്കർ വിശുദ്ധദിനാചരണത്തിൽ സാധാരണമായി ശ്രദ്ധാലുക്കളാണു്. എന്നാൽ ആധുനികകാലങ്ങളിൽ ചെറിയ കാരണങ്ങളെപ്രതി ഈ സൽപേരു നശിപ്പിച്ചുകൊണ്ടിരിക്കയാണു്. കൂടിയേറിപ്പാർത്തിരിക്കുന്ന കത്തോലിക്കർ ഇക്കാര്യത്തിൽ കുറവുകാരാണൊ എന്നു് ദൈവമാതാവിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ മെയ്മാസത്തിൽ ഒരാത്മപരിശോധന ചെയ്യുന്നതു് ഉത്തമമായിരിക്കും.

ഇടവകസംഘടനകൾ

ജെ. നെച്ചിക്കാട്ട്

ഒറ്റയ്ക്കുനിന്നു് പണ്ടു പടവെട്ടിയപ്പോൾ പുറംതള്ളപ്പെട്ട തൊഴിലാളികൾ ഇന്നു സംഘടിതരായി. ഭൂഗോളത്തെ മുഴുവൻ പിടിച്ചുകുലുക്കുവാൻ ഇന്നവർ പ്രാപ്തരായതിനു് ഈ നൂറ്റാണ്ടു് ദൃക്സാക്ഷിയാണു്. സംഘടനയുടെ വൻകാര്യങ്ങൾ പ്രവർത്തിക്കുവാൻ കഴിവുണ്ടെന്നതു് ഇതു പ്രസ്പഷ്ടമാക്കുന്നതു്. ചെത്തുതൊഴിലാളിസംഘടനയുടെ മുതൽ വിദ്യാർത്ഥിസംഘടനയുടെവരെ രൂപംകൊട്ടത്ത ഈ തലമുറതന്നെ സംഘടനകളുടെ പ്രതീകമാണെന്നു പറയുന്നതിൽ തെറ്റില്ല.

ഇടവകാടിസ്ഥാനത്തിലുള്ള സംഘടനകളെപ്പറ്റിയാണു് നമുക്കിവിടെ പരാമർശിക്കേണ്ടതു്. ഇടവകസംഘടനകൾക്കു് രൂപവും മേധാവിത്വവും നല്കുന്നവർ ഒരു കാര്യം ശ്രദ്ധിക്കണം. നൂറുനൂറുസംഘടനകളാവിഷ്കരിക്കുന്നതിലല്ല, പ്രവർത്തിപ്പാൻ തയ്യാറുള്ള തീക്ഷ്ണതയും തന്റേടവുമുള്ള, സന്മനസ്സും സേവനസന്നദ്ധതയുമുള്ള കുറെപ്പേരെമാത്രം സംഘടിപ്പിക്കുന്നതിലാണു് വിജയം അടങ്ങിയിരിക്കുന്നതു്. സംഘടനയാകുന്ന 'ചങ്ങല'യുടെ ഒരു കണ്ണിക്കു തരക്കേട്ടു പറ്റിയാൽ സംഘടന മുഴുവൻ ചൈതന്യമറ്റുപോകുമെന്നവസ്തുത വിസ്മരിക്കരുതു്. പല സംഘടനകളും വെറും വാഷ്കിയോഗവും റിപ്പോർട്ടുവായനയും മാത്രമായി കലാശിക്കുന്നതിന്റെ മൂലകാരണമിവിടെയാണു്.

ഈ സംഘടനകൾക്കു് വളരെ വ്യാപകമായി പ്രവർത്തിക്കുവാൻ കഴിയും. മങ്ങിയുറങ്ങിക്കിടക്കുന്ന വേദപാഠക്ലാസ്സുകളെ സജീവമാക്കി ക്രമീകരിക്കുന്നതിനും തിരുക്കർമ്മാദികളിൽ വിശ്വാസികളെ പരിശീലിപ്പിച്ചു് പങ്കാളികളാക്കുന്നതിനും ഇടവകയിലാകെ ക്രമവും പ്രശാന്തതയും സംസ്ഥാപിക്കുന്നതിനും ഭവനസന്ദർശനപരിപാടികളിൽ വൈദികരുടെ വലംകയ്യായി നിന്നു വർത്തിക്കുന്നതിനും ഇടവകാതിർത്തിക്കുള്ളിലുള്ള അക്രൈസ്തവരെ മാനസാന്തരപ്പെടുത്തുന്നതിനും സർവ്വോപരി വേദനയനുഭവിക്കുന്നവരുടെ കണ്ണുനീർ തുടയ്ക്കുന്നതിനും ഇടവകസംഘടനകൾക്കുള്ള കഴിവു വണ്ണ്നാതീതമാണു്. വിസ്താരഭയത്താൽ ഇവയിൽ ഒന്നിനേപ്പറ്റി–ഒടുവിൽ പറഞ്ഞതിനേപ്പറ്റി–മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ.

രണ്ടു വർഷങ്ങൾക്കു മുമ്പു് ഒരു മഴക്കാലത്തു മലബാറിന്റെ മലയോരങ്ങളിൽ നടന്ന ഒരു സംഭവമാണെന്റെ ഓർമ്മയിൽ വരുന്നതു്. മലബാർഭാഷയിൽ പറഞ്ഞാൽ വെറും 'അര ഏക്കേഴ്സ്സ്' മാത്രമുള്ള ഒരു കർഷകത്തൊഴിലാളിയും നാലഞ്ചു പിഞ്ചുകുഞ്ഞുങ്ങളും താമസിക്കുന്ന ഒരു ചെറ്റപ്പുര; അയാളുടെ മൂത്തമകനുമാത്രം പതിനാറോളം വയസ്സു പ്രായമുണ്ടു്; മറ്റുള്ളവരൊക്കെ പിഞ്ചുകുഞ്ഞുങ്ങളാണു്. 24മണിക്കൂറും പേമാരി പെയ്തിരുന്ന ആ ദിവസങ്ങളിൽ പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന ആ സാധുപടക്കമുണ്ടാക്കുകയായിരുന്നു, മെയ്മാസാന്ത്യാഘോഷങ്ങൾക്കായി. പൊട്ടുന്നനവെ, വെടിമരുന്നിനു തീപിടിച്ചു. അയാളുടെ ചെറ്റപ്പുര വെണ്ണീറായി. സർവ്വാഗം വെന്തുപൊള്ളി, ആ സാധുവും നിലംപതിച്ചു. ദൈവത്തിന്റെ പ്രത്യേകസഹായത്താൽ മൂത്തമകൻ പേമാരിയും വെള്ളപ്പൊക്കവും തൃണവൽഗണിച്ചു് പിതാവിനെ 30 മൈലകലെയുള്ള ഒരാശുപത്രിയിൽ കൊണ്ടുചെന്നാക്കി. എന്തിനധികം വിസ്തരിക്കുന്നു! തുപ്പാഥേയം സ്വീകരിക്കുന്നതിനുപോലും ആ കരിഞ്ഞ ചുണ്ടുകൾ പെട്ട പാടു് നിറഞ്ഞ കണ്ണുകളോടെയല്ലാതെ ഹൃദയമുള്ള വർക്കും കണ്ടുനില്ക്കുക സാധ്യമല്ല. അധികം താമസിയാതെ ആ ശരീരം ചേതനയറ്റുപോയി.

തികച്ചും അപരിചിതമായ ആ സ്ഥലത്തു് ആ സാധു പതിനാറുകാരൻ എന്തു ചെയ്യാനാണു്! അങ്ങകലെ ജീർണ്ണിച്ചടിഞ്ഞലിഞ്ഞുകിടക്കുന്ന മലയോരങ്ങളിൽ അവന്റെ പിഞ്ചുസഹോദരങ്ങൾ തണുപ്പും വിശപ്പും സങ്കടവും കൊണ്ടു തറയിലുരുണ്ടു നിലവിളിക്കുമ്പോൾ, വാടിത്തളർന്ന അവന്റെ കുരുന്നുഹൃദയം വേദനിക്കുമ്പോൾ സ്വപിതാവിന്റെ ശവസംസ്കാരം നിർവ്വഹിക്കുവാൻപോലും കഴിവില്ലാതെ അവൻ കുഴങ്ങുമ്പോൾ, ആശുപത്രിയധികാരികൾ അവനോടമഷ്ടം കൊള്ളുകയാണു്, ശവമെടുത്തു മാറാത്തതിൽ! ഭാവിയുടെ മൂടൽ മഞ്ഞലയുടെ മുമ്പിൽ, വേദനിക്കുന്ന ജീവി

തയാർത്ഥ്യങ്ങളുടെ മുമ്പിൽ ഒരു ചോദ്യ ചിഹ്നമായി ആ സാധു അവിടെ നിലകൊണ്ടു. തികച്ചും അജ്ഞാതമായ ആ പട്ടണത്തിൽ അവനെ സഹായിക്കാൻ ആരും ഇല്ലായിരുന്നു; രാഷ്ട്രം മാത്രം മുമ്പോട്ടവന്നു. ലൈസൻസില്ലാതെ വെടിമരുന്നുപയോഗിച്ചതിൽ അവന്റെ പേരിൽ അറസ്റ്റും വാറന്റുമായി! തുടർന്നുണ്ടായ അനിഷ്ടസംഭവങ്ങൾ ഇവിടെ വിട്ടുകളയുകയാണു്.

ഇടവകകളിൽ ഇത്തരം സാധുക്കളെ സമയോചിതം സഹായിക്കുവാൻ കഴിവുറ്റ ഒരു സംഘടനയുണ്ടായിരുന്നെങ്കിൽ എന്നു് അവിടത്തെ വഴിക്കല്ലുകൾപോലും പ്രതിജ്ഞാതമായ സ്വരത്തിൽ മന്ത്രിക്കുന്നതുപോലെ കാണപ്പെട്ടു. ഈ വേദനയുടെ മുമ്പിൽ നമ്മുടെ ഹൃദയം തുടിക്കണം. മനുഷ്യത്വം വികസിക്കണം— വികസിച്ചേ മതിയാകൂ. സ്വസഹോദരന്റെ കഴിമാടത്തിനു മുമ്പിൽ ഇറ്റിറ്റുവീഴുന്ന കൺതിരികളുമായിനിന്ന മത്തായേയും മരിയയേയും കണ്ടപ്പോൾ ക്രിസ്തുനാഥൻ നെഞ്ചുരുകി കരഞ്ഞില്ലേ? വിശപ്പുമൂലം വാടിത്തളർന്ന ജനക്കൂട്ടത്തെ കണ്ടപ്പോൾ ആ ദീനദയാലുവിന്റെ കരൾ സന്താപത്താൽ പൊന്തലിഞ്ഞില്ലേ? റോമാസാമ്രാജ്യത്തിലെ അഗതികളേയും വിധവകളേയും ആശ്വസിപ്പിക്കുവാൻ അപ്പോസ്തോലന്മാർ ആദ്യദിവസം മുതൽ പണിയെടുത്തതായി തിരുസ്സഭാചരിത്രത്തിൽ നാം വായിക്കുന്നില്ലേ? ചങ്ങലകളാൽ ബന്ധിതരായി ദിനരാത്രങ്ങൾ തള്ളിവിട്ടുകൊണ്ടിരുന്ന അടിമകളെ സ്വശരീരം പണയം കൊടുത്തുകൊണ്ടും വീണ്ടെടുക്കുവാൻ സന്ന്യാസിമാർ പോലും ശ്രമിച്ചുകൊണ്ടിട്ടുള്ളതായി നാം കേട്ടിട്ടില്ലേ? എങ്കിൽ ഇത്തരം വിങ്ങിപ്പൊട്ടലുകളുടെ മുമ്പിൽ നമ്മുടെ ക്രിസ്തീയത്വം വേദനിക്കണം; ഹൃദയം തുടിക്കണം.

"ഓടക്കുഴ"ലെന്ന പുസ്തകത്തിൽ ലോകത്തിന്റെ അധ:പതനം ചൂണ്ടിക്കാണിച്ചുകൊണ്ടു് ശ്രീ. ജി. ശങ്കരക്കുറുപ്പു ചോദിക്കുകയാണു് 'എവിടെകലാകാരൻ!' സമുദായത്തിലെ അധ:പതനത്തെ ചിറകെട്ടിയുയർത്തേണ്ടതു്, സാംസ്കാരികയിടിവിനെ സമുദ്ധരിക്കേണ്ടതു് കലാകാരനാണെന്ന അവബോധത്തിൽ നിന്നാണാചോദ്യം പൊന്തിവരുന്നതു്. അതേ ചോദ്യംതന്നെ ഇവിടെയും ചോദിക്കപ്പെടണം. ഹൃദയങ്ങൾ വേദനിക്കുന്നതു കണ്ടില്ലേ? കണ്ണുകൾ ഉരുകുന്നതു കണ്ടില്ലേ? എവിടെ ക്രൈസ്തവൻ! എവിടെ നാഥൻ കാണിച്ചുതന്ന ധാർമ്മികപ്രബുദ്ധതയും ജീവകാരുണ്യതൽപരതയും? ക്രൈസ്തവന്റെ കർത്തവ്യബോധം സടയുയർത്തുന്നില്ലെങ്കിൽ, ക്രൈസ്തവത്വം രംഗത്തുവരുന്നില്ലെങ്കിൽ പ്രശ്നം പരിഹരിക്കപ്പെട്ടുകയില്ല.

അണയാൻപോകുന്ന ഇന്നത്തെ ദീപനാളങ്ങളെ ശീതവാതത്തിൽനിന്നു സംരക്ഷിക്കുവാൻ സംഘടനയ്ക്കു കഴിയും— സംഘാതമായ സംഘടനയ്ക്കേ കഴിയൂ. സ്വകാര്യവ്യക്തികൾക്കു് അതിനുള്ള സൗകര്യവും ശേഷിയും ഉണ്ടായെന്നു വരുകയില്ല. അവരുടെ സന്മനസ്സും ശേഷിയും എല്ലാമെല്ലാം സ്ഥലകാലപരിധിസ്ഥിതികളെ ആശ്രയിച്ചാണിരിക്കുന്നതു്. എന്നാൽ സംഘടന ശാശ്വതമാണു്; അതിന്റെ ഉദ്ദേശ്യവും കഴിവും പ്രകൃതിയുമൊക്കെ ശാശ്വതങ്ങളാണു്. നിർദ്ദിഷ്ടസമയങ്ങളിലും സ്ഥലങ്ങളിലും സഹായമെത്തിച്ചുകൊടുക്കുവാനുള്ള പ്രവർത്തനലാഘവത്വവും അതിനുണ്ടു്.

തീക്ഷ്ണതയും തന്റേടവുമുള്ള യുവത്തിടമ്പുകൾ എല്ലാ ഇടവകകളിലുമുണ്ടു്. നാളെയെ സമുദ്ധരിക്കുവാൻ ആദിമസഭയുടെ പരസ്നേഹചൈതന്യം ഈ നൂറാണ്ടിലാവർത്തിക്കുവാൻ ആ കരങ്ങൾക്കു വിരുതുണ്ടു്. "അടി; തകർത്തെടു;" ഇടി; പൊടിയട്ടെ;" എന്ന രീതിയിലുള്ള അവരുടെ വിപ്ലവാത്മകമായ സമീപനരീതിയിൽ നാം ആകുലരാകേണ്ടതില്ല. യുവത്വത്തിന്റെ പ്രത്യേകതയാണതു്. ഉശിരോടും ഉന്മേഷത്തോടും, നെറിവോടും, നെഞ്ചുക്കോട്ടുകളുടെ പ്രവർത്തിക്കുവാനുള്ള അപ്രതിഹതമായ പ്രവണതയുടെ അവഭാസം മാത്രമായി അതിനെ കണക്കാക്കിയാൽമതി. വിവേകപൂർവം പ്രസ്തുത പ്രവണതയെ ഒന്നു നിയന്ത്രിച്ചാൽമതി; ഫലം അത്ഭുതാവഹമായിരിക്കും. മലമേടുകളിൽനിന്നു കുത്തിയൊലിച്ചു കിഴക്കാൻതുക്കായി ഊക്കോടെ പതിക്കുന്ന കാട്ടാറുകൾ സദാ നാശകാരികളെന്നു് വിധിയെഴുതേണ്ടതുണ്ടോ? ഒരിക്കലുമില്ല. അതു് അവയുടെ പ്രകൃതിയാണു്. ഒരണകെട്ടി അവയെ അല്പമൊന്നു നിയന്ത്രിക്കുക. വരണ്ട നെല്പാടങ്ങളെ അവനാളെ മുതൽ വിളഭൂമികളാക്കും. ഈ മഹത്കീകരണം നമുക്കു് സുപരിചിതമാണു്; വിദ്യാഭ്യാസബില്ലിനെതിരായി സ്വരമുയർത്തുവാൻ, വിമോചനസമരകാലത്തു് 'ഇടിയുമടിയും പി



മണ്ണിൻമകൻ

ബ്ര. സി. കെ. മാത്യു, കണ്ണോത്തു്

(കേക)

അന്തിയാം ശവപ്പെട്ടിതന്നിലാ പകലവ-
നന്ത്യവിശ്രമംകൊണ്ട താഴന്ന പടിഞ്ഞാറു്
ആത്തരാം ദിഗന്തങ്ങൾ വെട്ടിയ മൺക്കുനപോ-
ലിത്തിരി മേഘം കാണാം ചക്രവാളത്തിൻ–
മീതെ.
നിശ്ചലം നിന്ന ഞാനാ മുകമാം ശ്മശാനത്തി-
ലച്ഛനെന്നേയ്ക്കും പള്ളിയുറങ്ങും–
പിള്ളത്തൊട്ടിൽ
ആണ്ടുകളൊന്നൊന്നായി യൊൻപതു-
കഴിഞ്ഞിട്ടും
വീണ്ടുമെൻ ഹൃദയത്തിൽ വേദന തളംകെട്ടി.
ഓർമ്മകൾ നിരത്തിയെൻ മുൻപില–
ഞ്ഞൊരായിരം
നിർമ്മലസത്യങ്ങൾ തൻ നിസ്തുല നൂലാമാല.
ജീവിതം സന്തുഷ്ടമായ്ത്തീരുവാൻ–
മലബാറിൻ
ഭൂവിതിൽ കൂടിയേറിത്താതനും കുടുംബവും.
ആനയും കടുവായും സിംഹവും ക്രൂത്താടിയ–
കാനനം പൂന്തോപ്പാക്കി മാറ്റുവാൻ–
വെമ്പൽകൊണ്ട.
കാരിരുമ്പുപോലുള്ള കട്ടത്തകരങ്ങളാൽ
ഘോരമാരണ്യം വെട്ടിച്ചുട്ട ചാമ്പലായ്മാറ്റി.
ആയിരം പ്രതീക്ഷയിൽ മണ്ണുമായ് പടവെട്ടാൻ
സായുധ ഭടനെപ്പോൽ കുതിച്ചു മുമ്പോട്ടേയ്ക്കു്.
മുളച്ചുപൊങ്ങി തെങ്ങും കമുകും പിലാവും നൽ
മുളകിൻവള്ളികളു മെങ്ങുമെ സമൃദ്ധിയിൽ.
കനകം വിളയിക്കാൻ പോരുമീ മണ്ണെന്നാരും
മനസ്സിൽ നിനച്ചില്ലാ നാളതുവരേയ്ക്കുമെ.
പ്രകൃതി വളംചേർത്തു നിത്യവും നനയ്ക്കുവെ
വികൃതിക്കാറ്റിന്റെ മെയ് കുളിരും തലോടലിൽ
വളരും പൂഞ്ചോലകൾ മധുരക്കിനാവുമാ-
യൊളികണ്ണിട്ടും ഗ്രാമബാലനാരികൾ പോലെ
കഴിയും വേഗം പൂത്തുകായിച്ചു ഫലമേകാൻ
കരുതി ക്കൊതിപൂണ്ട നിന്നിതങ്ങെവിടെയും
എങ്കിലുമധ്വാനത്തിൻ മാധുര്യഫലങ്ങളാ–
തേങ്കനി കാണാൻ കാത്തുനില്ലാതാ–
'മണ്ണിൻമകൻ'
പൂകിതു പരലോകം. വിധിതൻ കൊട്ടംവാളാം
രോഗത്തിന്നടിപ്പെട്ട നിത്യമായ്–
തകർന്നുപോയ്
ഞാനറിഞ്ഞില്ലാ യെന്റെ കണ്ണുകൾ നിറഞ്ഞതു്
മാനസേ തിങ്ങും വിങ്ങും വേദനസ്മരണയാൽ
അന്തിതൻ കട്ടഞ്ചോപ്പങ്ങിനിയുമാഞ്ഞിട്ടില്ലാ
ചിന്തതൻ ലോകത്തിന്നു മുണർന്നു ഞാനും–
വേഗം.

ടിക്കാൻ' പരിശീലിക്കപ്പെട്ട യുവത്തിടമ്പുകളുടെ ചരിത്രം ഇതിനു മകുടോദാഹരണമാണു്.

പക്ഷേ, ബട്ടനമർത്തിയാൽ സദാ കത്തിനില്ക്കുന്ന വൈദ്യുതവിളക്കുകളല്ല, സംഘടനകൾ. ചൂടും പൊള്ളലുമേറ്റു് നാമതിനെ കരിക്കട്ടയിൽനിന്നുതിക്കത്തിക്കണം; കാറേറല്ക്കാതിരിക്കുവാൻ കൈകൊണ്ട പൊത്തിപ്പിടിക്കണം. നോട്ടപ്പിശകുവന്നാൽ കൊടുങ്കാറ്റു വന്നു് അതിനെ കെടുത്തിക്കളഞ്ഞേക്കാം, എണ്ണ വററിപ്പോകാം, തിരി തീർന്നുപോകാം. ചിലപ്പോൾ യാദൃച്ഛികമായി അതിന്റെ ഒരു പൊരി പറന്നുവീണു ഭവനം മുഴുവൻ വെന്തു വെണ്ണീറാ യെന്നുംവരാം. സംഘടനാനിർമ്മാണത്തിനും സംരക്ഷണത്തിനുമുള്ള പ്രതിബന്ധങ്ങളാണിവ. പലപ്പോഴും നമ്മുടെ വിൻസെന്റ്ഡിപോൾ സംഘടനകൾ അഞ്ചാറു വ്യക്തികളുടെ 'തനതുകാര്യ'മായി അധ:പതിക്കുന്നതിവിടെയാണു് പത്തു രൂപയുടെ മൂലധനവും ആണ്ടിലൊരു മീറ്റിങ്ങും മാത്രമായിരിക്കും അതിന്റെ വാഷിക പരിപാടി.

മുതലാളിയും തൊഴിലാളിയും

"If black and white blend, soften, and unite
A thousand ways, are there no black and white?"

"നെല്ലളന്നിട്ടുംകൊണ്ടുനില്ക്കുമാ കൃഷിക്കാരൻ
തെല്ലു നീരസമോടെ പിച്ചക്കാരനെ നോക്കി
"വേലചെയ്യണം വേല" സമ്പന്നനക്കണ്ണിന്റെ
മൂല കൂർപ്പിച്ചുംകൊണ്ടു തന്നർത്ഥശാസ്ത്രം നിത്തി." (ജി.)

ജെ. മൂലേക്കുടി, വാഴക്കുളം

"Force and right are the governors of this world: force till right is ready—ശക്തിയും അവകാശവുമാണ്, ഇന്നു ലോകത്തെ ഭരിക്കുന്നതു; അവകാശം അടങ്ങണമെന്നുണ്ടെങ്കിൽ, ശക്തി പ്രബലപ്പെടണം" എന്നു രാഷ്ട്രത്തിൽ തഴക്കവും പഴക്കവും ചെന്ന മഹാനായ എഡ്മണ്ട് ബർക്ക് പറയുന്നു. ശക്തി ബാഹ്യാടയാളമാണ്; അവകാശവാദമോ, ആന്തരികപ്രചോദനവും. ശക്തി പ്രദാനംചെയ്യുന്ന കാര്യങ്ങൾ, മാനസികമായി പൊരുത്തപ്പെട്ടാലെ, അതിനു ശേഷിയും ശേമുഷിയുമുണ്ടാകൂ. കണ്ടുനിശ്ചയിക്കുന്ന കാര്യങ്ങൾക്കു കേട്ടു നിശ്ചയിക്കുന്ന കാര്യങ്ങളേക്കാൾ, തീച്ചയും മൂച്ചയുമുണ്ട്, എന്നും, എവിടെയും.

"തേവലും കിളയ്ക്കലും കൊണ്ടുപോം പകൽ–
രാവൊ
വേവലാതികളുള്ളിൽ വെച്ചു നീറ്റുവാൻ–
മാത്രം!
ഏഴകൾപൊറുക്കുന്ന മാടങ്ങളിമ്മട്ടത്രേ!
പാഴത്രേ നവ പരിഷ്കാരത്തിൻ–
ജയോൽഘോഷം"

എന്ന വാക്യങ്ങൾ മനുഷ്യജാതിയിലുള്ള ഒരു പരന്ന പിളർപ്പ് കണ്ടുമുട്ടുന്നു! അവകാശങ്ങളും അവശതകളും തമ്മിലുള്ള സംഘട്ടനമാണ്, ഇവിടെ ദൃശ്യമാകുന്ന സംഗതി. പണവും പ്രതാപവും സുഖാനുഭൂതികളും ആഭ്ടവുമൊക്കെ, സമുദായത്തിന്റെ ഒരറ്റത്തും, പട്ടിണിയും തൊഴിലില്ലായ്മയും, ദൈന്യവും ദാരുണമായ ദുരിതങ്ങളും മറുവശത്തും, നടമാടിയാൽ വിപ്ലവമായിരിക്കും പരിണതഫലം. മുതലാളിയും രതാഴിലാളിയും എന്ന വിഭാഗമുണ്ടായതു, ശക്തിയുടേയും അവകാശത്തിന്റേയും അനന്തരഫലമാണ്.

കുന്നുകളും തടങ്ങളും എന്ന വിവിധ സ്ഥിതിയിലാണ്, ഭൂപ്രകൃതിയുടെ കിടപ്പ്. അതനുസരിച്ചുതന്നെയാണ് ലോകത്തിലെ സകല ചരാചരങ്ങളുടേയും സ്ഥിതിഗതിയും. കൈയ്യുടെ വിരല്വകൾപോലെ വല്യപ്പച്ചെറുപ്പം ഒരാവശ്യമാകുന്നു, ലോകത്തിൽ. വലിയവനും ചെറിയവനും വന്നു ഭവിച്ചാലേ ലോകത്തിന്റെ സൗന്ദര്യം സുന്ദരമായി സാധിക്കയുള്ളൂ. മുതലാളിയുണ്ടെങ്കിലേ തൊഴിലാളിയുണ്ടാകാൻ വഴിതെളിക്കൂ. മുതലും തൊഴിലും അന്യോന്യം ബന്ധപ്പെട്ടകഴിയുന്നു വെന്നുവേണം പറയുവാൻ. തന്മൂലം, മുതലാളിയെ ഇടിച്ചുതാഴ്ത്താനൊ തൊഴിലാളിയെ വാനോളം വാഴ്ത്താനൊ വഴി കാണുന്നില്ല. Aruthur young പറയുന്നു: "Every one but an idiot knows that the lower classes must be kept poor! വങ്ങളായിക്കഴിയണമെന്നു.

പത്തൊൻപതാംനൂറ്റാണ്ടിൽ യൂറോപ്പിലാകമാനം മുതലാളിയുടെ മഹത്വം പൊക്കിക്കാണിക്കാൻ തുടങ്ങി. തൊഴിലാളികളെ അടിമകളായി കണക്കാക്കുക മാത്രമല്ല, വീർപ്പുമുട്ടിക്കുന്നതിനുള്ള പരിപാടികൾ പലതും പരസ്യം

കരഞ്ഞു കരിയുന്ന ജീവിതങ്ങളിൽ ക്രിസ്തുനാഥന്റെ പരസ്നേഹചൈതന്യവുമായി പാഞ്ഞെത്തുവാൻ, അധ്വാനിക്കുന്നവരേയും, ഭാരംചുമക്കുന്നവരേയും ആശ്വസിപ്പിക്കുവാൻ അത്യാഹിതത്തിൽപ്പെട്ടവർക്കാലംബമരുളുവാൻ കഴിവുറ്റ ഒരു സംഘടന ഓരോ ഇടവകകളിലും കരുപ്പിടിപ്പിക്കുകയെന്നതു് ഇന്നത്തെ അത്യാവശ്യം മാത്രമാണ്.

ചെയ്ത മുതലാളികൾ, പടന്ന പന്തലിച്ച വിതാപകരമായ ആ അടിമ മനഃസ്ഥിതി ആവേശംകൊള്ളിച്ചു തൊഴിലാളികളെ. മറയും മുറയും കൂടാതെ രംഗത്തു ചാടിവീണ തൊഴിലാളികൾ അരയും തലയും മുറുക്കിക്കൊണ്ട്. പ്രഞ്ച വിപ്ലവം വളമായിത്തിന്ന, തൊഴിലാളിയുടെ ഭാഗത്തു്.

എരിയുന്ന തീയിൽ എണ്ണയെന്നവണ്ണം മാക്സ്പ്രഭൃതികൾ തൊഴിലാളികളുടെ താഴ്ത്തയും മുതലാളികളുടെ ദുഷിച്ച മുഷ്ക്കരാവവും പൊക്കിക്കാണിച്ചു. ഇരുപതാംനൂറ്റാണ്ടു് ആദ്യമായി ദർശിച്ചതു് പ്രസ്തുത ആനുശയങ്ങളുടെ വേലിയേറ്റമാണു്. കൊടുങ്കാറ്റുപോലെ ശക്തിയായി അടിച്ച തൊഴിലാളി മുറവിളി റഷ്യൻവിപ്ലവത്തിനു വഴിതെളിച്ചു, കളം വൃത്തിയാക്കി. കമ്മ്യൂണിസ്സവും സാമൂഹ്യവ്യവസ്ഥിതിയും പുരോഗമനലേബലിൽ, സ്വാതന്ത്ര്യം, സമത്വം സാഹോദര്യമെന്ന തലക്കെട്ടോടുകൂടി ഭൂമുഖത്തു പ്രത്യക്ഷപ്പെട്ടു. തൊഴിലാളികൾ ദീർഘശ്വാസം വിട്ടു് ആശ്വസിച്ചു.

സമത്വത്തിലും സ്വാതന്ത്ര്യത്തിലും മുളയെടുത്ത സാമൂഹ്യവ്യവസ്ഥിതി, സാധനപാഠങ്ങൾ പലതും വാരിവിതറുവാൻ ആരംഭിച്ചു. മുതലാളി തൊഴിലാളി വ്യത്യാസത്തെ കടയോടെ പിഴുതെറിഞ്ഞതിനാൽ വേലചെയ്യുന്നതിനും ചെയ്യിക്കുന്നതിനും ആളില്ലാതെ കുഴങ്ങി. റഷ്യ. അഞ്ചുകൊല്ലക്കാലം ഭരണകൂടത്തിന്റെ ചുക്കാൻപിടിച്ചതു് എല്ലാവരുംകൂടിയായിരുന്നു. എന്നാൽ ഭരണമേധാവികളൊന്നുമില്ലാത്ത ഒരു സങ്കല്പരാജ്യം! പഞ്ഞവും പട്ടിണിയും രാജ്യത്തു നടമാടി. ഭാവനയിലുള്ള ഈ സ്വതന്ത്രഭരണം തനിപൊന്നല്ലെന്നു ഗ്രഹിച്ചു, ആ ജനതതി. മുതലാളിയുടേയും തൊഴിലാളിയുടേയും വിടവു നികത്താതെ –തിരിമുറിച്ചെറിയാതെ–തരമില്ലെന്നു വന്നു വശായി!

"നട്ടച്ചവെയിലേറ്റെരിയുന്ന പൊട്ട-
പ്പറമ്പിലേതാണൊരു തള്ള പാവം;
ഉണങ്ങിനില്പും പരുവച്ചുവട്ടി-
ലിരുന്ന പൂക്കൊട്ട മെടഞ്ഞിരുന്നു."

കവി രാമുണ്ണിമേനോൻ സരസമായി വർണ്ണിക്കുന്ന ഈ കാഴ്ച കാതലുള്ളതായി ലോകത്തിനു ഗ്രഹിക്കാൻ കഴിഞ്ഞു.


"കണ്ണള്ളോരുടെയെല്ലാം പരിണത
പുണ്യമാം മിളംപൈതലൊന്നല്ലയോ,
പാഴറ്റ ചെറുമാടത്തിൻ മുറ്റത്തു
പൂഴിയിലഹോ പൂണ്ടുകിടക്കുന്നു!"
"പാവങ്ങളുടെ രക്തം കുടിച്ചഹം-
ഭാവമാന്തെഴും തമ്പ്രാക്കന്മാരഹോ
ഇപ്പൊടിപൈതലിന്റെയും തെല്ലൊരു-
കയ്യുമാറുവാൻ കാത്തിരിക്കുന്നുണ്ടാം."

(രാമുണ്ണിമേനോൻ) മനുഷ്യശരീരങ്ങളെ കോരിത്തരിപ്പിക്കുവാൻ പറ്റിയ ധാരയാണു് പ്രസ്തുത പദ്യങ്ങൾ,

ഇരുപതാംനൂറ്റാണ്ടിന്റെ നട്ടുറിയായതോടെ തൊഴിലാളി മുതലാളി ബന്ധം അരക്കിട്ടു് ഉറപ്പിക്കതന്നെ ചെയ്തു, മറക്കുടാതെ. മുതലാളിയെ ലോകം ഒന്നാകെ പെരുത്തു. തൊഴിലാളി മുന്നേറി.

കാരണംകൂടാതെ ഒരു കാര്യവും ലോകത്തിലില്ലയെന്നു് തത്വശാസ്ത്രം നമ്മെ ഉൽബോധിപ്പിക്കുന്നു (Nullus effectus sine Causa) കാരണത്തിന്റെ കാതൽ കണ്ണുള്ളവർക്കും, കരളുള്ളവർക്കും കാണാൻകഴിയും. മുതലാളി, തൊഴിലാളിയുടെ രക്തം ഊറ്റിക്കുടിച്ചു്, പണം സമ്പാദിച്ചു് മണിമേടകളിലും ചലിക്കുന്ന കൊട്ടാരങ്ങളിലും സുഖമായി കഴിയുന്നു! തൊഴിലാളി നന്നുചീഞ്ഞ അവസ്ഥയിൽ എന്നും കഴിഞ്ഞുകൂടുന്നു! തൊഴിലാളികൾ വിയത്തു് വിവശരായി പണിയെടുത്തു് മുതലാളിക്കു് ധനാഗമമാർഗ്ഗങ്ങൾ വെട്ടിത്തെളിച്ചു് ഭീമമായ ലാഭം പ്രദാനംചെയ്യുമ്പോൾ, ആ ലാഭത്തിന്റെ തുച്ഛമായ ഒരംശമെങ്കിലും തൊഴിലാളിയുടെ ഉന്നമനത്തിനുവേണ്ടി ചെലവാക്കുന്നില്ല. മാക്സാണു് ആ ദയനീയ നീചമനഃസ്ഥിതി ലോകത്തിനു പൊക്കിക്കാണിച്ചുകൊടുത്തതു്. കത്തോലിക്കസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന 13–ാം ലേയൊപാപ്പാ കഴിഞ്ഞനൂറ്റാണ്ടിന്റെ അന്ത്യത്തിൽ പ്രസ്തുതാശയം ഗ്രഹിച്ചതിന്റെ ഫലമായി "റേരും നൊവാരും"എന്ന ചാക്രികലേഖനം പ്രസിദ്ധംചെയ്തു. അന്നാരും ആ ദീർഘദർശിയായ പിതാവിന്റെ ആഹ്വാനം ശ്രദ്ധിച്ചില്ല. തന്മൂലം മുതലാളി തൊഴിലാളി വിടവ് അകന്നു് അശ്രുധാരയോടുകൂടിയ അനുഭവങ്ങൾ വന്നുകൂടി. തക്ക പ്രതിവിധി, തക്കസമയത്തു് നടത്താൻ ലോകം മടിച്ചതിന്റെ പരിണതഫലമാണു് ഇന്നു കാണുന്ന കണ്ണുനീരും കമ്മ്യൂണിസവും.

കൂട്ടനാട്ടിൽ മട വീഴുമ്പോൾ ജനങ്ങൾ ഭയവിഹ്വലരായി പാഞ്ഞെത്തി പലേ തടകളും എറിയുക പതിവാണു്. ഒഴുക്കിന്റെ ശ



'അങ്ങോട്ട കയറേണ്ട അതെൻറതാണ്'

കുറവിലങ്ങാട് ജോസഫ്

സ്ഥലത്തെ ചെറുകിടജന്മികളിൽ ഒരാളാണ് മത്തായിച്ചേട്ടൻ. അയാൾ ജന്മിത്വത്തിലേയ്ക്കുയരാൻ ഇടയാക്കിയ സാഹചര്യങ്ങളെപ്പറ്റി അനവധി കഥകൾ പലക്കും പറയാനുണ്ട്.

മത്തായിച്ചേട്ടൻ പഞ്ചായത്തു മെമ്പർ സ്ഥാനത്തേയ്ക്കു മത്സരിച്ചപ്പോഴാണ് ആ കഥകളധികവും പ്രസംഗവേദിയിൽനിന്നു പലരും വിളിച്ചുപറയാനിടയായതു്. ആ കഥകൾ കേട്ടപ്പോൾ കവിതാവാസനയുള്ള ചിലർ നാടൻ ശീലുകളിൽ ചില ചില്ലറക്കവിതകളെഴുതി.



മറ്റുചിലർ ഇലക്ഷൻഗാനങ്ങളും, അങ്ങാടിപ്പിള്ളേർ അതേറ്റുപാടി. ആ ഗാനത്തിൻെറ ഈരടികൾ കയ്യാലയിലും ഭിത്തിയിലും മരത്തിലും റോഡിലും എന്നുവേണ്ടാ, "എവിടെത്തിരിഞ്ഞാലും നോക്കിയാലും" കരി, ചോക്ക്, ചുണ്ണാമ്പ്, വെട്ടുകല്ല് എന്നിവകൊണ്ട് വടിവില്ലാത്ത അക്ഷരങ്ങളിൽ എഴുതിവച്ചിരിക്കുന്നതേ കാണാനുള്ളൂ. കൊച്ചുകുട്ടികൾ വീട്ടുമുറ്റത്തുകൂടെ ഇലക്ഷൻ ഘോഷയാത്രകൾ നടത്തുമ്പോഴും കേൾക്കുന്നതു് ഈ ഗാനത്തിൻെറ അവ്യക്തമായ ഈരടികളാണ്.

മത്തായിച്ചേട്ടൻെറ സ്ഥാനാർത്ഥിത്വത്തിനു് എതിർപാർട്ടികൾ ചൂണ്ടിക്കാണിച്ച അയോഗ്യത അന്യായമായ ജന്മിത്വമാണ്. എങ്കിലും പണവും ആൾസ്വാധീനവും ഉണ്ടായിരുന്നതുകൊണ്ട് മത്തായിച്ചേട്ടൻതന്നെയാണു തിരഞ്ഞെടുപ്പിൽ ജയിച്ചതു്.

ഇലക്ഷനോടുകൂടി മത്തായിച്ചേട്ടനെ പരക്കെ എല്ലാവരും അറിയുവാൻ തുടങ്ങി. അതോടുകൂടി അയാൾ ചെയ്തിട്ടുള്ള അക്രമങ്ങളും. അന്നത്തെ തിരഞ്ഞെടുപ്പുയോഗങ്ങളിൽ മത്തായിച്ചേട്ടൻെറ ഏറ്റവുംവലിയ ശത്രുവായ ബീഡിതെറുപ്പുകാരൻ അവറാൻ വളരെ വാശിയോടെ പ്രസംഗിച്ചുകേട്ടതിൻെറ ചുരുക്കം ഏതാണ്ടിപ്രകാരമാണ്:

മത്തായിച്ചേട്ടൻ ആദ്യകാലകുടിയേറ്റക്കാരിൽ ഒരുവനാണ്. എന്നുവച്ചാൽ ജന്മിമാർ കുടിയേറ്റക്കാരെ ചാക്കിട്ടുപിടിച്ചു ചാത്തിക്കൊടുത്തിരുന്ന കാലം. അതുകൊണ്ട്, കുറെ പണവുമായി വന്ന മത്തായിച്ചേട്ടനു് 5 രൂപാക്രമത്തിൽ നൂറേക്കർ സ്ഥലം കിട്ടി. അതിൽ

ക്തികൊണ്ട് ഇട്ടുന്ന തടകളെല്ലാം അപ്രത്യക്ഷമാകയുംചെയ്യും. ശക്തിയേറിയ വെള്ളപ്പാച്ചിലിനു് എതിർശക്തി സ്ഥാപിച്ചാലേ മടതടയുവാൻ സാധിക്കയുള്ളൂ. മുതലാളി തൊഴിലാളി മട ഇരുട്ടുകൊണ്ടടയ്ക്കുക ഇനി സാധ്യമല്ല. മുതലാളി മാളികയിൽനിന്നും ഇറങ്ങി മനുഷ്യത്വം കാണിച്ചേ അടങ്ങു കാര്യങ്ങൾ.

തൊഴിലാളിയുടെ മുക്കുമുഷ്ടി പഞ്ഞത്തിനും പണനഷ്ടത്തിനും തൊഴിൽരാഹിത്യത്തിനും ഇടം നല്കും. തന്മൂലം സഹിച്ചും ക്ഷമിച്ചും മുമ്പോട്ടുപോകണം. അവകാശങ്ങൾ— ന്യായമായ നീതികൾ— കൈവരുത്തുന്നതിനു് അക്രമമല്ല, ന്യായമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയിരിക്കുന്നു. അധികാരം ആവശ്യമാണു് രാഷ്ട്രം മുമ്പോട്ടു പോകുന്നതിനു്. അക്രമംകൊണ്ടു് ഒരു രാജ്യവും, ഒരു ജനതതിയും പുരോഗമിച്ചിട്ടില്ലായെന്നു് അനുഭവം വിളിച്ചുപറയുന്നു. മുതലാളിയും തൊഴിലാളിയും ഒരുഞെട്ടിലെ രണ്ടു പൂക്കൾപോലെ വർത്തിച്ചാൽ, ശ്രേയസ്സുരമായിരിക്കും.

300രൂപയേ കൊടുത്തിട്ടുള്ളൂ. ബാക്കി 200 രൂപാ ചോദിക്കാൻവന്ന കായ്സ്ഥനെ ഒരിക്കൽ മത്തായിച്ചേട്ടൻ തല്ലിവിട്ടതുകൊണ്ട് അവരാരും പിന്നീട് പണം ചോദിക്കാൻ അങ്ങോട്ട ചെന്നിട്ടില്ല. അങ്ങനെ ആ 200രൂപാ കാലഹരണപ്പെട്ട.

ആളുകൾ വീട്ടം കൂട്ടം വിറ്റു നാട്ടിൽനിന്നു കൂട്ടത്തോടെ മലബാറിലേയ്ക്കു പ്രവഹിച്ചുതുടങ്ങി. പണവുമായി വരുന്നവരെ കാണുമ്പോൾ മത്തായിച്ചേട്ടനറിയാം. അങ്ങനെ വരുന്നവരെ അദ്ദേഹം കായ്മായി സ്വീകരിച്ചു വീട്ടകാര്യങ്ങളും നാട്ടകാര്യങ്ങളും ചിലപ്പോൾ, കണ്ണിയറ്റുപോയ ചില കുടുംബബന്ധങ്ങളും ചൂണ്ടിക്കാണിച്ചു വീട്ടിൽകൊണ്ടുപോയി സല്ലരിക്കും. എന്നിട്ട്, ആ നാട്ടിൽ വില്പനയ്ക്കുള്ള മറ്റു വസ്തുക്കളെപ്പറ്റി മനഃശാസ്ത്രപരമായ ഒരു പ്രസംഗവും. അവിടെയുള്ളതിൽ മത്തായിച്ചേട്ടന്റെ ഭൂമിയൊഴിച്ചു് മറെറാന്നും വാങ്ങിപ്പോകരുതു്; മുഴുവൻ 'കച്ചറ'യാണു്. എന്നുള്ളതായിരിക്കും ആ പ്രസംഗത്തിന്റെ ചുരുക്കം.

എട്ടും പൊട്ടും തിരിയാത്ത ആ സാധുകഷ്കർ ആദ്യമായി മലബാറിലേയ്ക്കു വരുന്നതുതന്നെ ഉള്ളതുമുഴുവൻ വിറ്റിട്ടാണു്. യാതൊരു താങ്ങും തണലുമില്ലാത്ത ആ സാധുക്കൾ മത്തായിച്ചേട്ടന്റെ നാട്ടുമഹത്വവും മമതയും ലോഹ്യവും സ്നേഹപ്രകടനങ്ങളും കാണുമ്പോൾ "കത്താവേ, ഇതെന്തൊരു മനുക്ഷേൻ" എന്നു പറഞ്ഞുപോകും. അവർ മത്തായിച്ചേട്ടന്റെ വസ്തുതന്നെ ഉറപ്പിച്ചുപോകും. ചിലർ വിശ്വസിച്ചു് കൈയിലുള്ള പണം മുഴുവൻ മത്തായിച്ചേട്ടനെ ഏല്പിക്കുകയുംചെയ്യും. ഉടൻതന്നെ മത്തായിച്ചേട്ടൻ, അവർ ആവശ്യപ്പെട്ടതനുസരിച്ചു് പത്തോ പതിനഞ്ചോ ഏക്കർ സ്ഥലം എഴുതിക്കൊട്ടക്കുകയുംചെയ്യും. അവർ പുരവച്ചു് അവിടെ താമസവുംതുടങ്ങും.

ആൾ താമസം തുടങ്ങുമ്പോൾ മത്തായിച്ചേട്ടന്റെ മട്ടൊന്നു മാറും. സൂക്ഷിക്കാൻ ഏല്പിച്ചിരുന്ന പണം വന്നുചോദിച്ചാൽ ആദ്യത്തെ ഒന്നു രണ്ടു തവണ ഒഴിവുകഴിവുകൾ പഞ്ഞൊഴിയും. പിന്നീട ഗൗരവമാണു്, ഉഗ്രശരീരനാണു മത്തായിച്ചേട്ടൻ. മുൻവശത്തു് രണ്ടുമൂന്നു പല്ലുകൾ അടയ്ക്കാനുറുക്കുകൾപോലെ തെറിച്ചു നില്ക്കുന്നു. മൂക്കാണെങ്കിൽ ലേഡീസ് അമ്പ്രല്ലായുടെ പിടിക്കുകൊള്ളാം. പണം ചോദിക്കാൻ വരുന്നവരുടനേരെ ആ മൂക്കും അടയ്ക്കാനുറുക്കുകൾപോലുള്ള പല്ലുകളുംകൊണ്ടു് വികൃതമായ ഒരു ഗോഷ്ടി കാണിക്കുമ്പോൾതന്നെ അവർ ഭയപ്പെട്ടോട്ടും. അതുമാത്രവുമല്ല, അയാളെപ്പോലെ അജ്ഞാനബാഹുക്കളായ അഞ്ചെട്ടു് ആൺമക്കളും.

ഒരിക്കൽ ഒരാൾ പണം ചോദിക്കാൻ ചെന്നതു് കഠാരിയുമായിട്ടാണു്. അന്നു് മത്തായിച്ചേട്ടനും മക്കളുംകൂടി അയാളെ തല്ലിവിട്ട. അതിൽപിന്നെ സൂക്ഷിക്കാൻ ഏല്പിച്ചിരുന്ന പണം ചോദിക്കാൻ ആരും ധൈര്യപ്പെട്ടിട്ടില്ല. "കഞ്ഞിവയ്ക്കാൻ അരിയില്ലെങ്കിൽ പട്ടിണി കിടക്കാം; എന്നാലും നിങ്ങൾ പണം ചോദിക്കാൻ ആ കാലന്റെ അടുത്തോട്ട പോകണ്ട" മത്തായിച്ചേട്ടന്റെ ഒരു കുടിയാനവനായവക്കിയോട്ട അവന്റെ കെട്ടിയവൾ പറഞ്ഞതാണിതു്.

സൂക്ഷിക്കാൻ കൊടുത്തിരുന്ന പണത്തിന്റെ കായ്മും ഏതാണ്ടിപ്രകാരമൊക്കെയായി. ഇനി, എഴുതികൊടുത്തിട്ടുള്ള വസ്തുവിന്റെ കാര്യമാണു്. പതിനഞ്ചേക്കർ വാങ്ങിയിട്ടുള്ള ഒരുവൻ അതു മുഴുവൻ ഒരു വർഷംകൊണ്ടു തെളിച്ചുവെന്നു വരികയില്ല. അവൻ ഒരു നാലഞ്ചേക്കർ തെളിച്ചുകഴിയുമ്പോൾ വേറൊരുവൻ വന്നു പറയും "ഇനി, ഇങ്ങോട്ട കയറണ്ട; അതെന്റെറയാണു്" കൃഷിക്കാരൻ കുഴയും. മത്തായിച്ചേട്ടനോടു പറയാനും വയ്യ. അങ്ങോട്ടചെന്നാൽ തല്ലുകിട്ടും. ചിലപ്പോൾ ആളപായവും ഉണ്ടായേക്കാം. പതിനഞ്ചേക്കർ സ്ഥലത്തിനു വിലകൊടുത്തു് ആധാരം വാങ്ങിയൻ ഒടുവിൽ അഞ്ചേക്കർകൊണ്ടു് തൃപ്തിപ്പെടേണ്ടിവരും. ഇതാണു് മത്തായിച്ചേട്ടനോടു സ്ഥലം വാങ്ങിയവർക്കെല്ലാമുള്ള അനുഭവം. അതിരുതക്കങ്ങളും, വാക്കേറങ്ങളും അടിപിടിയും കത്തിക്കുത്തും അവിടങ്ങളിൽ സാധാരണ നടക്കാറുള്ള സംഭവങ്ങളാണു്.

ബീഡിതെറുപ്പുകാരൻ അവറാന്റെ അളിയൻ കുഞ്ഞപ്പിയും മത്തായിച്ചേട്ടൻ ജന്മിയോടു പതിനഞ്ചേക്കർ സ്ഥലം വാങ്ങിയതാണു്. ഒടുവിൽ അതു് ഏഴേക്കറിൽ അവസാനിച്ചു. പക്ഷേ, കുഞ്ഞപ്പി സഹിച്ചില്ല, അവൻ മത്തായിച്ചേട്ടന്റെ സ്ഥലത്തു് ഒരു പുരവച്ചു് കയറിയങ്ങു പാർപ്പുതുടങ്ങി.

കുഞ്ഞപ്പിക്കു് എട്ടുമക്കളുണ്ടു്. അഞ്ചു പെണ്ണും, മൂന്നാണും. എല്ലാത്തിനേയുംകൂടി ഒരു കുട്ടയിൽ പെറുക്കിവയ്ക്കാം. അതുപോലുള്ള. ഭാര്യ ഒൻപതാമതും പ്രസവിച്ചു കിടക്കുകയാണു്.

അന്നൊരുദിവസം നട്ടച്ചയ്ക്ക്, കുഞ്ഞപ്പി അവിടെ ഇല്ലാത്ത തക്കംനോക്കി, മത്തായി ച്ചേട്ടനും മക്കളും റാക്കുകുടിയന്മാരായ കുറെ 'ശി ങ്കിടി' ക്കാരുംകൂടി കുഞ്ഞപ്പിയുടെ പുരയ്ക്കുനേർ ക്കുണ്ടു ചെന്നു. മത്തായിച്ചേട്ടൻ ചെന്നപാ ടെ ഒരു കഴക്കോല് വലിച്ചൂരി പുരപൊളി ഉ ൽഘാടനം ചെയ്തു. റൗഡികൾ കല്ലെടുത്തു് പു രയ്ക്കിട്ടേറും തുടങ്ങി: കുട്ടികൾ തല്ലിയലച്ചു നി ലവിളിച്ചു. ആ റൗഡികളിൽ അല്പം മനുഷ്യ ത്വമണ്ടായിരുന്ന ചിലർ പ്രസവിച്ചുകിടന്ന സ്ത്രീയെ പായോടെ ചുരുട്ടിക്കൂട്ടി എടുത്തുകൊ ണ്ടുപോയി ഒരു വാഴച്ചുവട്ടിൽ കിടത്തി. കു ട്ടികളടെയെല്ലാം കൈയ്യുപിടിച്ചു പുറത്താക്കി. അപ്പോഴേക്കും വീട്ട നിലം പരിശായിക്കഴി ഞ്ഞു. മത്തായിച്ചേട്ടൻ കയ്യിലുണ്ടായിരുന്ന സിഗററ്റുലാംമ്പു കത്തിച്ചു് കച്ചിമേഞ്ഞിരുന്ന ആ പുരയ്ക്കു തീയും കൊളുത്തി. തീകത്തിക്കാ ളുന്നതുകണ്ടപ്പോൾ ഒരട്ടഹാസച്ചിരിയോടുകൂ ടി മത്തായിച്ചേട്ടൻ പറഞ്ഞു "ഈ മത്തായി യോടാരാടാ കളിച്ചു നേടിയിരിക്കുന്നെ കു... വീട്ടുമുഴുവൻ വെന്തെരിഞ്ഞു കഴിഞ്ഞപ്പോൾ റാക്കുകൂപ്പികളെ ലക്ഷ്യമാക്കി മത്തായിച്ചേട്ട നും സംഘവും നടന്നു.

ഇതാണു് ബീഡിതെറുപ്പുകാരൻ അവരാ നു് മത്തായിച്ചേട്ടനോടു് കടുത്ത വൈരാഗ്യം ഉണ്ടാകുവാൻ കാരണം. ഇലക്ഷൻകാലത്തു അതു മുഴുങ്ങി കേൾക്കുകയും ചെയ്തു.

പഴയ കയ്പുങ്ങളെല്ലാം മറന്നു് മത്തായി ച്ചേട്ടൻ ഇന്നു് പഞ്ചായത്തു മെമ്പറായി കഴി യുകയാണു്. ഇന്നും അയാൾ ആധാരം കൊ ടുക്കാറുണ്ടു്. 100 ഏക്കർ ഉണ്ടായിരുന്ന മ ത്തായിച്ചേട്ടൻ 500 ഏക്കറിനെങ്കിലും ആധാ രം കൊടുത്തിട്ടുണ്ടു്. എന്നിട്ടും 50 ഏക്കറിൽ കുറയാതെ ഇന്നു് അയാളുടെ കൈവശവുമുണ്ടു്

മത്തായിച്ചേട്ടൻ എന്തക്രമം ചെയ്താലും ജീവനിൽ കൊതിയുള്ളതുകൊണ്ടു് മിക്കവരും ക്ഷമിച്ചുകളയും. പോലീസിൽ പരാതിപ്പെ ട്ടിട്ടു് കാര്യമില്ല. കാരണം, പോലീസു് അയാ ളുടെ സ്വാധീനത്തിലാണു്. മത്തായിച്ചേട്ട ന്റെ മകന്റെ ഭാര്യയുടെ അമ്മായിയുടെ ആ ങ്ങളയുടെ മകൻ ഒരു ഹെഡ്കാൺസ്റ്റബിളു ണ്ടത്രേ. അതാണു് മത്തായിച്ചേട്ടനു് പോ ലീസിൽ ഇത്ര സ്വാധീനം ഉണ്ടാകാൻ കാര ണം. എങ്കിലും മത്തായിച്ചേട്ടന്റെ പേരിൽ അമ്പതിൽ കുറയാതെ കേസ്സുകൾ ഇന്നു കോ ടതിയിൽ നടന്നുവരുന്നുണ്ടു്.

വീടിനു തീവച്ചതുമുതൽ കുഞ്ഞപ്പി ഒരു വിഷസർപ്പമായി മാറി. അവൻ നാട്ടിലുള്ള തു മുഴുവൻ വിറ്റിട്ടു വന്നവനാണു്. മത്തായി ച്ചേട്ടൻ ഏക്കറിനു് 5 രൂപാ വിലപോലും കൊടുത്തില്ലെങ്കിലും അയാൾ കുഞ്ഞപ്പിക്കു് 15 ഏക്കറിനു് ആധാരം എഴുതികൊടുത്തതു് ഏക്കറിനു് മുന്നൂറമ്പതു രൂപാ വിലയ്ക്കാണു്. ഭൂമിയുടെ വില കഴിച്ചു് ബാക്കിയുണ്ടായിരു ന്ന രൂപാ മത്തായിച്ചേട്ടന്റെ കയ്യിൽ സൂക്ഷി ക്കാനും ഏല്പിച്ചു. കുഞ്ഞപ്പിക്കു് ആദ്യം ന ഷ്ടപ്പെട്ടതു് സൂക്ഷിക്കാൻ കൊടുത്തിരുന്ന രൂപ യാണു്. പതിനഞ്ചേക്കറിനു വിലകൊടുത്തെ ങ്കിലും അവനു കിട്ടിയതു് ഏഴേക്കറാണു്. മാ ത്രവുമല്ല: പ്രസവിച്ചുകിടന്ന അവന്റെ ഭാര്യ യോടു കാണിച്ച അക്രമവും. ഇതെല്ലാംകൂടി ഓർത്തപ്പോൾ അവന്റെ തലയ്ക്കു മത്തു പിടിച്ചു. പിന്നിടവൻ ചിന്തിക്കാൻ പോയില്ല.

ഒരു ദിവസം കേസ്സുംകഴിഞ്ഞു് മത്തായി ച്ചേട്ടൻ മടങ്ങി വരുമ്പോൾ രാത്രിയായി. ഒറ്റ യ്ക്കുള്ളു. ഉള്ളിൽ അല്പം ഭയമുള്ളതുകൊ ണ്ടു് ഒരു മൂളിപ്പാട്ടുംപാടി ആ കാട്ടുവഴിയിലൂ ടെ അയാൾ നടന്നു:

നേരംവെളുത്തപ്പോൾ ദുരനീയമായി വ ഴിയിൽ മരിച്ചുകിടക്കുന്ന മത്തായിച്ചേട്ടനെയാ ണു് മറ്റുള്ളവർ കണ്ടതു്. കാരണം ആർക്കും അറിഞ്ഞുകൂടാ. പോലീസിൽപിടിയുണ്ടായിരു ന്നതുകൊണ്ടു് അതൊരുസാധാരണമരണമായി കലാശിച്ചു.

അന്നു് ആ ഇടവകപ്പള്ളിയിൽ ഗംഭീര മായ ശവസംസ്കാരം നടന്നു. അതു് മത്താ യിച്ചേട്ടൻ ജന്മിയുടേതായിരുന്നു. പള്ളിയി ലെ സർവ്വസാധനങ്ങളും എടുത്തു. അയൽ ഇട വകകളിൽനിന്നുപോലും കുരിശും കൊടയും കൊ ണ്ടുവന്നു. വീട്ടിൽ വലിയ സദ്യയും ഉണ്ടായി രുന്നു.

പണത്തിനുവേണ്ടിയാണു് മത്തായിച്ചേ ട്ടൻ സാധുക്കളുടെ പിച്ചച്ചട്ടിയിൽ കയ്യിട്ടുവാ രിയതു്. എന്നിട്ടു് അയാൾ ഒരു നയാപൈ സാപോലും ആ സിമിത്തേരിയിലേയ്ക്കു്, ആറ ടിമണ്ണിന്റെ കീഴിലേയ്ക്കു് കൊണ്ടുപോയില്ല. കുഞ്ഞപ്പി സൂക്ഷിക്കാൻകൊടുത്തിരുന്ന പണ ത്തിൽനിന്നെടുത്തു് മക്കൾ നല്ലൊരു ശവക്ക ല്ലറ മത്തായിച്ചേട്ടനു പണിയിച്ചുകൊടുത്തു. ആ പണംകൊണ്ടതന്നെ അവർ മത്തായിച്ചേ ട്ടനുവേണ്ടി ഒരു റാസയും ചൊല്ലിച്ചു.

വിദ്യാർത്ഥികൾക്ക് പണിയെടുത്ത് പണമുണ്ടാക്കി പഠിപ്പുനടത്താൻ സൗകര്യംനൽകുന്ന വിദ്യാലയം

മലബാറിൽ ഒരു നല്ല അംഗീകൃത സെക്കന്ററിസ്കൂൾ നടത്താൻ ഈ ലേഖനം സഹായകമാകുമോ എന്നു് ഇവിടത്തെ വിദ്യാഭ്യാസപ്രവർത്തകർ ആലോചിക്കണമെന്നപേക്ഷ.

ജോർജ്ജിയ സ്റ്റേറ്റിലെ നാട്ടുമ്പുറങ്ങളിലൊന്നിൽ സ്ഥിതിചെയ്യുന്ന റബുൻഗാപ് നക്കൂച്ചി സ്കൂളിൽ വിദ്യാർത്ഥികൾ പണിയെടുക്കുക തികച്ചും സാധാരണമാണു്. അവിടെ കുട്ടികളും മുതിർന്നവരും പഠിപ്പിനോടൊപ്പം പണിയെടുത്തു പണം സമ്പാദിക്കുകയും ചെയ്യുന്നു.

പഠിപ്പും പണിയും കലർന്ന പരിപാടിയുടെ മുഖ്യഭാഗം സെക്കണ്ടറി സ്കൂളിലാണു് നടക്കുന്നതു്. ആ വിദ്യാലയം 1903ൽ സ്ഥാപിതമായി, അമേരിക്കയിലെ സെക്കണ്ടറിസ്കൂളുകളിൽ സാധാരണമായ പാഠ്യപദ്ധതി തന്നെയാണു് ഇവിടെയും സ്വീകരിച്ചിരിക്കുന്നതു്. എന്നാൽ ഇവിടത്തെ വിദ്യാർത്ഥികൾ പണിയെടുത്തു. ഭക്ഷണത്തിനും താമസത്തിനും വേണ്ട പണമുണ്ടാക്കുന്നു. ഇതിനു് കൃഷി, കെട്ടിടം സൂക്ഷിപ്പു്, ഗാർഹികകലകൾ എന്നിവ ഉൾപ്പെട്ട ഒരു പരിപാടി ഇവിടെ നടത്തിവരുന്നുണ്ടു്. സ്കൂളിന്റെ ചെലവുകൾ പൊതുവെ കുറയ്ക്കുവാൻ ഈ പരിപാടി സഹായമാണു്. ഇപ്പോൾ 200ൽപരം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ടു്. അതിൽ പകുതിയോളം പേരും മേല്പറഞ്ഞ പരിപാടിയിൽ ചേർന്നവരാണു്.

ബോർഡിങ്ങിൽ താമസിക്കുന്ന വിദ്യാർത്ഥികളെല്ലാം പണിയെടുക്കുന്നുണ്ടെന്നു് സ്കൂൾ പ്രസിഡണ്ടു് ഡോക്ടർ കാറൽ ആൻഡേഴ്സൻ പറഞ്ഞു. സമുദായത്തിനു പ്രയോജനമുള്ള വരായിത്തീരാൻ കുട്ടികൾക്കു് വേലചെയ്തു് പരിചയമുണ്ടായിരിക്കണമെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടി.

റബുൺഗാപ് നക്കൂച്ചി വിദ്യാലയത്തിനു് സ്വന്തമായ കൃഷിസ്ഥലമുണ്ടു്. പ്രകൃതിസുന്ദരമായ, 1800 ഏക്രവിസ്തൃതമായ സ്ഥലത്താണു് സ്കൂൾ നില്ക്കുന്നതു്. അതിൽ പകുതിയും മരക്കാടുകളാണു്. പകുതിഭാഗം പുൽമാലികളും വിളഭൂമികളുമാണു്. കൃഷിസ്ഥലത്തു് വിദ്യാർത്ഥികളും അദ്ധ്യാപകരും പണിയെടുക്കുന്നു.

വിളവിൽ ഒരുഭാഗം വിറ്റു പണമാക്കും. എന്നാൽ മിക്കതും സ്കൂളിന്റെ വക വലിയ ഫ്രീസറിൽ സൂക്ഷിച്ചു് വിദ്യാർത്ഥികളുടെ ഭോജനശാലകളിൽ വിളമ്പുന്ന ആഹാരം തയ്യാറാക്കാൻ ഉപയോഗിക്കുന്നു. ഫ്രീസറിൽ സൂക്ഷിക്കാൻ ഭക്ഷ്യസാധനങ്ങൾ തയ്യാറാക്കുക, ആഹാരം പാകം ചെയ്യുക, വിളമ്പുക മുതലായ പണികളിൽ പെൺകുട്ടികൾ സഹായിക്കുന്നു.

കെട്ടിടങ്ങൾ കെട്ടുക, സൂക്ഷിക്കുക മുതലായ പണികളിലും വിദ്യാർത്ഥികൾ ഏർപ്പെടുന്നു. ഉദാഹരണമായി, 1961ൽ പുതിയൊരു വ്യായാമശാല കെട്ടിയപ്പോൾ, ആൺകുട്ടികളാണു് ഉരുപ്പിടികൾ എത്തിച്ചതും വച്ചുകെട്ടകൾ ഉറപ്പിച്ചതും മരങ്ങൾ അറുത്തതും മറ്റും. ഇതിനുപുറമെ, ഭിത്തികെട്ടുകാരെയും കഴൽപണിക്കാരേയും സഹായിക്കയുംചെയ്തു. ഉറക്കറകൾക്കു് ചായമടിക്കുക, തുടങ്ങിയ ഭാരിച്ചതല്ലാത്ത ജോലികൾ പെൺകുട്ടികളും ചെയ്തു.

ബോർഡിംഗ് വിദ്യാർത്ഥികൾ തങ്ങളുടെ ധനപരമായ ആവശ്യങ്ങൾ അനുസരിച്ചു്, നിശ്ചിതമായ ഏതെങ്കിലും ഒരു കൊല്ലം വേല ചെയ്തു സമ്പാദിക്കാമെന്നു് കരാർ ചെയ്യുന്നു. ജോലിയുടെ വലുപ്പമോ കാഠിന്യമോ പരിഗണിച്ചല്ല കൂലി നല്കുന്നതു്. വിദ്യാർത്ഥി എങ്ങനെ ജോലിയിലേർപ്പെടുന്നു എന്നതിനാണു് പ്രാധാന്യം കൂലി കണക്കാക്കുമ്പോൾ. കൃത്യനിഷ്ഠ, മറ്റുള്ളവരുമായി ഇണങ്ങി പണിയെടുക്കാനുള്ള കഴിവു്, ഉപകരണങ്ങളുടെ സൂക്ഷിപ്പു് എന്നിവ പരിഗണിക്കുന്നുവെന്നു് ഡോക്ടർ ആന്റേഴ്സൻ വ്യക്തമാക്കി.

വിദ്യാർത്ഥികളുടെ സമ്പാദ്യം കണക്കാക്കാൻ വിദ്യാലയം ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ടു്. കുട്ടികളുടെ ശീലത്തിലോ മനോഭാവത്തിലോ എന്തെങ്കിലും കുറവു കണ്ടാൽ അവരുടെ സമ്പാദ്യത്തിൽ ചെറിയൊരംശം കുറയ്ക്കുന്നു. ഒരു ശമ്പളക്കാലത്തു് കുറവൊന്നുമില്ലെങ്കിൽ കൂട്ടിക്കു് ഒരു ബോണസു കിട്ടും.

തങ്ങളിൽനിന്നു് പ്രതീക്ഷിക്കുന്നതെന്തെന്നു് കുട്ടികൾ മനസ്സിലാക്കിയശേഷം, മാസംതോറും അവരിൽ 10 ശതമാനം മുതൽ 20 ശതമാനം വരെ ഉള്ളവർക്കു് ഈ ബോണസു കിട്ടുന്നുണ്ടെന്നു് ഡോക്ടർ ആന്റേഴ്സൻ പറഞ്ഞു.

ഈ വിദ്യാലയം പെൺകുട്ടികൾക്കായി പ്രത്യേകിച്ചു് ഒരു പരിപാടി നടത്തുന്നുണ്ടു്, ഈ പരിപാടിയനുസരിച്ചു്, 6 പെൺകുട്ടികൾ വീതം, ആറാഴ്ചക്കാലം ഗൃഹഭരണമന്ദിരത്തിൽ കഴിച്ചുകൂട്ടുന്നു. ഗാർഹികാർത്ഥശാസ്ത്രം പഠിപ്പിക്കുന്ന അദ്ധ്യാപികയുടെ മേൽനോട്ടത്തിൽ അവർ തന്നെ ഭക്ഷ്യസാധനങ്ങൾ വാങ്ങുകയും ആഹാരക്രമം ആസൂത്രണം ചെയ്യുകയും മറ്റെല്ലാ വീട്ടുകാര്യങ്ങളും നടത്തുകയും ചെയ്യുന്നു.

റബുൺഗാബ് നക്കൂച്ചി വിദ്യാലയത്തിൽ പണിയും പഠിപ്പും മാത്രമല്ല ഉള്ളതു്. വിദ്യാർത്ഥികൾക്കു് കളികളും നാടകസമിതിയും പാർട്ടികളും വാദപ്രതിവാദങ്ങളും ഗ്ലീക്ലബ്ബുകളും എല്ലാമുണ്ടു്. സ്കൂളിലേയും പട്ടണത്തിലേയും പള്ളിയിലേയും പ്രവർത്തനങ്ങളിലും അവർ സോത്സാഹം പങ്കെടുക്കും.

മലമുകളിലെ പ്രാർത്ഥനാപരിപാടികൾ

ലിയോ അച്ചൻ

മലയിൽ കയറി ദൈവത്തിനു ബലി സമർപ്പിക്കുക, വിശേഷവിധിയായ പ്രാർത്ഥനപരിപാടികൾ നടത്തുക മുതലായ സുകൃതങ്ങൾ അതിപുരാതനകാലം മുതൽ എല്ലാ ജാതികളുടേയും ഇടയിൽ നടപ്പുണ്ടായിരുന്ന ഒരു ആചാരമായിരുന്നു. ബി. സി. 2000 വർഷത്തോടടുത്തകാലത്തു്, ഒരു രാത്രിയിൽ ദൈവം അബ്രാഹത്തെ വിളിച്ചു പറഞ്ഞു: 'ഞാൻ നിർദ്ദേശിക്കുന്ന മലയിൽ നിന്റെ പുത്രൻ ഇസഹാക്കിനെ കൊണ്ടുപോയി ബലികഴിക്കുക.' ദൈവവിശ്വാസത്തിൽ സ്ഥിരമായി ഉറച്ചിരുന്ന അബ്രാഹം ആ രാത്രിയിൽതന്നെ എഴുന്നേറ്റു് ഒട്ടും താമസിയാതെ സ്വപുത്രനേയും രണ്ടു വേലക്കാരേയും വിളിച്ചുകൊണ്ടു്, ബലിക്കുള്ളവിറകുമായി യാത്രയാരംഭിച്ചു. എങ്ങോട്ടു്? ദൈവം കാണിച്ചുകൊടുക്കുമെന്നപറഞ്ഞ മലയിലേയ്ക്കു് മൂന്നാം ദിവസം അവർ നടന്നു. അപ്പോഴാണു് ദൈവം ഒരു മല ചൂണ്ടിക്കാണിച്ചതു്. ബലി അർപ്പിക്കുവാൻ ഇത്രയകലെ സ്ഥിതിചെയ്യുന്ന ഒരു മല ദൈവം കാണിച്ചുകൊടുത്തതിന്റെ കാരണം എന്തായിരിക്കും? സർവ്വജ്ഞാനിയായ ദൈവം ചെയ്യുന്ന സകല പ്രവൃത്തികൾക്കും പ്രത്യേകമായ അർത്ഥമുണ്ടെന്നുള്ളതു് സൂക്ഷ്മമാണല്ലൊ. അബ്രാഹം സ്വപുത്രനെ ബലികഴിക്കുവാൻ ആരംഭിച്ചപ്പോൾ, ഒരു മാലാഖ തടയുകയും പിന്നീടു് അബ്രാഹം ഒരു ആടിനെ ബലിഅർപ്പിക്കയും ചെയ്തതിനുശേഷം "ദൈവം കാണുന്നു" എന്നർത്ഥമുള്ള 'മൊറിയാ മല' എന്ന നാമം ആ മലയ്ക്കു നല്കുകയുണ്ടായി. (സൃഷ്ടിപുസ്തകം: 22/2–14)

ഏകദേശം ആയിരം സംവത്സരങ്ങൾക്കുശേഷം പ്രസ്തുത മലതന്നെ ദൈവം ദാവീദുരാജാവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവിടെ ബലിഅർപ്പിക്കുവാൻ കല്പിച്ചു. (2 രാജാ. 4) അന്നു ദാവീദുരാജാവു താമസിച്ചിരുന്ന ഹെബ്രോണിൽനിന്നും 25 മൈൽ അകലെയാണു് 'മൊറിയാ മല' സ്ഥിതിചെയ്തിരുന്നതു്. പിന്നീടദ്ദേഹം ആ മല ഉൾപ്പെട്ടതായി പണ്ടത പട്ടണമാണു് ജറുസലേം. അദ്ദേഹത്തിന്റെ പുത്രനായ സോളമൻ 'മൊറിയ മല'യിൽ ഗംഭീരമായ ദേവാലയം നിർമ്മിക്കയുംചെയ്തു. തുടർന്നു് അനേകനൂറ്റാണ്ടു കാലത്തോളം യഹൂദന്മാർ ജറുസലേമിലെ ദേവാലയത്തിൽ മാത്രമേ ബലി അർപ്പിച്ചിരുന്നുള്ളു. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഹിന്ദുക്കൾ ശബരിമലയ്ക്കു പോകുന്നതുപോലെ, നൂറും അഞ്ഞൂറും മൈൽ ദൂരെനിന്നു യഹൂദന്മാർ പ്രതിവർഷം ജറുസലേമിൽ പോയി പ്രാർത്ഥനാപരിപാടികളും ബലികളും സമർപ്പിച്ചിരുന്നു. പാർത്തിയാ, മേദിയാ, മെസെപട്ടോമിയ, കപ്പദോച്ചിയ, ഫ്രീജിയാ, പാംഫീലിയ, ഈജിപ്റ്റ്, ലീബിയാ, ക്രീറ്റ്, റോമ്മാ മുതലായ വിദൂരദേശങ്ങളിൽനിന്നും ജറുസലേമിൽ സമ്മേളിച്ചവരോടു് വി. പത്രോസ് ശ്ലീഹാ പ്രസംഗിച്ചുവെന്നു് ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ (2/4–12) നമ്മൾ വായിക്കുന്നുണ്ടല്ലൊ.

'മൊറിയാമല'യിൽനിന്നും ഒരു മൈൽ അകലെയാണു് 'ഗാഗുൽത്താമല' സ്ഥിതിചെയ്യുന്നതു്. (ഇവ ഒരു വലിയ മലയുടെ രണ്ടു ഭാഗങ്ങൾ മാത്രമാണു്) ദിവ്യ ഈശോയെ കുരിശിൽ തൂക്കിക്കൊന്ന അവസരം

സ്ഥലത്തെ കർഷകകുടുംബങ്ങൾക്കു് കൃഷിരീതികൾ പഠിക്കാൻ സൗകര്യം നല്കുന്നതിനു് 1917-ൽ റബ്ബൺഗാപ് നക്കുച്ചി സ്കൂൾ ഫാംഫാമിലി പരിപാടി ആരംഭിച്ചു. മൂലധനമില്ലാത്ത നൂറു കുടുംബങ്ങൾക്കു് ഈ പരിപാടിയിൽ നല്ല കൃഷിരീതികൾ പഠിക്കാൻ അവസരം ലഭിച്ചിട്ടുണ്ടു്. ഇപ്പോൾ 12 കുടുംബം ഈ പരിപാടിയിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്നു.

ഓരോകുടുംബത്തിനും താല്പര്യമുള്ള തരത്തിൽപെട്ട കൃഷിക്കവേണ്ട നിലം വേർതിരിച്ചുകൊടുക്കുന്നു. ഒരു കോഴിവളർത്തൽ യൂണിറ്റിനു വേണ്ടതിൽ കൂടുതൽ നിലം ഒരു കന്നുകാലിവളർത്തൽ യൂണിറ്റിനു വേണമല്ലൊ. ആവശ്യമെന്നുകണ്ടാൽ സ്കൂൾ കുറെ പണം കടമായി കൊടുക്കുകയുംചെയ്യും. കൃഷികവൃത്തിക്കു തുടക്കമിട്ടുകൊടുക്കാൻ കൃഷിആയുധങ്ങളും കന്നുകാലികളെയും കൂടി സ്കൂൾ വാടകയ്ക്കുകൊടുക്കും. കൃഷിപ്പണികൾ കഴിവായ കാലത്തു്, മുതിർന്നവർ സ്കൂളിൽവന്നു് പണിയെടുത്തു് കൂടുതൽ വരുമാനമുണ്ടാക്കുന്നു.

സ്കൂളും കുടുംബങ്ങളും ചെലവുകളിലും ലാഭങ്ങളിലും പങ്കു പറ്റുന്നു. കൃഷിമാനേജരുടെ മേൽനോട്ടത്തിൽ അനൗപചാരികമായി നടത്തുന്ന ക്ലാസ്സുകളിൽ പുരുഷന്മാർ വളംചേർക്കലും ഉഴവും കന്നുകാലിവളർത്തലും വില്പനയും മറ്റും പഠിക്കുന്നു. പത്തുകൊല്ലമാണു് ഒരു കുടുംബത്തിനു് സ്കൂളിൽ താമസിക്കാൻ നിശ്ചയിച്ചിരിക്കുന്ന കാലം. എങ്കിലും പല കുടുംബങ്ങളും ഈ കാലാവധിക്കു മുമ്പുതന്നെ സ്കൂൾ വിട്ടുപോയി സ്വന്തമായി ജീവിതമാരംഭിക്കുന്നു. കർഷകകുടുംബപരിപാടികളിൽ ചേർന്നു് സ്ത്രീകൾ ഗാർഹികാർത്ഥശാസ്ത്രം, തയ്യൽ, ഗൃഹഭരണം മുതലായ വിഷയങ്ങളിൽ പരിശീലനം നേടുന്നു.

കുട്ടികൾക്കു് സ്ഥലത്തെ എലിമെൻററി സ്കൂളിലൊ റബ്ബൺഗാപ് നക്കുച്ചി വിദ്യാലയത്തിലൊ പഠിക്കാം. കുട്ടികളില്ലാത്ത കുടുംബത്തെ സ്വീകരിക്കയില്ല.

സ്കൂളിന്റെ സന്ധാരണത്തിനു് വേണ്ട പണത്തിൽ ഒരംശം ജോർജ്ജിയയിലെ പ്രസ്ബിറ്റീരിയൻ പള്ളികൾ നല്കുന്നു. ചെറിയൊരു എൻഡോവ്മെന്റ് വ്യക്തികൾ നല്കുന്ന സമ്മാനങ്ങൾ, വിദ്യാർത്ഥികളിൽനിന്നും കൃഷിയിൽനിന്നുമുള്ള വരുമാനം, സ്ത്രീകളുടേയും പള്ളികളുടേയും ദേശഭക്തന്മാരുടേയും സംഘടനകൾ നല്കുന്ന സംഭാവനകൾ എന്നിവയുടെ സഹായത്താലാണു് സ്കൂൾ നടക്കുന്നതു്.

പഠിപ്പിനുവേണ്ട പണം മുടക്കാൻ കഴിയില്ല എന്ന കാരണത്താൽ യാതൊരു കുട്ടിയേയും ഈ സ്കൂൾ ഇതേവരെ പറഞ്ഞയച്ചിട്ടില്ല.

ത്തിൽ 'ഗാഗുൽത്താമല' ജറുസലേംപട്ടണത്തിനു വെളിയിലായിരുന്ന സ്ഥിതിചെയ്തിരുന്നതു്. ഇപ്പോൾ അതുകൂടി പട്ടണത്തിന്റെ ഉള്ളിൽ ആക്കിയിട്ടുണ്ടു്.

ദിവ്യഈശോ സ്വർഗ്ഗീയപിതാവിനു സമർപ്പിക്കുന്ന പരമബലി ഒരു മലയിൽവച്ചു നിർവഹിക്കുവാൻ ഉദ്ദേശിച്ചിരുന്നതുകൊണ്ടായിരിക്കണം അബ്രാഹത്തെയും മറ്റും ദൈവം മലമുകളിലേയ്ക്കു് ആനയിച്ചതു്. മോശയെ 'സീനായ്മല'യിലേയ്ക്കും (പുറപ്പാടു്: 19/3-24) ഏലിയാസിനെ 'കർമ്മൽമല'യിലേയ്ക്കും (3രാജ. 18/20-42) ദൈവം വിളിച്ചുകയറിയതായി വി. ഗ്രന്ഥത്തിൽ നാം കാണുന്നു. ദിവ്യഈശോ നാല്പതു ദിവസത്തെ പരിപൂർണ്ണ ഉപവാസം അനുഷ്ഠിച്ചതു് ചാവുകടലിനു സമീപമുള്ള ഒരു മലയിൽ വച്ചായിരുന്നു.(വി. മത്തായി 4/1-2)

ഈ പൂർവാചാരം പുതിയനിയമത്തിലും തുടർന്നു വരുന്നുണ്ടു്. അനേക സന്യാസികൾ ഈജിപ്തിലെ മലകളിൽ പോയി താമസിച്ചിരുന്നു. വനവാസിയായ വി. അന്തോനീസും വി. പൗലോസും അവരിൽ പ്രധാനപ്പെട്ടവരാണു്. വി. ബനഡിക്ടു് ഇറലിയിലുള്ള 'കസ്സിനോ മല'യിലും മറ്റു പല മലകളിലും ആശ്രമങ്ങൾ സ്ഥാപിച്ചിട്ടുണ്ടു്. അസീസ്സിയിലെ വി. ഫ്രാൻസിസ് 'അൽവേർണാ മല' മുകളിൽവച്ചു് നാല്പതു ദിവസത്തെ കഠിനതപസ്സു ചെയ്തപ്പോഴാണല്ലൊ ദൈവം അദ്ഭുതകരമായ വിധത്തിൽ അദ്ദേഹത്തിനു പഞ്ചക്ഷതങ്ങൾ നല്കിയതു്. പ്രസ്തുത മലയിൽ കയറി ഇക്കാലത്തു് അനേക വൈദികർ ഏകാന്തധ്യാനം നടത്തിവരുന്നു. പതിമൂന്നാം ലെയൊ മാപ്പാപ്പാക്കർദ്ദിനാളായിരുന്ന കാലത്തു് 'അൽവേർണാ മല'മുകളിൽ പലപ്രാവശ്യം കയറി പ്രാർത്ഥിച്ചിട്ടുണ്ടു്.

നമ്മുടെ കേരളക്കരയിലും മലമുകളിലെ പ്രാർത്ഥനാപരിപാടികൾ പുരാതനകാലം മുതൽ നിലവിലുള്ളതാണു്. മാർ തോമ്മാ ശ്ലീഹാ 'മലയാറ്റൂർ മല' മുകളിൽ പോയി പ്രാർത്ഥിച്ചിരുന്നുവെന്നു് വിശ്വസിക്കപ്പെടുന്നു. ആകയാൽ പ്രതിവർഷം അസംഖ്യം വിശ്വാസികൾ ആ മലയിലേയ്ക്കു് തീർത്ഥാടനം ചെയ്യാറുണ്ടല്ലൊ. പാലാരൂപതയിലുള്ള 'കുരിശുമല'യിലേയ്ക്കും കോതമംഗലം രൂപതയിലുള്ള (തൊടുപുഴയ്ക്കു സമീപം സ്ഥിതിചെയ്യുന്ന) 'മണിയന്ത്ര മല'യിലേയ്ക്കും തലശ്ശേരിരൂപതയിലുള്ള (പുതുപ്പാടിക്കു സമീപമുള്ള) 'മരിയാപുരം മല'യിലേയ്ക്കും കേരളജനങ്ങൾ തീർത്ഥാടനം ചെയ്യാറുണ്ടു്.

ഈ തീർത്ഥാടനങ്ങളുടെയെല്ലാം സുപ്രധാനമായ ഉദ്ദേശ്യം നമ്മൾ സൃഷ്ടിനാഥനിലേയ്ക്കു് ഉയരണമെന്നുള്ളതാണു്. മലമുകളിൽ കയറുമ്പോൾ പലവിധത്തിലുള്ള വികാരങ്ങൾ മനുഷ്യഹൃദയത്തിൽ ഉദിച്ചുയരുന്നു. ഉയർന്ന സ്ഥാനത്തു നില്ക്കുന്ന മനുഷ്യന്റെ മനസ്സു് കുറേക്കൂടി ഉന്നതങ്ങളിലേയ്ക്കു തിരിയുവാൻ എളുപ്പമുണ്ടു്. ഒരുവൻ സ്വന്തകുടുംബത്തേയും ലൗകികവിചാരങ്ങളേയും കുറെ സമയത്തേയ്ക്കു് അഥവാ ഏതാനും ദിവസത്തേയ്ക്കു് വിസ്മരിക്കുന്നു; അവയിൽനിന്നു് ഉയർന്നുകൊണ്ടും, സുഖം ആസ്വദിക്കുവാനുള്ള പ്രവണതയെ നിഗ്രഹിച്ചുകൊണ്ടും, ഭക്ഷണപാനീയങ്ങൾ കഴിയുന്നത്ര ലഘുവാക്കി ക്ലേശങ്ങൾ സഹിച്ചുകൊണ്ടുമാണു് ഒരുവൻ മല കയറുന്നതു്. ഈവിധം ആത്മാവു് ദൈവത്തിന്റെ സന്നിധിയിലേയ്ക്കുയരുവാൻ കളമൊരുക്കപ്പെടുന്നു. ലോകപാപപരിഹാരാർത്ഥം ദിവ്യഈശോ ഭാരമായ കുരിശും വഹിച്ചുകൊണ്ടു് ഗാഗുൽത്താമല കയറിയതും, ക്രൂശിൽ തൂങ്ങി ക്ലേശങ്ങൾ അനുഭവിച്ചു മരിച്ചതും അവന്റെ സ്മൃതിപഥത്തിൽ വരുന്നു. പാപമാർഗ്ഗങ്ങൾ പാടെ ഉപേക്ഷിക്കുവാൻ അവൻ ദൃഢനിശ്ചയം ചെയ്യുന്നു. മനസ്സാപപ്പെട്ടുകമ്പസാരീക്കുന്നു. (സൗകര്യമുണ്ടെങ്കിൽ ഒരു മുഴുവൻകുമ്പസാരം നടത്തുന്നു.) വലിയ പാപികൾ പോലും ജീവിതപരിവർത്തനത്തിനു് അടിത്തറയിടുന്നു. മലകയറ്റത്തിൽ അനുഭവപ്പെടുന്ന ക്ലേശങ്ങളെല്ലാം സ്വന്തം പാപപ്പരിഹാരാർത്ഥം സസന്തോഷം സഹിക്കുകയും ദിവ്യനാഥന്റെ പീഡാനുഭവങ്ങളോടു യോജിപ്പിച്ചു് സ്വർഗ്ഗീയപിതാവിനു സമർപ്പിക്കുകയും ചെയ്യുന്നു. കൂടുതൽ പരിഹാരകൃത്യങ്ങൾ ചെയ്യുവാൻ സന്നദ്ധനാകുന്നു. മലയിൽനിന്നും താഴെയിറങ്ങി സ്വഗൃഹത്തിൽ മടങ്ങിയെത്തിയാൽ പുതിയ ഒരു നല്ലജീവിതം നയിക്കുവാൻ ആവേശംകൊള്ളുന്നു. മലകയറ്റത്തിനും, മലമുകളിലെ പ്രാർത്ഥനാപരിപാടികൾക്കും ആഭ്യാടമില്ല, പരിഹാരചൈതന്യമുണ്ടു്; രസമില്ല, എന്നാൽ ആദ്ധ്യാത്മികമായ ഉണർവുണ്ടു്. ഈ കാരണങ്ങളായിരിക്കാം പരിശുദ്ധകന്യകാമറിയം ഈ പ്രസ്ഥാനത്തെ പ്രചരിപ്പിക്കുന്നതു്.

ഇന്നു ലോകപ്രസിദ്ധി നേടിയിട്ടുള്ള തീർത്ഥാടനകേന്ദ്രങ്ങളായ ഇറലിയിലെ 'ലൊറെറ്റൊ', ഫ്രാൻസിലെ 'ലൂർദ്ദ്', പോർട്ടുഗലിലെ 'ഫാത്തിമ', ഇംഗ്ലണ്ടിലെ 'വാൽസിംഗാം', അമേരിക്കയിലെ 'ഗ്വാഡെൽഫ്' മലനാട്ടുകളിലാണു് സ്ഥിതിചെയ്യുന്നതു്. ഇവയെല്ലാം പരിശുദ്ധകന്യകാമറിയത്തിന്റെ അത്ഭുതകരമായ സഹായത്താലാണു് സുപ്രസിദ്ധമായതു്.

XX XX XX XX

കോഴിക്കോട്ടു ഡിസ്ട്രിക്ടിൽ പുതുപ്പാടിക്കു സമീപമുള്ള 'മരിയാപുരം മല'യിൽ ത്രിലോകരാജ്ഞിയുടെ നാമത്തിലുള്ള പള്ളിയിൽവച്ചു് മേയ്മാസത്തിലെ ആദ്യശനിയാഴ്ച (4-ാംതു) പ്രത്യേകം പ്രാർത്ഥനാപരിപാടികളും പരിഹാരപ്രദക്ഷിണങ്ങളും ദിവ്യബലികളും നടത്തുന്നതാണു്. അന്നു കാലത്തു് 8മണിക്കു് മലയുടെ താഴെനിന്നും പരിഹാരപ്രദക്ഷിണം ആരംഭിച്ചു് തീർത്ഥകർ മല കയറുന്നു.

തലശ്ശേരിരൂപതയുടെ വികാരിജനറാളായ ബ. മോൺസിഞ്ഞോർ തോമസ് പഴേപറമ്പിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ 9മണി മുതൽ കർബ്ബാന, പ്രസംഗം, പ്രദക്ഷിണം, വാഴ്വു് മുതലായ തിരുക്കർമ്മങ്ങൾ നടത്തുന്നതാണു്. ഉച്ചകഴിഞ്ഞു് 4 മണിക്കും കുർബ്ബാന ഉണ്ടായിരിക്കും.

പരിഹാരപ്രദക്ഷിണത്തിന്റെ രീതി:—


'മരിയാപുരം മല'യുടെ താഴെ ഔദ്യോഗികമായി സ്ഥാപിച്ചിട്ടുള്ള സ്ലീവാപ്പാതയുടെ ഒന്നാംസ്ഥലത്തുവച്ചു്, ആദ്യമായി നൂറ്റിഅമ്പത്തിമൂന്നുമണിജപം 'സത്യാരാധന' പുസ്തകത്തിൽ നോക്കി ആരംഭിക്കുന്നു. അവിടെ മുട്ടുകുത്തി കൊന്തയുടെ രണ്ടു 'രഹസ്യങ്ങളും' അവയുടെ 'ആകാശങ്ങളിലിരിക്കുന്നു'വും 'നന്മനിറഞ്ഞമറിയ'വും ജപിക്കുന്നു. തുടർന്നു് സ്ലീവാപ്പാതയുടെ ഒന്നാംസ്ഥലത്തേയ്ക്കു് നിശ്ചയിച്ചിട്ടുള്ള ജപങ്ങൾ ചൊല്ലുന്നു. പിന്നീടു് എല്ലാവരും എഴുന്നേറ്റു കൊന്തയുടെ മൂന്നാം 'രഹസ്യ'വും അതിന്റെ 'ആകാശങ്ങളിലിരിക്കുന്നു'വും 'നന്മനിറഞ്ഞമറിയ'വും ജപിച്ചുകൊ

ജീവിക്കാൻവേണ്ടി അത്യാശയോടെ വന്നുകയറിയ അവരിൽ പലരും ആ മലംകാട്ടിൽ തങ്ങളുടെ ജീവിതം അവസാനിപ്പിച്ചു. പലരും രോഗബാധിതരായി. പലരും നഷ്ടഹൃദയരായി. ഇന്നവിടെ മന്ദമാരുതനിൽ തലയാട്ടി നൃത്തംവയ്ക്കുന്ന നെൽച്ചെടികൾക്കൊ കുന്നിൻ പുറങ്ങളിൽ പദംപദം വച്ചുനില്ക്കുന്ന റബർമരങ്ങൾക്കൊ ആ കഥയൊന്നും പറയാൻ കെല്പില്ല. എന്നാൽ പയ്യംപള്ളിയിലെ കാരണവന്മാരോട് ചോദിക്കൂ—അവർ പറയും.

XX XX XX XX

ആദ്യപുത്രി

വയനാട്ടിലെ ആദ്യത്തെ കുടിയേറ്റകോളനിയാണ് പയ്യംപള്ളി. 193 ലാണ് കഷ്കന്റെ കാൽപ്പെരുമാറ്റം പയ്യംപള്ളിയിൽ കേൾക്കപ്പെട്ടത്. പാലാ സ്വദേശിയായ കുടക്കച്ചിറ ശ്രീ. മാത്യുവും സഹോദരങ്ങളുമാണ് സാഹസികമായ ആ ഉദ്യമത്തിന് മുതിർന്നത്. അവർ അന്നു വരുമ്പോൾ പയ്യംപള്ളി മുഴുവൻ കൊടുംകാടാണ്. വൻ മുളങ്കൂട്ടങ്ങളും ക്രൂരൻ മരങ്ങളും! അതിനിടയ്ക്ക് സർവജാതി കാട്ടുമൃഗങ്ങളും ഉണ്ടായിരുന്നു. നട്ടുച്ചനേരത്തുപോലും ആ പ്രദേശത്തേയ്ക്ക് ഒന്നു എത്തിനോക്കാൻ സാധാരണക്കാർ ഭയപ്പെട്ടിരുന്നു. നാല്യഗൗഡാ കുടുംബക്കാരും ഏതാനും ആദ്യവാസികളും മാത്രമേ മനുഷ്യരായി ആ പ്രദേശത്തുണ്ടായിരുന്നുള്ളൂ.



ഇപ്പോഴത്തെ പള്ളി

കുടിയേറ്റം

അന്നു കോളയാട്ടുപള്ളിയുടെ വികാരിയായിരുന്ന ബ. പോൾ റോഡ്രിഗസ് ഫെറ്നാൻഡസച്ചനും ശ്രീ. കുടക്കച്ചിറ മാത്യുവും 1931 ഏപ്രിൽമാസത്തിൽ അന്നു പയ്യംപള്ളിയുടെ ജന്മിയായിരുന്ന ജനാബ് പി. വി. മൊയ്തുവിനേയുംകൂട്ടി മാനന്തവാടിയിൽ വന്നു പയ്യംപള്ളിക്കാര്യം ചർച്ചചെയ്തു. അന്നത്തെ പയ്യംപള്ളി വികാരിയായിരുന്ന ബ. ലംബാർഡിനിഅച്ചനേയും ആ ആലോചനയിൽ പങ്കുകൊള്ളിച്ചു. എല്ലാവരും പയ്യംപള്ളി കാണാൻ പുറപ്പെട്ടു. ഭീകരമായ കാട്ടിൽ കാട്ടുമൃഗങ്ങൾ ഇളകി നടക്കുമെന്നറിയാമായിരുന്നതുകൊണ്ട് എല്ലാവരുംതന്നെ തോക്കും മറ്റു ആയുധങ്ങളും എടുത്തിട്ടുണ്ടായിരുന്നു. വിശാലമായ ഈ പ്രദേശം വെട്ടിത്തെളിച്ചു കുറെ ക്രിസ്ത്യാനികളെ കയറ്റിവിട്ടാൽ ഒരു കാലത്തു ഇതൊരു ക്രിസ്തീയ കേന്ദ്രമാകുമെന്നു കണ്ട ബ. ലംബാർഡിനിയച്ചൻ പയ്യംപള്ളിയിൽ അഞ്ചുറോളം ഏക്കർ സ്ഥലം വാങ്ങിക്കാൻ കുടക്കച്ചിറക്കുടുംബക്കാരെ പ്രേരിപ്പിച്ചു. ആ പരിശ്രമം വിജയിക്കുകയുംചെയ്തു.

ഒന്നോ രണ്ടോ കുടുംബക്കാർ മാത്രം നോക്കിയാൽ അമാനുഷികമായ കാട്ടും ചുറുപാടും നന്നാക്കാൻ കൂട്ടുതൽ ആളും ശക്തിയും വേണമെന്ന് ബ. അച്ചനും മറുള്ളവർക്കും തോന്നി. അവരുടെ പരിശ്രമഫലമായി പനച്ചിക്കൽ മത്തായി, കരിപനക്കൽ ചാണ്ടി ഓലിക്കൽ ഫ്രാൻസീസ്, കുഴികണ്ടത്തിൽ ജോസഫ്, കാനിക്കുന്നേൽ വക്കി, പള്ളിക്കുന്നേൽ കൊച്ചുറുക്കൻ തുടങ്ങിയ വീട്ടുകാർ പയ്യംപള്ളിയിൽ വന്നുചേർന്നു. ഈ ആദ്യകുടുംബക്കാർക്ക് അനുഭവപ്പെട്ട പ്രയാസങ്ങൾ വർണ്ണിക്കുക അസാധ്യമാണ്. കൊടുംതണുപ്പും അതിവർഷവും മലമ്പനിയും കാട്ടുമൃഗങ്ങളുടെ ശല്യവുമായിരുന്നു അതിപ്രധാനം. എങ്കിലും അവർ അധൈര്യപ്പെട്ടില്ല. ബ. ലംബാർഡിനിയച്ചന്റെ തണൽ അവർക്ക് എപ്പോഴും ആത്മധൈര്യം നല്കിക്കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ ബ. ലംബാർഡിനിയച്ചൻ സ്വദേശമായ ഇറ്റലിയിലേയ്ക്കു പോയി. പകരം ബ. ബർബോസ്സിഅച്ചൻ മാനന്തവാടി വികാരിയായി വന്നു. അദ്ദേഹവും പയ്യംപള്ളിയിലെ ആ അഞ്ചേട്ടു വീ

ണ്ടു് സ്ലീവാപ്പാതയുടെ രണ്ടാംസ്ഥലത്തേയ്ക്കു നടക്കുന്നു. ഇപ്രകാരം പരിഹാരപ്രദക്ഷിണം മലമുകളിൽ ചെന്നുചേരുമ്പോൾ നൂറ്റിരണ്ടുമുന്നമണിജപവും സ്ലീവാപ്പാതയും തീർന്നിരിക്കും. പ്രദക്ഷിണാവസരത്തിൽ എല്ലാ തീർത്ഥകരുടേയും കൈയിൽ കുരിശും കൊന്തയും ഉണ്ടായിരിക്കുന്നതാണ്.

പൊതുവായിട്ടു നടത്തുന്ന പരിഹാരപ്രദക്ഷിണത്തിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ മലകയറുമ്പോൾ, ഏതാനും ആളുകൾ ഒരുമിച്ചോ, തനിച്ചോ മേൽവിവരിച്ച രീതിയിൽ പരിഹാരപ്രദക്ഷിണം നടത്തുന്നതു് ഉത്തമമാകുന്നു.

N. B:- ഭക്ഷണം കഴിക്കുവാൻ ആഗ്രഹിക്കുന്നവർ 'പൊതിച്ചോറു്' കൊണ്ടുവരുന്നതു് ഉത്തമം. സ്ലീവാപ്പാതയുടെ 10-ാം സ്ഥലത്തോടു് അടുത്തുള്ള കിണറ്റിൻകരയിൽ ഇരുന്നു് ഭക്ഷണം കഴിക്കുന്നതു് സൗകര്യപ്രദമായിരിക്കും.

ചരിത്രം

ട്ടുകാരോട് അതീവതാല്പര്യം പ്രദർശിപ്പിച്ചു. അവരുടേയും സ്ഥലവാസികളായ അടിയാജാതിക്കാരുടേയും കുട്ടികൾക്ക് വിദ്യാഭ്യാസത്തിനു എന്തെങ്കിലും സൗകര്യം ഉണ്ടാക്കണമെന്നു് ബ. അച്ചൻ നിശ്ചയിച്ചു. ഇന്നു പയ്യംപള്ളി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥാനത്തു് ഒരു ഷെഡ്ഡു് കെട്ടി. ഒരു സുപ്രഭാതത്തിൽ ബ. ബർബോസാച്ചൻ, ഒരുകെട്ട സ്ലേറ്റും പെൻസിലും ഒരു ടിൻ മിഠായിയും കുറച്ചു അണഞ്ഞാട്ടകളുമായി പയ്യംപള്ളിയിലേയ്ക്കു വന്നു. കൂട്ടത്തിൽ ഒരദ്ധ്യാപകനും. പള്ളിക്കൂടം എന്നുകേട്ടാൽ എന്തെന്നറിഞ്ഞുകൂടാത്ത അടിയാക്കുട്ടികളെ മിഠായിയും അണയും കൊടുത്തു വിദ്യ അഭ്യസിക്കാൻ പ്രേരിപ്പിച്ചു. ഇതിനുപുറമെ സ്ലേറ്റും പെൻസിലും വസ്ത്രവും കൊടുത്തു. അവരെ പഠിപ്പിക്കുവാൻ വന്ന അദ്ധ്യാപകനു പ്രതിമാസം 15 ക. ശമ്പളവും നിശ്ചയിച്ചു. അദ്ധ്യാപകന്റെ ഭക്ഷണവും മറ്റും കൂടക്കച്ചിറ ശ്രീ ദേവസ്യാ അവർകൾ സൗജന്യമായി കൊടുത്തുകൊണ്ടിരുന്നു. ഇപ്പോഴത്തെ പ്രൗഢഗംഭീരമായ അപ്പർ പ്രൈമറിസ്കൂളിന്റെ ആരംഭം ഇതാണു്. അന്നത്തെ വിദ്യാർത്ഥികളുടെ എണ്ണം ഒരു കൈവിരലിൽ എണ്ണാമായിരുന്നു. അഹോ! മുന്നു ദശാബ്ദങ്ങൾക്കിടയ്ക്കുണ്ടായ പുരോഗതി! ഇന്നു് ആയിരത്തോളം കുട്ടികളും രണ്ടു ഡസൻ അധ്യാപകരുമുണ്ടു്.

കൂടക്കച്ചിറക്കാർ പള്ളിക്കുവേണ്ടി 10 ഏക്കർ സ്ഥലവും അവശ്യംവേണ്ട തടിയും സംഭാവനചെയ്തു. എല്ലാവരുംകൂടി ഏതാനും ദിവസങ്ങൾകൊണ്ടു് ഒരു കൊച്ചു ദൈവാലയം ഉയർത്തിക്കഴിഞ്ഞു. പള്ളിക്കു് പണം അയച്ചുതന്ന ആ സഹോദരികളുടെ പ്രത്യേക ആഗ്രഹപ്രകാരം വിശുദ്ധ കുരീനായുടെ നാമധേയമാണു് പള്ളിക്കു കൊടുത്തതു്. അന്നു കോഴിക്കോട്ടു രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന പെ. ബ. മോൺ. ഫ്രാൻസിസ്കോ റൻസാനി അവർകൾ 1938 ഏപ്രിൽ 10-നു് വയനാട്ടിലെ കുടിയേറ്റക്കാരുടെ ആദ്യ പള്ളിയായ ഈ പുതിയ ദൈവാലയം വെഞ്ചരിച്ചു് അതിൽ പ്രഥമദിവ്യബലി അർപ്പിച്ചു. അന്നത്തെ ആ ദിവ്യകർമ്മത്തിൽ പങ്കുകൊണ്ട പയ്യംപള്ളിനിവാസികളും മറ്റു സ്ഥലങ്ങളിൽനിന്നുവന്ന കത്തോലിക്കരും സന്തോഷാധിക്യത്താൽ പുളകിതഗാത്രരായിപ്പോയി. ഒരു കത്തോലിക്കനു് ഒരു പള്ളി അത്ര പ്രാധാന്യമേറിയതാണു്.

പള്ളിയും പള്ളിക്കൂടവും നല്ല രണ്ണം പയ്യമ്പള്ളിയിൽ ഉണ്ടെന്നുള്ള വാർത്തകേട്ടു് ജനങ്ങൾ കൂട്ടം കൂട്ടമായി പയ്യമ്പള്ളിഭാഗത്തേക്കു കുടിയേറാൻ തുടങ്ങിപോരെങ്കിൽ രണ്ടാം ലോകമഹായുദ്ധവും തന്മൂലമുണ്ടായ ദാരിദ്ര്യവും വിശിഷ്യ അരിക്ഷാമവും—നല്ല വയലുള്ള പയ്യമ്പള്ളിയിലേക്കു് പ്രവേശിക്കുവാൻ കൂടുതൽ കൂടുതൽ ആളുകളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

മുളയ്ക്കൽ ജോസഫ്, മാതേക്കൽ മാത്തു, ഇളയിടത്തു മത്തു, ചള്ളൻകാട്ടിൽ ജോസഫ്, പുന്നയിൽ പാപ്പൻ, പൂവ്വൻ പൈലി എന്നിങ്ങനെ ഏതാണ്ടു് മുപ്പ

X

വയനാടിന്റെ ആദ്യ പുത്രി പയ്യംപള്ളി


ജെ. പി. എം.

പള്ളി

പയ്യംപള്ളി ഒരു ക്രിസ്തീയകേന്ദ്രമാക്കാൻ ബ. ബർബോസാച്ചൻ ഉറച്ചുകഴിഞ്ഞു. ക്രിസ്ത്യാനികളുടെ ശക്തികേന്ദ്രം ദൈവാലയമാണല്ലോ. പക്ഷേ ഇതുപോലൊരു കുടുംബങ്ങൾക്കുവേണ്ടി ഒരു പള്ളി പണിയുക എളുപ്പമല്ല. എങ്കിലും അദ്ദേഹം ആ ആശയം വിട്ടില്ല. കൂടെകൂടെ ബ. അച്ചൻ പയ്യംപള്ളിയിൽ വന്നുകൊണ്ടിരുന്നു. കൂടക്കച്ചിറ ശ്രീ. ദേവസ്യായുടെ ഭവനത്തിൽ പ്രത്യേകം തയ്യാറാക്കിയ അൾത്താരയിൽ അദ്ദേഹം ഒന്നിലധികം പ്രാവശ്യം ദിവ്യബലി അർപ്പിച്ചിട്ടുണ്ടു്. ഒരു പള്ളി പണിയുകയാണെങ്കിൽ അതിനുവേണ്ട സ്ഥലവും കഴിവുപോലെ മറ്റു എല്ലാവിധ സഹായങ്ങളും നല്കികൊള്ളാമെന്നു് കൂടക്കച്ചിറ കുടുംബക്കാർ വാക്കുകൊടുത്തു. അതെ അവസരത്തിൽ അച്ചൻ പരരാജ്യത്തുള്ള തന്റെ സുഹൃത്തുക്കളെ ഈ വിവരങ്ങൾ അറിയിക്കുന്നുണ്ടായിരുന്നു. പയ്യംപള്ളിയിലെ പള്ളിയുടെ ആവശ്യം കേട്ടു് അമേരിക്കയിലെ തീക്ഷ്ണമതികളായ രണ്ടു വനിതകൾ 80 ഡോളർ സംഭാവനചെയ്തു. അക്കാലത്തു് ചെറിയ ഒരു കപ്പേള പണിയുവാൻ പ്രസ്തുത തുക പര്യാപ്തമായിരുന്നു. കൂടതോളം വീട്ടുകാർ 1942—ാംമാണ്ടോടുകൂടി അവിടെ കുടിയേറ്റം നടത്തിക്കഴിഞ്ഞു. വാസ്തവത്തിൽ ഇവരുംകൂടെ വന്നുചേർന്നതോടെയാണു് പയ്യംപള്ളി ശരിക്കും കണ്ണു തുറന്നതു്. അവർ കാടുകൾ വെട്ടിത്തെളിച്ചു കൃഷിയിറക്കി. കാട്ടുമൃഗങ്ങളോടു മല്ലടിച്ചു അവയെ തുരത്തി. മലംപനിയേയും നേരിട്ടന്നതിൽ അവർ ഭീരുക്കളായില്ല. പരിശ്രമശാലികളെന്നു് പണ്ടേ പ്രഖ്യാതരായിത്തീർന്നിട്ടുള്ള നസ്രാണിക്രിസ്ത്യാനികളുടെ ഈ വീരസന്താനങ്ങളുടെ ധീരോദാത്തമായ സമരചരിത്രം കണ്ണീരിൽ കുതിർന്നതും കോരിത്തരിപ്പുളവാക്കുന്നതുമാണു്. അവരിൽ പലരും ഈ സമരത്തിൽ ജീവിതം അവസാനിപ്പിച്ചു. ഒരു വീട്ടിൽതന്നെ ചിലപ്പോൾ ഒന്നോരണ്ടോ മരണങ്ങൾ ഉണ്ടാകുന്നതു് ഒരസാധാരണ സംഭവമല്ലാതായിത്തീർന്നു. മരിച്ചവരെ സംസ്കരിക്കുക, രോഗികൾക്കു മരുന്നും മറ്റു ശുശ്രൂഷകളും ചെയ്യുക എന്നിവയല്ലാതെ മറ്റുമാത്രമില്ലാതെവന്ന അവസരങ്ങൾ അത്ര വിരളമായിരുന്നില്ല. ഒന്നാലോചിച്ചുനോക്കൂ; മൃതശരീരം മറവുചെയ്യുന്നതിനു് സിമിത്തേരിയിലേയ്ക്കു കൊണ്ടുപോകുവാൻ പെട്ടിയും അതിനുള്ള ആളുകളുമില്ലാതെ ശവശരീരത്തിനു ചുറ്റുമായി മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരി

ക്കുന്ന കാഴ്ച എത്ര മനോഹരമാണ്! തന്റെ രണ്ടു മക്കളും മരിച്ചു സംരക്ഷണത്തിനിന്നാരുമില്ലാതെ ഗവണ്മെന്റിൽ നിന്നു കിട്ടുന്ന അനാഥർക്കുള്ള പെൻഷൻകൊണ്ടു മാത്രം ജീവിക്കുന്ന ഒരു വൃദ്ധൻ ഇപ്പോഴും ഇവിടെയുണ്ട്.

കോളനിക്കാരുടെ ഈ സ്ഥിതിവിശേഷം 1947 വരെ നീണ്ടുനിന്നു. ഗത്യന്തരമില്ലാതെവന്ന ചിലരൊക്കെ സ്വന്തം നാട്ടിലേയ്ക്കു തിരിച്ചുപോയി.



ആരാധനാമഠം


പ്രസർഫിയോ തിരുമേനി

അതിനിടയ്ക്കാണ് മംഗലാപുരം സെൻറ് അലോഷ്യസ് കോളജിൽ കാൽ ശതാബ്ദക്കാലത്തോളം പ്രൊഫസറും പിന്നീട് പ്രിൻസിപ്പോളുമായി പ്രസിദ്ധി ആർജ്ജിച്ചിരുന്ന റവ. ഫാദർ പ്രസർഫിയോ കോഴിക്കോട്ട ശ്രുപതയുടെമെത്രാനായി അഭിഷേകം ചെയ്യപ്പെട്ടത്. വന്ദ്യ തിരുമേനിയുടെ സ്ഥാനാരോഹണം മലബാർ കൂടിയേറ്റക്കാർക്ക് വലിയൊരു അനുഗ്രഹമായി. അത്രമാത്രം അദ്ദേഹം സാധുകർഷകരെ സ്നേഹിച്ചു. പയ്യമ്പള്ളിയുടെ കാര്യത്തിലും തിരുമേനി അതീവ ശ്രദ്ധാലുവായിരുന്നു. ബ. ബർബാസ്സോ അച്ചൻ വിശ്രമാർത്ഥം മാനന്തവാടിയിൽനിന്ന് ചാലിൽപള്ളിയിലേക്കു സ്ഥലംമാറിയപ്പോൾ, റവ. ഫാദർ ഡിസിൽവായെ മാനന്തവാടി വികാരിയായും ബ. കുത്തൂരച്ചനെ അസിസ്റ്റന്റിയായും വന്ദ്യ തിരുമേനി നിയമിച്ചു. ഈ രണ്ടു ബ. അച്ചന്മാരും പയ്യമ്പള്ളിയുടെ വളർച്ചയ്ക്കുവേണ്ടി വളരെയേറെ ബുദ്ധിമുട്ടിയിട്ടുണ്ട്.

ബ. കുത്തൂരച്ചൻ, സ്കൂൾ പണിയുന്ന കാര്യത്തിൽ പ്രത്യേകം താല്പര്യം കാണിച്ചു. ആദ്യത്തെ സ്കൂൾ ജീർണ്ണിച്ചു നിലം പതിക്കാറായിരുന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചും കൊണ്ടിരുന്നു. പുതിയ ഒരു വിദ്യാലയം അദ്ദേഹം നിർമ്മിച്ചു. ഗവണ്മെന്റിന്റെ അംഗീകാരവും വാങ്ങി.

പ്രകൃതിയുടെ വികൃതി

പക്ഷേ പ്രകൃതിയുടെ വികൃതിത്തരം കുറഞ്ഞുകൊണ്ടിരുന്നു. പട്ടിണിയും ദാരിദ്ര്യവും പനിയും തണുപ്പും വർഷകാലത്തെ കൊടുങ്കാറ്റും വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. ഇതിനിടയ്ക്ക് കഷ്ടപ്പെട്ട വേലചെയ്യണ്ടാക്കുന്ന കൃഷിയിനങ്ങളെല്ലാം കാട്ടുമൃഗങ്ങൾ നശിപ്പിക്കുകയും ചെയ്തു! ബ. കുത്തൂരച്ചൻ വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു പണിതീർത്ത സ്കൂൾകെട്ടിടവും കാറ്റും മഴയും ഏറ്റു പരുങ്ങലിലായിത്തുടങ്ങി. സ്കൂളിൽ വരുന്ന കുട്ടികളുടെ സ്ഥിതിയും അതുപോലെതന്നെ! അന്നു സ്കൂളിന്റെ പ്രഥമാദ്ധ്യാപകനായിരുന്ന നിരവധി ജോൺമാസ്റ്റർ അക്കാലത്തു തനിക്കുണ്ടായ ഒരു അനുഭവം ഈയിടെ പറയുകയുണ്ടായി. പട്ടിണിയും മുട്ടുമഴയും കൊടുംതണുപ്പും കൊടുംകാറ്റും ഉഗ്രമായിരുന്ന ഒരു കർക്കടകമാസം. ഒരു ദിവസംക്ലാസ്സിൽ ഹാജരായിരുന്നതു വെറും ആറു വിദ്യാർത്ഥികളാണ്. അതിൽ ഒരു അടിയാകുട്ടിയെഴുതിച്ചുള്ള അഞ്ചുകുട്ടികളും പനി പിടിപെട്ട് ക്ലാസ്സിൽ തളർന്നുവീണു. മറ്റാരും സഹായത്തിനില്ലാഞ്ഞിട്ട് ആ അദ്ധ്യാപകൻ തന്നെ




പള്ളിമേട

ഓരോ കുട്ടിയേയും സ്വന്തം തോളുകളിൽ കിടത്തി അവരവരുടെ വീടുകളിൽ എത്തിച്ചു. ഇത്തരം ദാരുണസംഭവങ്ങൾ പലതും പലപ്പോഴും ഉണ്ടായിട്ടുണ്ട്.

പക്ഷേ അന്ധകാരം എത്ര കട്ടപിടിച്ചതായാലും നല്ലവനായ ദൈവം മനോഹരമായ പ്രഭാതം പ്രദാനം ചെയ്യാതിരിക്കയില്ല. രാവിനൊരു പകലും മഴയ്ക്കൊരു വെയിലും കൊടുക്കുന്ന അവിടുന്നു പയ്യമ്പള്ളിയേ

ളും വെളിച്ചത്തിലേക്കാനയിച്ചു. ആളുകൾ പിന്നെയും പിന്നെയും പ്രവേശിച്ചുകൊണ്ടിരുന്നു. കാടെല്ലാം വെട്ടിത്തെളിച്ചു. പുഴയ്ക്കുള്ളും തോടുകളുമുള്ള പ്രദേശങ്ങളെല്ലാം വയലുകളായി. വന്യമൃഗങ്ങൾ ഒന്നുക്കൂടാതെ ഓടിയൊളിച്ചു. മലമ്പനിയും കുറഞ്ഞു. കാലാവസ്ഥതന്നെ ആകെപ്പാടെ മാറി. എല്ലാംകൊണ്ടും ഒരു ''വെട്ടവും വെളിച്ചവും'' ജീവനും കൈവരാൻ തുടങ്ങി. എങ്കിലും കഷ്ടപ്പാടിനു ഒരു കുറവുമില്ല.


ഉൾപ്രദേശത്തുള്ള 2ഏക്കർ സ്ഥലം കുടക്കച്ചിറ ശ്രീ മാത്യു ദാനമായി നല്കുകയുണ്ടായി. ആ സ്ഥലത്ത് സൗകര്യപ്രദമായ ഒരു ഷെഡ് നിർമ്മിക്കുകയും അതു താല്ക്കാലിക പള്ളിയായി ഉപയോഗിച്ചുകൊണ്ട് എല്ലാ ഞായറാഴ്ചയും കൃത്യമായി ദിവ്യബലി അർപ്പിക്കുകയും ജനങ്ങളെ ആദ്യമായി ഇടവകാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ചെയ്തു.



ഡിസ്പൻസറി

പുതിയ വെളിച്ചം

ഈ സന്ദർഭത്തിലാണ്, ഇപ്പോൾ മാനന്തവാടി ഫൊറോനാപള്ളിവികാരിയായിരിക്കുന്ന വെരി. റവ. ഫാദർ ജോർജ്ജ് കഴിക്കച്ചാലിൽ അവർകൾ, മാനന്തവാടി ലത്തീൻപള്ളിയിലെ കൊച്ചച്ചനായി വന്നു ചേർന്നത്. മാനന്തവാടിക്കുചുറ്റുമുള്ള കുടിയേറ്റ കോളനികളിൽ അദ്ദേഹം അതീവതല്പരനായി. പയ്യംപള്ളിയുടെ കാര്യം അദ്ദേഹം പ്രത്യേകം കണക്കിലെടുത്തു. ആ പ്രദേശത്തിന്റെ പോരായ്മകളും ആളുകളുടെ കഷ്ടപ്പാടും ബ. അച്ചൻ ശരിക്കും മനസ്സിലാക്കി. സൃഷ്ടിപരമായ ഓരോ പരിപാടിയുമായി അച്ചൻ മുമ്പോട്ടുവന്നു. ജനങ്ങളും പ്രവർത്തനസന്നദ്ധരായി. ആദ്യമായി സ്കൂൾകെട്ടിടം വിപുലപ്പെടുത്തുകയും അതിന് എല്ലാസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.



സ്കൂൾ

ആളുകൾ വർദ്ധിച്ചുവന്നതോടുകൂടി വലിയ ഒരു പള്ളി അത്യന്താപേക്ഷിതമായിത്തീർന്നു. പുതിയപള്ളി കുറെക്കൂടി മെച്ചപ്പെട്ട ഒരു സ്ഥാനത്തായിരിക്കണമെന്ന് നിശ്ചയിച്ചു. അതിനായി ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥാനം തിരഞ്ഞെടുക്കുകയും ചെയ്തു. ബ. അച്ചന്റെ പരിശ്രമഫലമായി ആ സ്ഥാനവും പരിസരവും

ഇതുവരെ അഞ്ചുക്ലാസ്സുകൾ മാത്രമുണ്ടായിരുന്ന സെന്റ് കാതറൈൻ സ്കൂളിനെ ഒരു ഹൈയർ എലിമെന്ററി ആക്കുവാനുള്ള ബ. കഴിക്കച്ചാലിലച്ചന്റെ ശ്രമം 1953–ൽ സഫലമായി. 6–ംതരം തുറന്നതോടുകൂടി അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും എണ്ണം വർദ്ധിക്കുകയും കൂടുതൽ സൗകര്യാർത്ഥം സ്കൂളിനാവശ്യമായ ഒരു കെട്ടിടംകൂടി നിർമ്മിക്കുകയും ചെയ്തു. ഈ കെട്ടിടനിർമ്മാണത്തിനാവശ്യമായ മുഴുവൻ തടികളും കുടക്കച്ചിറ കുടുംബക്കാർ പള്ളിക്കു സംഭാവന ചെയ്യുകയാണുണ്ടായത്. അധ്യാപകർക്കു താമസിക്കുവാൻ സൗകര്യപ്രദമായ ഒരു ലോഡ്ജും ബ. ജോർജച്ചൻ തയ്യാറാക്കി. പയ്യംപള്ളിയിൽ കൃഷിചെയ്യുണ്ടാക്കുന്ന കാർഷിക വിഭവങ്ങൾ മാനന്തവാടിയിലെത്തിക്കുവാൻ അന്നു യാതൊരു വാഹനസൗകര്യവും ഉണ്ടായിരുന്നില്ല. പയ്യംപള്ളിനിവാസികളായ നാനാജാതിമതസ്ഥരെ സ

ഹകരിപ്പിച്ച് ബ. ജോർജച്ചൻ വെട്ടിച്ച റോഡാണ് പിന്നീടവന്ന ബ. കരിങ്ങാട്ടിലച്ചന്റേയും ഇന്നത്തെ വികാരിയായ ബ. ആറുപറയിലച്ചന്റേയും അശ്രാന്തപരിശ്രമഫലമായി ഇന്ന് ഒന്നാംതരം രാജപാതയായിത്തീർന്നിരിക്കുന്നു. മാനന്തവാടിയിൽ താമസിച്ചുകൊണ്ട് പയ്യംപള്ളിയുടെ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങളെ ഏതാണ്ട് രണ്ടുവർഷക്കാലത്തേക്ക


ബ. ജോർജ്ജച്ചൻ നിർവിഘ്നം നടത്തിക്കൊണ്ടിരുന്ന പ്രവർത്തനരംഗം വിസ്തൃതമായതോടുകൂടി പയ്യംപള്ളിക്ക് ഒരു സ്ഥിരം വൈദികന്റെ സേവനം അത്യന്താപേക്ഷിതമായി ഈ സന്ദർഭത്തിൽ അനുഭവപ്പെട്ടു. വൈദികമന്ദിരത്തിന്റെ പ്രാരംഭപണികൾ ആരംഭിച്ചു.

പുതിയ ഇടവക


1955ൽ പയ്യംപള്ളിയെ ഒരു പ്രത്യേക ഇടവകയായി തലശ്ശേരിരൂപതയുടെ വന്ദ്യമെത്രാനച്ചൻ നിശ്ചയിക്കുകയും, കോതമംഗലംരൂപതയിൽനിന്നു മലബാർ കത്തോലിക്കർക്കുവേണ്ടി അധ്വാനിക്കുവാൻ വന്ന റവ. ഫാദർ തോമസ് കരിങ്ങാട്ടിൽ അവർകളെ പുതിയ ഇടവകയുടെ വികാരിയായി നിയമിക്കുകയുംചെയ്തു. പുതിയ സ്ഥലത്തെത്തിയ അദ്ദേഹം ഒരു നിമിഷംപോലും കളയാതെ തന്റെ പ്രവർത്തനമാരംഭിച്ചു. മാനന്തവാടിയിൽ താമസിച്ചുകൊണ്ട് ഏതാണ്ട് 6മാസക്കാലത്തെ പരിശ്രമഫലമായി പയ്യംപള്ളിയിൽ സൗകര്യപ്രദമായ ഇന്നുകാണുന്ന പള്ളിമേടയും ബ.തോമാച്ചൻ പണികഴിപ്പിച്ചു. വർദ്ധിച്ചുവന്ന കുട്ടികളുടെ ആവശ്യത്തിനുവേണ്ടി സ്കൂൾകെട്ടിടം വീണ്ടും വിപുലമാക്കി.

ആരാധനമഠം

ഇടവകയുടെ ആദ്ധ്യാത്മിക പുരോഗതിയ്ക്കും ബാലികബാലന്മാരുടെ സ്വഭാവ രൂപവല്ക്കരണത്തിനും ബ. സ്തേപ്പാനോസിന്റെ നേതൃത്വത്തിൽ പയ്യംപള്ളിയിൽ വന്നു അന്നത്തെ അദ്ധ്യാപകലോഡ്ജിൽ താമസിച്ചുകൊണ്ട് സ്കൂളിൽ അദ്ധ്യാപകജോലി ആരംഭിച്ചു. പള്ളിയിൽ കുട്ടികളെ വേദോപദേശം പഠിപ്പിക്കാനും തുടങ്ങി. ഇന്നു പ്രസ്തുത സ്ഥാനത്ത് മനോഹരമായ ഒരു കന്യകാമഠം കാണാം. ഈ സന്യാസിനിഭവനത്തിൽ 7 അംഗങ്ങളുണ്ട്.



പുതിയസ്കൂൾകെട്ടിടം



പള്ളിവക കെട്ടിടങ്ങൾ

ഇടവകപ്പള്ളിയുടെ സാമ്പത്തികാഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ട് ബ. അച്ചൻ പള്ളിവക സ്ഥലത്ത് പല കെട്ടിടങ്ങൾ പണിയിക്കുകയും കെട്ടിടങ്ങളുടെ വാടക പള്ളിക്ക് സ്ഥിരം വരുമാനമായി വരുത്തുകയും ചെയ്തു. ഒരു നല്ല ദേവാലയം പണിയുവാനുള്ള പ്രാരംഭ ഒരുക്കങ്ങളെല്ലാം ബ. തോമ്മാച്ചൻ ചെയ്തു.

1957–ൽ ബ. കരിങ്ങാട്ടിലച്ചൻ നടവയൽ വികാരിയായി മാറിയപ്പോൾ റവ. ഫാദർ ഫ്രാൻസിസ് ആറുപറയിൽ അവർകൾ പയ്യംപള്ളി വികാരിയായി നിയമിതനായി. അദ്ദേഹവും തന്റെ മുൻഗാമികളുടെ സംരംഭങ്ങളെ പിൻതുടർന്ന് പയ്യംപള്ളി ജനതയെ മുന്നോട്ടു നയിക്കാൻ ബദ്ധശ്രദ്ധനായി. ഇടവകയുടെ ആദ്ധ്യാത്മികവും സാമൂഹികവും സാമ്പത്തികവുമായ ഭദ്രതയ്ക്കും ഉയർച്ചയ്ക്കും ഇപ്പോഴും അദ്ദേഹം വിവിധ പ്രവർത്തനങ്ങൾ വിജയപ്രദമായിനടത്തിക്കൊണ്ടിരിക്കയാണ്. സ്കൂൾകെട്ടിടങ്ങൾ വീണ്ടും വിപുലമാക്കി കുട്ടികളുടെ വിദ്യാഭ്യാസസൗകര്യം സുഗമമാക്കുക ബ. അച്ചന്റെ ഒരു പ്രധാന പരിപാടിയാണ്.

ഒറ്റനോട്ടത്തിൽ

പൊതുവെ പറഞ്ഞാൽ വയനാട്ടിലെ മെച്ചപ്പെട്ട ഒരു കത്തോലിക്കാകേന്ദ്രമായി വളരാൻ വയനാടിന്റെ സോദരികളുടെ സേവനം ഒരനുഗ്രഹമാണല്ലൊ. ബ. വികാരിയച്ചന്റെ ശ്രദ്ധ അക്കാര്യത്തിലേയ്ക്കു തിരിഞ്ഞു. അദ്ദേഹം പയ്യംപള്ളി സ്കൂളിനടുത്തുള്ള സ്ഥലം മഠത്തിനായി കിട്ടിയാൽകൊള്ളാമെന്നാഗ്രഹിച്ചു. അതു മനസ്സിലാക്കി ഉദാരമതികളായ കുടക്കച്ചിറക്കുടുംബക്കാർ ആ സ്ഥലം മഠത്തിനുവേണ്ടി ദാനംചെയ്തു. താമസിയാതെ മാനന്തവാടിയിൽനിന്നും മൂന്നു കന്യാസ്ത്രീകൾ ബ. സ്റ്റെല്ലാമ്മയുടെ നേതൃത്വത്തിൽ പയ്യംപള്ളിയിൽ വന്നു അന്നത്തെ അദ്ധ്യാപകലോഡ്ജിൽ താമസിച്ചുകൊണ്ട് സ്കൂളിൽ അദ്ധ്യാപകജോലി ആരംഭിച്ചു. പള്ളിയിൽ കുട്ടികളെ വേദോപദേശം പഠിപ്പിക്കാനും തുടങ്ങി. ഇന്നു പ്രസ്തുത സ്ഥാനത്ത് മനോഹരമായ ഒരു കന്യകാമഠം കാണാം. ഈ സന്യാസിനിഭവനത്തിൽ 7 അംഗങ്ങളുണ്ട്.

ആദ്യപുത്തിയായ പയ്യംപള്ളിക്കു സാധിച്ചിരിക്കയാണു്. ചുരുങ്ങിയൊരുകാലംകൊണ്ടു് പയ്യംപള്ളി ജനത നേടിയെടുത്ത നേട്ടങ്ങൾ അസൂയാർഹങ്ങളാണു്. കത്തോലിക്കരോടൊപ്പം മറ്റു ക്രിസ്ത്യീയസഹോദരങ്ങളും ഹിന്ദുക്കളും മുസ്ലീംഗളും ഒന്നുചേർന്നു് നാടിന്റെ പുരോഗതിക്കുവേണ്ടി സൗഹാർദ്ദതയോടെ പ്രവർത്തിക്കുന്നു. യോജിപ്പോടെ ഓരോ കാര്യത്തിലും ഏർപ്പെടുന്ന പയ്യംപള്ളിക്കാർ മറ്റു കോളനികൾക്കു മാതൃകയാവണം. സാമ്പത്തികമായും ഈ നാടു് ഒരുവിധം നേരെ നില്ക്കാറായിട്ടുണ്ടു്. വലിയ ധനവാന്മാരൊന്നുമില്ലെങ്കിലും സാമാന്യം സാമ്പത്തികഭദ്രതയുള്ള പലരും ഇവിടെയുണ്ടു്. നെല്ലു്, തെരുവ, കാപ്പി, കപ്പ മുതലായവയാണു് പ്രധാന ധനാഗമമാർഗ്ഗങ്ങൾ. റബറും കുരുമുളകും ഉണ്ടു്. ജീവിതത്തിന്റെ എല്ലാ രംഗത്തും ശോഭിക്കുന്ന വ്യക്തികളും ഇവിടെയുണ്ടു്. പയ്യംപള്ളിക്കു് അനുയോജ്യമായ ഒരു ദൈവാലയവും ഒരു ഹൈസ്കൂളും ഉണ്ടാവുകയാണു് അടിയന്തിരമായ രണ്ടാവശ്യങ്ങൾ. അതിനുള്ള എല്ലാ ഒരുക്കങ്ങളും പിന്നണിയിൽ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നുമുണ്ടു്.

മാനന്തവാടിപ്പട്ടണത്തിൽനിന്നു നാലു മൈൽ കിഴക്കുമാറി കിടക്കുന്ന ഈ പയ്യംപള്ളി അനതിവിദൂരഭാവിയിൽ ഒരു കൊച്ചു പട്ടണമാകാനുള്ള എല്ലാ സാധ്യതകളും ഉണ്ടു്. ഇപ്പോൾത്തന്നെ മാനന്തവാടിയിലേയ്ക്കും വയനാടിന്റെ നാനാഭാഗങ്ങളിലേയ്ക്കും സൗകര്യപ്രദമായ റോഡുകൾ ഉണ്ടു്. ഇനി ബസ്സ്ലയിനും വിദ്യുച്ഛക്തിയും കിട്ടിയാൽ വ്യാവസായികമായും സാമൂഹികമായും സാംസ്കാരികമായും പയ്യംപള്ളി കുതിച്ചുയരും. ഗവണ്മെന്റിന്റേയോ വൻപണക്കാരുടേയോ കാര്യമായ യാതൊരു പിൻതുണയും കൂടാതെ, അധ്വാനിക്കുന്ന കഷ്കമക്കൾ തന്നെ വിയത്തൊലിച്ചു കഷ്ടപ്പെട്ടതിന്റെ കനകഫലമാണു് ഇന്നീ ദൃശ്യമായിരിക്കുന്നതു്! നിരന്തരമായ പരിശ്രമവും പ്രാർത്ഥനയും അവരെ രക്ഷിച്ചു. അതോടൊപ്പം പതിതപ്രിയരായ നാലഞ്ചു വൈദികരുടെ നിസ്വാർത്ഥസേവനവും.

അടുത്തതിൽ:

ഇരിട്ടിയുടെ പ്രകാശം

എട്ടർ

Phone: 245

എൻ. സദാനന്ദ പൈ & കമ്പനി

★ HARDWARE & PAINT MERCHANTS ★

തലശ്ശേരി

ഞങ്ങളുടെവശം എട്ടുപ്പ്നിർമ്മാണങ്ങൾക്കാവശ്യമുള്ള എല്ലാത്തരം ഇരുമ്പു്, ഉരുക്കു് സാമാനങ്ങളും വളരെ ആദായത്തിൽ വില്പാനുണ്ടു്.

–വിജാവരി, സ്ക്രൂ, നട്ടു്, ബോൾട്ടു്, എല്ലാത്തരം പെയിൻറു്, വാർണിഷു് ആസ്ബെസ്റ്റോസ് പലക, പൈപ്പു്, G. I. പൈപ്പു് മുതലായവയും–

പാത്രങ്ങൾ നിർമ്മിക്കുവാനുള്ള ചെമ്പുപലകയും എപ്പോഴും സ്റ്റോക്കുണ്ടു്.

ഞങ്ങൾ ഗവണ്മെൻറിനാൽ ഇരുമ്പിനും ഉരുക്കിനും റജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റോക്കിസ്റ്റുംമാരുംകൂടിയാകുന്നു.

സ്കൂൾ സംബന്ധമായ ഫാറങ്ങൾ, പുസ്തകങ്ങൾ,
ചോദ്യക്കടലാസ്സുകൾ എന്നിവയ്ക്കും
മറ്റ് എല്ലാവിധ അച്ചടി വേലകൾക്കും
സമീപിക്കുക

അമലാ പ്രിൻറിങ്ങ് വർക്ക്സ്

അമലാപുരി ★ കോഴിക്കോട്ട് - 1.

തയ്യാറായിരിക്കുന്നു

പുതിയ കുർബ്ബാനക്രമം (പരിഷ്കരിച്ച രണ്ടാംപതിപ്പ്)

നല്ല വെള്ളക്കടലാസ്—കൂടുതൽ പേജുകൾ—മനോഹരമായ പുറംചട്ട!
ആകർഷകമായ കമ്മീഷൻ വില 18 നപ,

പുതിയ തക്സാ

പുതിയ തക്സാ പലതരത്തിൽ മനോഹരമായി ബയൻറുചെയ്തു
തയാറാക്കിയിട്ടുണ്ട്

ഉടനെ സമീപിക്കുക!

മെത്രാസനമന്ദിരം
തലശ്ശേരി.

അല്ലെങ്കിൽ

സെൻറ് ജോസഫ്സ് പ്രസ്സ്
മാനന്തവാടി P. O.
വയനാട്ട്.

Printed and published by Fr. Narikuzhy at The St. Joseph's Press Mananloddy. P. o.
Wynad: Kerala State for the Diocese of Tellicherry, Cum Permissu. Editor-Very Rev. Fr. G. Kazhikachalil.